# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കാസറഗോഡ് മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

നഗരസഭാ ഓഡിറ്റ് കാര്യാലയം

കാസർഗോഡ്-671121

ഇ-മെയിൽ: mlksd.ksad@kerala.gov.in

ഫോൺ : 04994-230051

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.എസ്.എം2/455/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
കാസർഗോഡ്-671121
തീയ്യതി: 03/01/2024
ഇ-മെയിൽ: mlksd.ksad@kerala.gov.in
ഫോൺ: 04994-230051

ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
കാസറഗോഡ് മുനിസിപ്പാലിറ്റി

സർ,

**വിഷയം : കാസറഗോഡ് മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാസറഗോഡ് മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1. അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
4. ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് (അർബൻ) തിരുവനന്തപുരം (ഉപരിപത്രം സഹിതം)
5. ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, കാസറഗോഡ്
6. കാര്യാലയ പ്രതി.

നമ്പർ: കെ.എസ്.എ.കെ.എസ്.എം2/455/2023 തീയ്യതി: 03/01/2024

## കാസർഗോഡ് ജില്ലയിലെ കാസറഗോഡ് മുനിസിപാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

കാസർഗോഡ് ജില്ലയിലെ കാസറഗോഡ് മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 54 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അനിൽകുമാർ.സി | ഡെപ്യൂട്ടി ഡയറക്ടർ | 17-04-2023 | 26-05-2023 |
| ശ്രീ. സുധീഷ് എം.പി | ഡെപ്യൂട്ടി ഡയറക്ടർ (ഇൻചാർജ്ജ്) | 27-05-2023 | 07-06-2023 |
| ശ്രീ. റാംമനോഹർ വി.കെ | ഡെപ്യൂട്ടി ഡയറക്ടർ | 08-06-2023 | 30-06-2023 |
| ശ്രീ. സുധീഷ് എം.പി | ഡെപ്യൂട്ടി ഡയറക്ടർ (ഇൻചാർജ്ജ്) | 01-07-2023 | 18-07-2023 |
| ശ്രീ. മാത്യു ജേക്കബ് | ഡെപ്യൂട്ടി ഡയറക്ടർ | 19-07-2023 | 22-12-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-04-2023 | 22-12-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

പേര് തസ്തിക കാലയളവ്

ശ്രീ. സുധീഷ് എം. പി, ഓഡിറ്റ് ഓഫീസർ, 17.04.2023 മുതൽ 22.12.2023 വരെ

ശ്രീ. സുധീഷ് എൻ.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ, 17.04.2023 മുതൽ 02.08.2023 വരെ

ശ്രീ. ശിവശങ്കര. കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ, 17.04.2023 മുതൽ 22.12.2023 വരെ

ശ്രീ. ഷൈജു.സി, സീനിയർ ഗ്രേഡ് ഓഡിറ്റർ, 04.08.2023 മുതൽ 22.12.2023 വരെ

ശ്രീമതി.ശരണ്യ.കെ.വി, ഓഡിറ്റർ, 15.07.2023 മുതൽ 22.12.20223 വരെ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അഡ്വ. വി.എം. മുനീർ | ചെയർമാൻ | 01-04-2022 | 31-03-2023 |
| ശ്രീ. ബിജു എസ്. | സെക്രട്ടറി | 01-04-2022 | 02-03-2023 |
| ശ്രീ. ദിലീഷ് എൻ.ഡി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-03-2023 | 05-03-2023 |
| ശ്രീ. സുരേഷ് കുമാർ എൻ | സെക്രട്ടറി | 06-03-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ. വീണ പി.എസ് | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീ.അർജുൻ | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. ദിൽന കെ.എം. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. ശ്രീജ എം.പി. | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. ധനലക്ഷ്മി എം | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. രാജാറാം കെ.കെ | മെഡിക്കൽ ഓഫീസർ/സൂപ്രണ്ട് ജനറൽ ആശുപത്രി | 01-04-2022 | 31-03-2023 |
| ഡോ.ശ്യാം സുന്ദർ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2022 | 31-03-2023 |
| ശ്രീ. മുഹമ്മദ് കുഞ്ഞി | പ്രിൻസിപ്പാൾ, ജി.എച്ച്.എസ്.എസ്. കാസറഗോഡ്. | 01-04-2022 | 31-03-2023 |
| ശ്രീ. രഞ്ജിത്ത് കുമാർ എം.വി. | ഹെൽത്ത് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ. സുധീർ ടി | മെമ്പർ സെക്രട്ടറി, സിഡിഎസ് & പ്രൊജക്ട് ഓഫീസർ, നഗരദാരിദ്ര ലഘൂകരണ സെൽ | 01-04-2022 | 02-01-2023 |
| ശ്രീ. പ്രമോദ് കുമാർ. കെ.എസ് | മെമ്പർ സെക്രട്ടറി, സിഡിഎസ് & പ്രൊജക്ട് ഓഫീസർ, നഗരദാരിദ്ര ലഘൂകരണ സെൽ | 03-01-2023 | 31-03-2023 |
| ഡോ.സ്മിത വേലായുധൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2022 | 31-03-2023 |
| ശ്രീ. ശരത്ത് ടി.വി | പട്ടിക ജാതി വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ. അനിൽകുമാർ. എ.ജി | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ. ദിലീഷ് എൻ.ഡി | നഗരസഭ എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ ജോമോൻ ടി പി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |

-

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക കണക്കുകകളിൽ എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ബാങ്കിൽ നിക്ഷേപിച്ച തുകകൾ നാളിതുവരെയായി ക്രെഡിറ്റ് ചെയ്തിട്ടില്ല. തുടർ നടപടികളിൽ വീഴ്ച | 1-1-2 |
| 4 | വാർഷിക കണക്കിലെ തുകകളും ഡിമാന്റ് രജിസ്റ്ററിൽ വരവായി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രജിസ്റ്ററുകളുടെ സൂക്ഷിപ്പിലെ അപാകതകൾ | 1-1-4 |
| 6 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല. | 1-1-5 |
| 7 | ലഡ്ജർ ബാലൻസുകൾ ബന്ധപ്പെട്ട രജിസ്റ്ററുകളുമായി പ്രതിമാസം പൊരുത്തപ്പെടുത്തുന്നില്ല. | 1-1-6 |
| 8 | കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. | 1-1-7 |
| 9 | തേയ്മാനം നിശ്ചിത നിരക്കിൽ കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ് സൂക്ഷിച്ചിട്ടില്ല. | 1-1-8 |
| 10 | നിക്ഷേപ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. | 1-1-9 |
| 11 | ആസ്തി രജിസ്റ്റർ ബാലൻസ് ഷീറ്റുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം). | 1-3 |
| 14 | ഫണ്ട് വിനിയോഗം | 1-4 |
| 15 | പദ്ധതി അവലോകനം | 1-5 |
| 16 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 1-6 |
| 17 | ക്ഷേമ പദ്ധതികൾ | 1-7 |
| 18 | ക്യാഷ് വെരിഫിക്കേഷൻ. | 1-8 |
| 19 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 20 | ആഭ്യന്തര നിയന്ത്രണം. | 1-10 |
| 21 | റദ്ദാക്കിയ രശീതി ബുക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. | 1-11 |
| 22 | നഗരസഭ വക കെട്ടിടങ്ങളുടെ വാടക – യഥാസമയം ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. | 1-12 |
| 23 | നഗരസഭയിലെ കെട്ടിടങ്ങളുടെ വാടക – വാടക സമയബന്ധിതമായി ഈടാക്കുന്നതിന് കാര്യക്ഷമമായ നിരീക്ഷണ സംവിധാനം ഇല്ല | 1-13 |
| 24 | വിനോദ നികുതി സമയബന്ധിതമായി നഗരസഭാ ഫണ്ടിൽ ഒടുക്കുന്നില്ല. | 1-14 |
| 25 | നഗരസഭയിലെ തൊഴിൽ നികുതി ഈടാക്കൽ–അപാകതകൾ | 1-15 |
| 26 | കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല | 1-16 |
| 27 | സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-17 |
| 28 | വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കുമുള്ള ലൈസൻസ്- ലൈസൻസ് പുതുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-18 |
| 29 | വസ്തു നികുതി കലക്ഷനുമായി ബന്ധപ്പെട്ട അപാകതകൾ | 1-19 |
| 30 | ലൈബ്രറി സെസ്സ് ഇനത്തിൽ പിരിച്ചെടുക്കുന്ന തുക - ലൈബ്രറി കൗൺസിലിന് ഒടുക്കുന്നതിൽ കാലതാമസം | 1-20 |
| 31 | കെട്ടിട നിർമാണ പെർമിറ്റ് ഫയൽ പരിശോധന -അപാകതകൾ | 1-21 |
| 32 | മുൻകൂർ തുക നൽകിയത് - ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല- തുക തടസ്സപ്പെടുത്തുന്നു | 1-22 |
| 33 | സാമൂഹ്യ ക്ഷേമ പെൻഷൻ വിതരണം- മരണപ്പെട്ടവരെ പട്ടികയിൽ നിന്ന് ഒഴിവാക്കിയിട്ടില്ല -പെൻഷൻ ഇനത്തിൽ അധിക ചെലവ് | 1-23 |
| 34 | നഗരസഭ ജീവനക്കാരുടെ ശമ്പള ബിൽ പരിശോധന – അധിക നിരക്കിൽ വീട്ടുവാടക ബത്ത നൽകി | 1-24 |
| 35 | കേസ് നടത്തിപ്പിന് അനുവദനീയമായ പരിധിയിൽ കൂടുതൽ വക്കീൽ ഫീസ് നൽകി | 1-25 |
| 36 | തെരുവു വിളക്ക് പരിപാലന പദ്ധതി- ലേബർ ചാർജ്ജ് നൽകിയത് - ചെലവു തുക തടസ്സപ്പെടുത്തുന്നു. | 1-26 |
| 37 | നഗരസഭയിൽ ഉപയോഗിക്കുന്ന സോഫ്റ്റ് വെയറുകളിൽ ഓഡിറ്റർ ലോഗിൻ അനുവദിച്ചിട്ടില്ല | 1-27 |

| | | |
|---|---|---|
| 38 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - കാലതാമസം ഒഴിവാക്കേണ്ടതാണ് | 1-28 |
| 39 | പട്ടിക ജാതി വികസന ഓഫീസർ നടപ്പിലാക്കിയ പദ്ധതികൾ - അപാകതകൾ | 1-29 |
| 40 | നഗരസഭയിലെ വീടുകൾക്ക് ബയോബിൻ നൽകൽ - പദ്ധതി ലക്ഷ്യപ്രാപ്തി കൈവരിച്ചില്ല | 1-30 |
| 41 | നഗരസഭയിലെ വീടുകളിൽ ജൈവമാലിന്യ സംസ്കരണ യൂണിറ്റുകൾ നൽകൽ–പദ്ധതി ആസൂത്രണത്തിൽ അപാകത | 1-31 |
| 42 | വിശപ്പ രഹിത കേരളം - പുതിയ ജനകീയ ഹോട്ടൽ ആരംഭിക്കലും നിലവിലുള്ളതിന്റെ നടത്തിപ്പ ചെലവുകളും - പദ്ധതി ലക്ഷ്യപ്രാപ്തി നേടിയില്ല | 1-32 |
| 43 | ശുചീകരണ ആവശ്യത്തിന് എസ്കവേറ്റർ വാങ്ങൽ - നിഷ്ക്രിയ ആസ്തിയായി മാറാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ് | 1-33 |
| 44 | ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ നടത്തിപ്പ് ചെലവുകൾ -സംബന്ധിച്ച് | 1-34 |
| 45 | മഴക്കാല പൂർവ്വ ശുചീകരണം - ചെലവുരേഖകൾ ലഭ്യമാക്കിയിട്ടില്ല- അനുവദിച്ച തുക തടസ്സപ്പെടുത്തുന്നു | 1-35 |
| 46 | കാസറഗോഡ് നഗരസഭ സാന്ത്വന പരിചരണ പദ്ധതി വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിക്കുന്നില്ല | 1-36 |
| 47 | ഞങ്ങളും കൃഷിയിലേക്ക് - തേനീച്ചയും തേനീച്ച കൂട് പദ്ധതി-അപാകതകൾ | 1-37 |
| 48 | ഞങ്ങളും കൃഷിയിലേക്ക് - തെങ്ങ്,കവുങ്ങ് കൃഷിക്ക് ജൈവവളം വിതരണം - അപാകതകൾ | 1-38 |
| 49 | കോക്ലിയർ ഇംപ്ലാന്റ് മെയിന്റെനൻസ്- വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല | 1-39 |
| 50 | അനുപൂരകപോഷകാഹാര വിതരണം- പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ | 1-40 |
| 51 | PMAY പദ്ധതി - 79 പേർ ഭവന നിർമ്മാണം പൂർത്തീകരിക്കാൻ ബാക്കി | 1-41 |
| 52 | ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് തനത്ഫണ്ടിലേക്ക് തിരികെ ലഭിച്ചില്ല | 1-42 |
| 53 | ജില്ലാ ആസൂത്രണ ഓഫീസിന് മുകളിൽ കോൺഫറൻസ് ഹാൾ നിർമ്മാണം-തുക നൽകിയത് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-43 |
| 54 | നഗരസഭയിലെ സ്കൂളുകളുടെ വൈദ്യുതി ബിൽ അടവാക്കൽ അപാകതകൾ | 1-44 |
| 55 | ഉപയോഗ ശൂന്യമായ വാഹനങ്ങൾ ലേലം ചെയ്ത് വിൽക്കുന്നതിന് നടപടി വൈകുന്നു | 1-45 |
| 56 | കുഴൽ കിണർ സ്ഥാപിക്കൽ - തുടർ നടപടികൾ സ്വീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല | 1-46 |
| 57 | KWA പൈപ്പ് ലൈൻ നീട്ടൽ 44.80 ലക്ഷം രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല | 1-47 |
| 58 | വാതിൽപ്പടി സേവനം - പദ്ധതി - പൂർത്തിയായില്ല | 1-48 |
| 59 | കുടിവെള്ള ടാപ്പുകളുടെ വെള്ളക്കരം ഒടുക്കൽ അപാകതകൾ | 1-49 |
| 60 | നഗരസഭാ ആസ്തികളുടെ ജി.ഐ.എസ് മാപ്പിംഗ് പ്രവൃത്തി എത്രയും വേഗം പൂർത്തീകരിക്കേണ്ടതാണ് | 1-50 |
| 61 | അംഗൻവാടികളുടെ വാട്ടർചാർജ്ജ് ഒടുക്കിയത് അവ്യക്തത പരിഹരിക്കേണ്ടതാണ് | 1-51 |
| 62 | നഗരസഭയിൽ എൽ.ഇ.ഡി തെരുവ് വിളക്ക് വാങ്ങൽ പദ്ധതി - പദ്ധതി നടപ്പാക്കിയതിൽ അപാകത | 1-52 |
| 63 | നഗരസഭയിലെ വിവിധ പദ്ധതികൾക്കായി നൽകിയ ചെലവുകളുടെ വിനിയോഗ സാക്ഷ്യപത്രം, ഫയൽ ലഭ്യമായില്ല – 63,17,407/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-53 |
| 64 | നഗരസഭ പ്രദേശത്തെ മരം മുറിയുമായി ബന്ധപ്പെട്ട - അപാകതകൾ | 1-54 |
| 65 | കേളുഗുഡ്ഡെ ഡംപിംഗ് യാർഡ്- ലെഗസി മാലിന്യ നിക്ഷേപ സൈറ്റുകൾ വീണ്ടെടുക്കുന്നതിനുള്ള പദ്ധതി - നഗരസഭ തുടർ നടപടികൾ സ്വീകരിക്കുന്നില്ല | 1-55 |
| 66 | വിദ്യാനഗർ ഇൻഡസ്ട്രീയൽ എസ്റ്റേറ്റിലെ മാലിന്യം നീക്കം ചെയ്യൽ– തുടർ നടപടികളില്ല | 1-56 |
| 67 | കാസറഗോഡ് വികസന പാക്കേജ് - വിദ്യാനഗർ സ്റ്റേഡിയം നവീകരണം പ്രവർത്തനങ്ങൾ മന്ദഗതിയിൽ | 1-57 |
| 68 | അമൃത് പദ്ധതി - പൂർത്തീകരിച്ചിട്ടില്ല | 1-58 |
| 69 | താളിപ്പടപ്പ് മൈതാനത്തിന്റെ 2022-23 വർഷത്തെ പാട്ട തുക ഒടുക്കിയത് - 2,80,750/- രൂപ തടസ്സപ്പെടുത്തുന്നു | 1-59 |
| 70 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി -പ്രതീക്ഷിത ലക്ഷ്യം കൈവരിച്ചിട്ടില്ല | 1-60 |
| 71 | ടൗൺ ഹാൾ കെട്ടിടത്തിന്റെ ടോയ്ലറ്റ് ബ്ലോക്ക് മെയിന്റനൻസ് - കോടതി ചെലവ്- പിഴ പലിശ നൽകിയത് - ഈടാക്കിയിട്ടില്ല | 1-61 |
| 72 | മിനികോൺഫറൻസ് ഹാൾ നിർമ്മാണം - കോടതി ചെലവ് , പിഴ പലിശ നൽകിയത് - | 1-62 |

| | | |
|---|---|---|
| | ഈടാക്കിയിട്ടില്ല | |
| 73 | നഗരസഭയിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല | 1-63 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പാ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരം നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി. | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ. | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ. | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |
| 4 | റസീറ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്. | |
| 5 | ബാലൻസ് ഷീറ്റ് | |
| 6 | നടപ്പാകാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കാസറഗോഡ് മുനിസിപ്പാലിറ്റിയുടെ 2023 മാർച്ച് 31 ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 19.07.2023ലെ രണ്ടാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് 20.07.2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭ സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെക്കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനു വേണ്ടിയുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യ പത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യ പത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പു ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗ നിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗര പാലിക സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിംഗ് തത്ത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**ബി. വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കാസറഗോഡ് മുനിസിപ്പാലിറ്റിയുടെ 2022-23 വർഷത്തേക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31.03.2023 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2023ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 വാർഷിക കണക്കുകകളിൽ എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരം ഉൾപ്പെടുത്തേണ്ട എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയുടെ അനുബന്ധമായി സമർപ്പിച്ചിട്ടില്ല.

ഉദാ: അനുപാതങ്ങൾ, അക്കൗണ്ട്സിന്മേലുള്ള കുറിപ്പുകൾ.

അക്രൂവൽ അക്കൗണ്ടിംഗ് സംവിധാനം അനുവർത്തിക്കേണ്ടതിന്റെ മുന്നോടിയായി സ്വീകരിക്കേണ്ട നടപടികൾ പൂർത്തിയാക്കാത്ത സാഹചര്യത്തിൽ വാർഷിക കണക്കുകകളിലും ധനകാര്യ പത്രികകളിലും താൽക്കാലികമായി ഉൾപ്പെടുത്തിയിട്ടുള്ളതും സ്ഥിരീകരിക്കാത്തതുമായ തുകകൾ സംബന്ധിച്ച് അക്കൗണ്ട് കുറിപ്പുകളിലൂടെ സെക്രട്ടറി ആവശ്യമായ വെളിപ്പെടുത്തൽ നടത്തിയിട്ടില്ല. കൂടാതെ അക്കൗണ്ട് നടപടികളിൽ പിൻതുടർന്നിട്ടുള്ള

അക്കൗണ്ടിംഗ് സ്റ്റാന്റേർഡുകൾ അക്കൗണ്ടിംഗ് റൂളുകൾ എന്നിവ സംബന്ധിച്ചും അക്കൗണ്ടിംഗ് കുറിപ്പുകളിലൂടെ സെക്രട്ടറി ആവശ്യമായ വെളിപ്പെടുത്തലുകൾ നടത്തിയിട്ടില്ല.

**1-1-2 ബാങ്കിൽ നിക്ഷേപിച്ച തുകകൾ നാളിതുവരെയായി ക്രെഡിറ്റ് ചെയ്യിട്ടില്ല. തുടർ നടപടികളിൽ വീഴ്ച**

പഞ്ചാബ് നാഷണൽ ബാങ്കിന്റെ (തനത് ഫണ്ട് അക്കൗണ്ട്, A/c. No. 49672) 2022-23ലെ ബാങ്ക് റീകൺസിലിയേഷൻ പത്രികയിൽ 31.03.2023വരെ "Cheques Deposited But Not Collected ആയി കാണിച്ച താഴെ പറയുന്ന തുകകൾ നാളിതുവരെയായി ബാങ്കിൽ വരവ് വന്നിട്ടില്ല.

| ചെക്ക് നം/തീയ്യതി | തുക |
|---|---|
| 692477/10.11.2022 | 86100 |
| 6841274/08.04.2019 | 1250 |
| 1882322/12.04.2019 | 1250 |
| 1327680/24.02.2020 | 12500 |
| 119355/27.02.2020 | 1250 |
| 5218185/27.01.2020 | 13750 |
| 2846936/13.12.2019 | 6800 |
| 412569/02.03.2020 | 1250 |
| 8820818/16.03.2020 | 23100 |
| 119354/27.02.2020 | 7800 |
| 5630637/22.05.2019 | 2500 |
| 6014632/14.10.2019 | 1250 |
| 342055/29.07.2019 | 117500 |
| 8820907/06.03.220 | 12250 |
| 002676/01.12.2022 | 28481 |

സൗത്ത് ഇൻന്ത്യൻ ബാങ്കിന്റെ (A/c. No. 13121) 2022-23ലെ ബാങ്ക് റീകൺസിലിയേഷൻ പത്രികയിൽ 31.03.2023വരെ "Cheques Deposited But Not Collected ആയി കാണിച്ച താഴെ പറയുന്ന തുകകൾ നാളിതുവരെയായി ബാങ്കിൽ വരവ് വന്നിട്ടില്ല.

| ചെക്ക് നം/തീയ്യതി | തുക |
|---|---|
| 0009/14.08.2021 | 23894 |
| 00000008539/09.04.21 | 26850 |
| 0481857/28.09.2020 | 38000 |
| 6495779/28.09.2020 | 17500 |
| 7273/24.09.2020 | 6250 |
| 03210530000/23.11.2020 | 3250 |
| 250494/23.06.2020 | 7500 |
| 151632/03.02.2021 | 7000 |
| 1269357/15.09.2020 | 4500 |
| 3667932/03.09.2020 | 5750 |
| 012092/10.09.2020 | 1250 |

**1-1-3 വാർഷിക കണക്കിലെ തുകകളും ഡിമാന്റ് രജിസ്റ്ററിൽ വരവായി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല.**

ഓഡിറ്റിന് ലഭ്യമാക്കിയ തൊഴിൽ നികുതി , ലൈസൻസ് ഫീസ് വരവ്, വാടക വരവ് , വസ്തു നികുതി എന്നിവയുടെ പത്രിക പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക ധനകാര്യ പത്രികയിലെ

തുകകളുമായി പൊരുത്തപ്പെടുന്നില്ല. ആയത് താഴെ ചേർക്കുന്നു.

| ഇനം | തുക | |
|---|---|---|
| | ഡി.സി.ബി പത്രിക പ്രകാരം | വാർഷിക ധനകാര്യ പത്രിക പ്രകാരം |
| തൊഴിൽ നികുതി (Employees) ഡിമാന്റ് | 1,40,15,750 | 1,42,42,000 |
| വാടക വരവ് (കലക്ഷൻ) | 1,92,11,948 | 1,91,33,948 |
| വാടക വരവ് (Arrear കലക്ഷൻ) | 14,82,651 | 14,25,891 |
| വസ്തു നികുതി (സെസ്സ് ഡിമാന്റ് ) | 21,15,590 | 10,92,584 |
| ഡി&ഒ ലൈസൻസ് (കലക്ഷൻ) | 28,49,545 | 53,65,570 |

**1-1-4 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രജിസ്റ്ററുകളുടെ സൂക്ഷിപ്പിലെ അപാകതകൾ**

വാർഷിക ധനകാര്യ പത്രികയിലെ നീക്കിയിരിപ്പ് തുകകൾ പരിശോധിക്കുന്നതിനായി ഡെപ്പോസിറ്റ് രജിസ്റ്റർ, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഹാജരാക്കിയിട്ടില്ല.

**1-1-5 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല.**

ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഉണ്ടോ എന്ന് പരിശോധനയ്ക്കായി ജേണൽ ബുക്ക് ഹാജരാക്കിയിട്ടില്ല. ജേണൽ ബുക്ക് ഫിസിക്കലായി സൂക്ഷിക്കുന്നില്ല എന്നാണ് അറിയിച്ചത്.

**1-1-6 ലഡ്ജർ ബാലൻസുകൾ ബന്ധപ്പെട്ട രജിസ്റ്ററുകളുമായി പ്രതിമാസം പൊരുത്തപ്പെടുത്തുന്നില്ല.**

വാർഷിക ധനകാര്യ പത്രികയിലെ ലഡ്ജർ ബാലൻസുമായി ബന്ധപ്പെട്ട വരവ് രജിസ്റ്ററുകൾ പ്രതിമാസം പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ഇവ ഓഡിറ്റ് ആവശ്യത്തിലേക്കായി തയ്യാറാക്കി വാർഷിക കണക്കിലെ തുകകൾ വർഷാന്ത്യത്തിൽ രേഖപ്പെടുത്തി സൂക്ഷിക്കുകയാണ് ചെയ്തു വരുന്നത്.

**1-1-7 കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.**

വാർഷിക ധനകാര്യ പത്രികയിലെ വിവിധ കുടിശ്ശിക തുകകളുടെ കാലപ്പഴക്കത്തിന് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

**1-1-8 തേയ്മാനം നിശ്ചിത നിരക്കിൽ കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ് സൂക്ഷിച്ചിട്ടില്ല.**

ബാലൻസ് ഷീറ്റിലെ B11 ഷെഡ്യൂളിൽ അക്യുമിലേറ്റഡ് ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ് ലഭ്യമാക്കിയിട്ടില്ല. പലയിനങ്ങളും കഴിഞ്ഞ വർഷത്തെ ഡിപ്രിസിയേഷൻ കണക്കുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | 2021-22 ലെ ഡിപ്രിസിയേഷൻ തുക | 2022-23 ലെ ഡിപ്രിസിയേഷൻ തുക | റിമാർക്സ് |
|---|---|---|---|
| Water | 5087624 | 5087624 | ഒരേ തുകയാണ് |

| | | | |
|---|---|---|---|
| Ways | | | കാണിച്ചിരിക്കുന്നത് |
| Public Lighting | 768527 | 1253041 | ഭീമമായ വ്യത്യാസം കാണുന്നു. |
| Vehicles | 910589 | 2747433 | ഭീമമായ വ്യത്യാസം കാണുന്നു. |

**1-1-9 നിക്ഷേപ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.**

വാർഷിക ധനകാര്യ പത്രിക പ്രകാരം നിക്ഷേപം ഇനത്തിൽ (Equity Share) 20,29,000/- നീക്കിയിരിപ്പുണ്ട്. എന്നാൽ ആയത് ഭൗതിക പരിശോധന നടത്തുന്നതിനായി നിക്ഷേപ സർട്ടിഫിക്കറ്റ്, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ എന്നിവ ലഭ്യമാക്കിയിട്ടില്ല.

**1-1-10 ആസ്തി രജിസ്റ്റർ ബാലൻസ് ഷീറ്റുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.**

നഗരസഭയുടെ നിലവിലെ ആസ്തികളുടെ സംരക്ഷണം സംബന്ധിച്ച് പരിശോധിച്ചതിൽ ആസ്തികൾ നമ്പറിങ് നടത്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. നിലവിൽ വാങ്ങിയ ആസ്തികളുടെ ഗ്യാരന്റി , വാറന്റി എന്നിവ സംബന്ധിച്ച് മോണിറ്ററിങ് ഇല്ല. എല്ലാ ആസ്തികൾക്കും നമ്പറിങ് നടത്തി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. നഗരസഭയിലെ മുഴുവൻ ആസ്തികളുടെയും വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ ഉൾക്കൊള്ളിക്കേണ്ടതും വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റുമായി പൊരുത്തപ്പെടുത്തേണ്ടതുമാണ്.

**1-2 ബജറ്റ്**

26.03.2022 തീയ്യതിയിലെ തീരുമാനം 1 പ്രകാരം 2022-23 വർഷത്തേയ്ക്കുള്ള മതിപ്പ് ബജറ്റും 21.03.2023ലെ തീരുമാന നമ്പർ 1 പ്രകാരം 2022-23 വർഷത്തെ പുതുക്കിയ/പരിഷ്കരിച്ച ബജറ്റും അംഗീകരിച്ചിട്ടുണ്ട്.

| | മതിപ്പ് ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 89382183 | 84625581 |
| വരവ് | 439080481 | 489503998 |
| ആകെ | 528462664 | 574129579 |
| ചെലവ് | 489309426 | 498585492 |
| നീക്കിയിരിപ്പ് | 39153238 | 75544087 |

**1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം).**

| | |
|---|---|
| മുന്നിരിപ്പ് | 9,22,39,908.04/- |
| വരവ് | 29,95,86,536/- |
| ആകെ | 39,18,26,444.04/- |
| ചെലവ് | 29,74,28,970.00/- |
| നീക്കിയിരിപ്പ് | 9,43,97,474.04/- |

**1-4 ഫണ്ട് വിനിയോഗം**

| **ഫണ്ടിനം** | **മുൻബാക്കി** | **വരവ്** | **ആകെ** | **ചെലവ്** | **നീക്കിബാക്കി/ നഷ്ടമായ തുക** |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | ഇല്ല. | 43584298 | 43584298 | 43584298 | - |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | ഇല്ല. | 5787329 | 5787329 | 5787329 | - |
| വികസന ഫണ്ട്-ടി.എസ്.പി (ACR | ഇല്ല. | 407840 | 407840 | 407840 | - |

| | | | | | | |
|---|---|---|---|---|---|---|
| പ്രകാരം) | | | | | | |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | ഇല്ല. | 24635343 | 24635343 | 24635343 | - |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | ഇല്ല. | 10903403 | 10903403 | 10903403 | - |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 30831532 | 24171864 | 55003396 | 49588809 | 5414587 |
| സാക്ഷരത | | 13088.50 | 373 | 13461.50 | -- | 13461.50 |
| അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | തൊഴിലാളികളുടെ കൂലി | 5817 | 5513337 | 5519154 | 5032123 | 946 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ്. | - | - | - | 486085 | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | പി.എം.എ.വൈ | 18162518 | 14630370 | 32792888 | 5748400 | 27044488 |
| | എസ്.ഡബ്യു.എഫ് | 8566250 | 251135 | 8817385 | 313 | 8817072 |
| | ഐഎസ്.എസ്.യു.ഐ | 5044301 | 140385 | 5184686 | 0 | 5184686 |
| | എൻ.യു.എൽ.എം | 0 | 5251192 | 5251192 | 5251192 | 0 |
| | എസ്.ഡബ്ല്യു.എ.സി.എച്ച് | 751399 | 134641 | 886040 | 120430 | 765610 |
| | ഒ.ഡി.എഫ്. | 1471178 | 44635 | 1515813 | 0 | 1515813 |
| | ഐ.സി.ഡി.എസ് | 2760277 | 3332508 | 6092785 | 848733 | 5244052 |
| | ആകെ. | 36755923 | 23784866 | 60540789 | 11969068 | 48571721 |
| ബി ഫണ്ട് | | - | 61511000 | 61511000 | 61511000 | - |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 1082010 | 29413887 | 30495897 | 30132839 | 363058 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 19106664 | 117656335 | 136762999 | 118782550 | 17980449 |
| | ട്രഷറി അക്കൗണ്ട് | 1082010 | 29413887 | 30495897 | 30132839 | 363058 |

## 1-5 പദ്ധതി അവലോകനം

**ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.**

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗീകമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം. |
|---|---|---|---|---|---|---|
| 379 | 269712799 | 214 | 140984964 | - | 165 | 56.46 |

**നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം.**

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി പ്രകാരം 2022-23 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം. | | 2022-23 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം. | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം. | അടങ്കൽ. | എണ്ണം. | ചെലവ് | |
| 1 | സെക്രട്ടറി, കാസറഗോഡ് മുനിസിപ്പാലിറ്റി. | 42 | 49879679 | 22 | 32769372 | 66% |
| 2 | അസിസ്റ്റന്റ് | 260 | 130334996 | 132 | 59069867 | 45% |

| | | | | | | |
|---|---|---|---|---|---|---|
| | എഞ്ചിനീയർ | | | | | |
| 3 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 3 | 1103736 | 1 | 376860 | 34% |
| 4 | മെഡിക്കൽ ഓഫീസർ, ആയുർവേദം | 5 | 3487204 | 5 | 3396712 | 97% |
| 5 | മെഡിക്കൽ ഓഫീസർ, ഹോമിയോ | 2 | 313500 | 2 | 313500 | 100% |
| 6 | അഗ്രികൾച്ചർ ഓഫീസർ | 6 | 6771420 | 5 | 4131723 | 61% |
| 7 | വെറ്റിനറി സർജൻ | 4 | 645000 | 4 | 644990 | 99.99% |
| 8 | പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര നിർമാർജന മിഷൻ/സെൽ. | 9 | 23653217 | 4 | 10476464 | 44% |
| 9 | പട്ടികജാതി വികസന ഓഫീസർ | 7 | 6137587 | 7 | 3801919 | 62% |
| 10 | ഹെൽത്ത് ഓഫീസർ | 14 | 25595727 | 10 | 12415871 | 49% |
| 11 | മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി. | 8 | 3698891 | 8 | 3601413 | 97% |
| 12 | പ്രിൻസിപ്പാൾ, ഗവ.ഹയർ സെക്കണ്ടറി സ്കൂൾ. | 5 | 1881588 | 4 | 1708054 | 91% |
| 13 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ. | 10 | 10666420 | 9 | 8163219 | 77% |
| 14 | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 1 | 150000 | 1 | 115000 | 77% |
| 15 | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ. | 1 | 750000 | 0 | 0 | 0% |
| 16 | മുനിസിപ്പൽ എഞ്ചിനീയർ | 2 | 4643834 | 0 | 0 | 0% |
| | **ആകെ.** | 379 | 269712799 | 214 | 140984964 | 52.27% |

2022-23 സാമ്പത്തിക വർഷം ആകെ 379 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചെങ്കിലും 214 പദ്ധതികൾ മാത്രമാണ് നടപ്പിലാക്കിയത് (56.46%). തൻവർഷം അംഗീകാരം ലഭിച്ച 260 പൊതുമരാമത്ത് പ്രവൃത്തികളിൽ 132 പ്രവൃത്തികൾ മാത്രമാണ് അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയത്. ആകെ അടങ്കൽ തുകയായ 130334996/-രൂപയിൽ 59069867/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. (ചെലവ് ശതമാനം 45.3) ഹെൽത്ത് ഓഫീസർ ആകെ അംഗീകാരം ലഭിച്ച 14 പദ്ധതികളിൽ 10 പദ്ധതികൾ മാത്രവും (ചെലവ് ശതമാനം 49). പ്രോജക്ട്

ഓഫീസർ, നഗരദാരിദ്ര നിർമാർജന മിഷൻ അംഗീകാരം ലഭിച്ച 9 പദ്ധതികളിൽ 4 പദ്ധതികൾ മാത്രവുമാണ് (ചെലവ് ശതമാനം 44) നടപ്പിലാക്കിയത് .

വ്യവസായ വികസന ഓഫീസർ അംഗീകാരം ലഭിച്ച ഒരേ ഒരു പദ്ധതിയായ സ്വയം തൊഴിൽ-സ്ത്രീകളുടെ മാത്രം ഗ്രൂപ്പ് സംരംഭങ്ങൾ പദ്ധതി നടപ്പിലാക്കിയിട്ടില്ല. മുനസിപ്പൽ എഞ്ചിനീയർ അംഗീകാരം ലഭിച്ച രണ്ട് പദ്ധതികളിൽ ഒന്നും നടപ്പിലാക്കിയിട്ടില്ല. ഈ കാര്യവും അതോടൊപ്പം മേൽ പരാമർശിച്ച നിർവ്വഹണ ഉദ്യോഗസ്ഥരുടെ കുറഞ്ഞ ചെലവ് ശതമാനവും ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ആവിഷ്കരിച്ച വികസന പദ്ധതികൾ നടപ്പാക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് ഭരണ സമിതി പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

**പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ**

അനുബന്ധം -6 ൽ ചേർത്തിട്ടുണ്ട്

**പ്രവൃത്തി പൂർത്തീകരിച്ചിട്ടും തൻ വർഷം ബില്ല് മാറാത്ത പദ്ധതികൾ**

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന പദ്ധതികൾ 2022-23 വർഷത്തിൽ തന്നെ പൂർത്തിയായെങ്കിലും ബില്ല് മാറാൻ സാധിച്ചിട്ടില്ല.

| | | | | |
|---|---|---|---|---|
| 1 | 40 | ക്കോട്ടക്കണ്ണി ക്രോസ് റോഡ് ടാറിംഗ് വാർഡ് -7 | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 200000 |
| 2 | 312 | അണങ്കൂർ പ്രീമെട്രിക്ക് ഹോസ്റ്റലിലെ ടോയ്‌ലറ്റ് അറ്റകുറ്റ പ്രവൃത്തി | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 100001 |
| 3 | 110 | സന്ധ്യാരാഗം ഓഡിറ്റോറിയം നവീകരണം | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 450000 |
| 4 | 317 | നഗരസഭ പുതിയ ബസ്സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം മേൽക്കൂര അറ്റകുറ്റ പ്രവൃത്തി | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 304000 |
| 5 | 155 | സർക്കാർ ജനറൽ ആശുപത്രി അറ്റകുറ്റ പ്രവൃത്തി നവീകരണം | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 1131220 |
| 6 | 245 | വാർഡ് 16 ജി.എൽ.പി. എസ് അണങ്കൂർ ഡൈനിംഗ് ഹാൾ കഞ്ഞിപ്പുര128 നവീകരിക്കൽ. | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 329000 |
| 7 | 260 | മുനിസിപ്പൽ ആഫീസ് റോഡ് നവീകരണം | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 2500000 |
| 8 | 449 | വാർഡ് -25 ഗാർഡൻ നഗർ മദ്രാസ്സാ റോഡ് കോൺക്രീറ്റിംഗ് പ്രവർത്തി | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 567600 |

സാങ്കേതിക കാരണങ്ങളാൽ ഉണ്ടാകുന്ന ഇത്തരം അപാകതകൾ പദ്ധതി നിർവ്വഹണത്തിനെ ദോഷകരമായി ബാധിക്കുന്നു. വരും വർഷങ്ങളിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

വരും വർഷങ്ങളിൽ അംഗീകാരം ലഭിച്ച എല്ലാ വികസന പദ്ധതികളും നടപ്പിൽ വരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഭരണ സമിതി ഉറപ്പ് വരുത്തേണ്ടതാണ്.

**വർക്കിംഗ് ഗ്രൂപ്പുകൾ.**

പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി ആവശ്യമായ പദ്ധതി നിർദ്ദേശങ്ങൾ നൽകുക എന്നതാണ് വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രധാന ചുമതല.

**വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ 2022-23 വർഷം ചേർന്ന യോഗങ്ങളുടെ എണ്ണവും പ്രധാന തീരുമാനങ്ങളും ചുവടെ ചേർക്കുന്നു.**

| ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പിന്റെ പേര്. | യോഗങ്ങളുടെ എണ്ണം. | മറ്റ് വിവരങ്ങൾ |
|---|---|---|---|
| 1. | പൊതുഭരണവും ധനകാര്യവും | 5 | ചില യോഗങ്ങളുടെ തീയ്യതി രേഖപ്പെടുത്തി യിട്ടില്ല. ചെയർമാൻ/കൺവീനർ ഒപ്പ് രേഖപ്പെടുത്തി മിനട്സ് ക്ലോസ്സ് ചെയ്തിട്ടില്ല.<br>ഓഫീസ് നടപടിക്രമങ്ങൾ ജനങ്ങൾക്ക് എളുപ്പമാക്കുന്നതിനും നഗരസഭയിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും തീരുമാനങ്ങൾ എടുത്തിട്ടുണ്ട്. |
| 2. | കൃഷിയും അനുബന്ധമേഖലകളും | 6 | കരട് പദ്ധതി നിർദ്ദേശങ്ങൾ, ഗുണഭോക്തൃപട്ടിക എന്നിവ ചർച്ച ചെയ്തിട്ടുണ്ട്. കർഷകരെ പ്രത്യേകിച്ച് യുവാക്കളെ കൃഷിയിലേക്ക് ആകർഷിക്കുന്നതിനാവശ്യമായ പദ്ധതികളുടെ രൂപീകരണം ചർച്ച ചെയ്തു. |
| 3. | മൃഗസംരക്ഷണം ക്ഷീരവികസനം. | 5 | ചെയർമാൻ/കൺവീനർ ഒപ്പ് രേഖപ്പെടുത്തി മിനട്സ് ക്ലോസ്സ് ചെയ്തിട്ടില്ല.<br>കരട് പദ്ധതി നിർദ്ദേശങ്ങൾ മൃഗപരിപാലന പദ്ധതികൾ, മൃഗാശുപത്രിയിലെ ഭൗതീക സാഹചര്യം മെച്ചപ്പെടുത്തൽ, തെരുവ് നായ ശല്യം കുറയ്ക്കൽ എന്നിവ ചർച്ച ചെയ്തു. |
| 4. | പ്രാദേശിക വികസനം. | 6 | ചെയർമാൻ/കൺവീനർ ഒപ്പ് രേഖപ്പെടുത്തി മിനട്സ് ക്ലോസ്സ് ചെയ്തിട്ടില്ല.<br>കരട് പദ്ധതി നിർദ്ദേശങ്ങൾ, |

| | | | |
|---|---|---|---|
| | | | വ്യക്തിഗത തൊഴിൽ സംരഭങ്ങൾ, യുവതീയുവാക്കൾക്ക് തൊഴിൽ പരിശീലനം എന്നിവ ചർച്ച് ചെയ്തു. കൺവീനർ വ്യവസായ വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിൽ വരുത്തേണ്ട പ്രസ്തുത പദ്ധതികൾ ഒന്നും തന്നെ നടപ്പിൽ വരുത്തിയിട്ടില്ല. |
| 5. | ദാരിദ്ര ലഘൂകരണം, ചേരി പരിഷ്കരണം. | 5 | ഒരു യോഗത്തിന്റെ തീയതി രേഖപ്പെടുത്തിയിട്ടില്ല. കരട് പദ്ധതി നിർദ്ദേശങ്ങൾ, വിപണമേള, ബാല സഭകൾ, വീട് റിപ്പയർ, പുതിയ സംരംഭങ്ങൾ നടപ്പിലാക്കൽ എന്നിവ ചർച്ച ചെയ്തു. |
| 6. | സാമൂഹ്യ നീതി. | 6 | കരട് പദ്ധതി നിർദ്ദേശങ്ങൾ, വൃദ്ധർ, കുട്ടികൾ, ഭിന്നശേഷിക്കാർ എന്നിവർക്കു വേണ്ടിയുള്ള പദ്ധതി , കുടുംബശ്രീയ്ക്ക് ധനസഹായം, അംഗനവാടികൾക്ക് കുടിവെള്ളം എന്നിവ ചർച്ച ചെയ്തു. |
| 7. | വനിതാ വികസനം. | 5 | കരട് പദ്ധതി നിർദ്ദേശം, വനിതകൾക്ക് തൊഴിൽ പരിശീലനം, വ്യക്തിത്വ വികസന ക്ലാസ്സുകൾ, ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ഡോക്ടർമാരുടെ ക്ലാസ്സുകൾ എന്നിവ നിർദ്ദേശിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| 8. | പട്ടികജാതി വികസനം. | 6 | കരട് പദ്ധതി നിർദ്ദേശം, പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തിന് ലാപ്പ്ടോപ്പ്, സ്കോളർഷിപ്പ്, പട്ടിക ജാതി കുടുംബങ്ങൾക്ക് കുടിവെള്ളം പൈപ്പ് ലൈൻ കണക്ഷൻ, പട്ടികജാതി കോളനികളുടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കൽ തുടങ്ങിയവ നിർദ്ദേശിച്ചിട്ടുണ്ട്. |
| 9. | ആരോഗ്യം | 6 | ചില യോഗങ്ങൾ ചെയർമാൻ/കൺവീനർ ഒപ്പ് രേഖപ്പെടുത്തി മിനട്സ് ക്ലോസ്സ് ചെയ്തിട്ടില്ല.<br>കരട് പദ്ധതി നിർദ്ദേശം, മരുന്ന് വാങ്ങൽ പാലിയേറ്റീവ് ചികിത്സ, ആശുപത്രികളുടെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കൽ |
| 10. | ശുചിത്വം മാലിന്യ സംസ്കരണം. | 6 | ഒരു യോഗത്തിന്റെ തീയതി രേഖപ്പെടുത്തിയിട്ടില്ല. ചില യോഗങ്ങൾ ചെയർമാൻ/കൺവീനർ ഒപ്പ് രേഖപ്പെടുത്തി മിനട്സ് ക്ലോസ്സ് ചെയ്തിട്ടില്ല.<br>കരട് പദ്ധതി നിർദ്ദേശം, ഹരിതസേനയുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ, മാലിന്യ സംസ്കരണം നടത്തൽ, റിംഗ് കമ്പോസ്റ്റ് ആധുനിക അറവുശാല പബ്ലിക്ക് ടോയ്‌ലറ്റ് എന്നിവ പ്രോത്സാഹിപ്പിക്കൽ |
| 11. | വിദ്യാഭ്യസം, കല, സംസ്കാരം കായിക യുവജനക്ഷേമം. | 5 | ഒരു യോഗത്തിന്റെ തീരുമാനം രേഖപ്പെടുത്തുകയോ ചെയർമാൻ/കൺവീനർ ഒപ്പ് രേഖപ്പെടുത്തി മിനട്സ് ക്ലോസ്സ് ചെയ്യുകയോ ചെയ്തിട്ടില്ല.<br>കരട് പദ്ധതി നിർദ്ദേശം, സ്കൂൾകെട്ടിടങ്ങളുടെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കൽ, കലാകായിക മത്സരങ്ങൾ പ്രോത്സാഹിപ്പിക്കൽ മുതലായ നിർദ്ദേശങ്ങൾ |

| | | | |
|---|---|---|---|
| | | | ഒരു യോഗത്തിന്റെ തീരുമാനം രേഖപ്പെടുത്തുകയോ ചെയർമാൻ/കൺവീനർ ഒപ്പ് രേഖപ്പെടുത്തി മിനട്സ് ക്ലോസ്സ് ചെയ്യുകയോ ചെയ്തിട്ടില്ല. |
| 12. | കുടിവെള്ളം. | 5 | കരട് പദ്ധതി നിർദ്ദേശം, കുടിവെള്ളക്ഷാമം പരിഹരിക്കൽ, പൈപ്പ്ലൈൻ അറ്റകുറ്റപ്പണി, പൊതുജലാശയങ്ങൾ ശുദ്ധീകരിക്കൽ തുടങ്ങിയ നിർദ്ദേശങ്ങൾ |
| 13. | പാർപ്പിടം | 5 | കരട് പദ്ധതി നിർദ്ദേശം, ആശ്രയ, പി.എം.എ.വൈ പദ്ധതി, വീട് റിപ്പയറിംഗ് തുടങ്ങിയ പദ്ധതി നിർദ്ദേശങ്ങൾ |
| 14 | പൊതുമരാമത്ത് | 5 | ഒരു യോഗത്തിന്റെ തീയതി രേഖപ്പെടുത്തിയിട്ടില്ല. ചില യോഗങ്ങൾ ചെയർമാൻ/കൺവീനർ ഒപ്പ് രേഖപ്പെടുത്തി മിനട്സ് ക്ലോസ്സ് ചെയ്തിട്ടില്ല.<br>കരട് പദ്ധതി നിർദ്ദേശം, വിവിധ റോഡുകളുടെ നിർമ്മാണം, റീടാറിംഗ്, കോൺക്രീറ്റിംഗ്, ഡ്രൈനേജ്, പാലം എന്നിവയുടെ നിർമ്മാണം. മുതലായ പദ്ധതി നിർദ്ദേശങ്ങൾ |
| 15 | നഗര ആസൂത്രണം | 5 | നഗരത്തിലെ പാർപ്പിട സൗകര്യം ക്രമീകരിക്കൽ, കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് നെയിം ബോർഡ് , ഫൂട്ട് ഓവർ ബ്രിഡ്ജ് എന്നിവ സ്ഥാപിക്കൽ |
| 16 | ജൈവവൈവിധ്യ മാനേജ്മെന്റ്, കാലാവസ്ഥ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം ദുരന്ത നിവാരണം | 5 | ഒരു യോഗത്തിന്റെ തീയതി രേഖപ്പെടുത്തുകയോ, ചെയർമാൻ/കൺവീനർ ഒപ്പ് രേഖപ്പെടുത്തി മിനട്സ് ക്ലോസ്സ് ചെയ്യുകയോ ചെയ്തിട്ടില്ല.<br>ദുരന്ത നിവാരണ |

| | | | |
|---|---|---|---|
| | | | ബോധവത്ക്കരണ പദ്ധതികൾ നടത്തൽ, പ്ലാസ്റ്റിക്ക് ഉപയോഗം തടയൽ, കണ്ടൽക്കാട് സംരക്ഷണം, കടൽഭിത്തി നിർമ്മാണം തുടങ്ങിയ നിർദ്ദേശങ്ങൾ |
| 17 | മത്സ്യ ബന്ധനം. | 6 | ഒരു യോഗത്തിന്റെ തീയതി രേഖപ്പെടുത്തിയിട്ടില്ല.<br>കരട് പദ്ധതി നിർദ്ദേശം, മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് ലാപ്പ്ടോപ്പ്, ഫർണിച്ചർ മുതലായവ നൽകൽ, മത്സ്യക്കൃഷി, കല്ലുമ്മക്കായ കൃഷി പ്രോത്സാഹിപ്പിക്കൽ മതുലായ നിർദ്ദേശങ്ങൾ |
| 18 | പട്ടിക വർഗ്ഗ വികസനം | 6 | കരട് പദ്ധതി നിർദ്ദേശം, പട്ടിക വർഗ്ഗ വീടുകളുടെ ഭൗതീക സാഹചര്യം മെച്ചപ്പെടുത്തൽ, എസ്.ടി വിദ്യാർത്ഥികൾക്ക് പഠനമുറി ഫർണിച്ചർ എന്നിവ നൽകൽ, സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കൽ മുതലായ നിർദ്ദേശങ്ങൾ |

മേൽപ്പറഞ്ഞ അപാകതകൾ ഒഴികെ 2022-23 വർഷത്തെ പദ്ധതി രൂപീകരണത്തിലും നിർവ്വഹണ ഘട്ടത്തിൽ മോണിറ്ററിംഗ് ഗ്രൂപ്പുകളായും വർക്കിംഗ് ഗ്രൂപ്പുകൾ ആവശ്യമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. പദ്ധതി നിർദ്ദേശങ്ങൾ മിനട്സ് ബുക്കിൽ രേഖപ്പെടുത്തുകയും പദ്ധതികൾക്ക് മോണിറ്ററിംഗ് ഗ്രൂപ്പുകളായി പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്.

**വാർഡ് സഭ**

നഗരസഭയിലെ 38 വാർഡുകളിലും കൃത്യമായ ഇടവേളകളിൽ വാർഡ് സഭ ചേർന്നിട്ടുണ്ട്. വാർഡ് സഭയിൽ വിവിധ ക്ഷേമപദ്ധതികളുടെ ഗുണഭോക്താക്കളെ തെരെഞ്ഞടുക്കുകയും പദ്ധതി അവലോകനം നടത്തുകയും ചെയ്തിട്ടുണ്ട്. വിവിധ വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ വാർഡ് സഭയിൽ ഗ്രൂപ്പ് തിരിഞ്ഞ് ചർച്ച ചെയ്യുകയും, അതാത് വാർഡിലെ മുൻഗണനാ പ്രശ്നങ്ങൾ ചർച്ച ചെയ്ത് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ആയതിന് വാർഡ് സഭ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. മുഴവൻ വാർഡുകളിലും സോഷ്യൽ ഓഡിറ്റ് ടീം രൂപീകരിച്ചിട്ടുണ്ട്. 2022-23 വർഷത്തെ വാർഡ് സഭയിൽ പ്രധാനമന്ത്രി ആവാസ് യോജന പദ്ധതിയുടെ 9-ാം മതെ DPR പ്രകാരമുള്ള ഗുണഭോക്താക്കളെ തെരെഞ്ഞെടുത്തിട്ടുണ്ട്.

**1-6 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി**

| ഇനം. | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ്. | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 5817 | 5513337 | 5519154 | 486085 | 946 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | - | - | 5032123 | |

തൊഴിലുറപ്പ് പദ്ധതിയുടെ ആകെ ഭരണ ചെലവായ 4,86,085/- രൂപ ആകെ വരവിന്റെ 8.8 ശതമാനത്തോളം വരുന്നുണ്ട് . ഭരണ ചെലവ് ആകെ ചെലവിന്റെ 6 ശതമാനത്തിൽ അധികരിക്കരുത് എന്ന പൊതു നിർദ്ദേശം

പാലിക്കപ്പെട്ടിട്ടില്ല.

**1-7 ക്ഷേമ പദ്ധതികൾ**

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | ഇല്ല | ഇല്ല |
| കർഷകതൊഴിലാളി പെൻഷൻ | 278400 | 28 |
| വിധവാപെൻഷൻ | 20706200 | 2099 |
| വാർദ്ധക്യകാല പെൻഷൻ | 31707000 | 2961 |
| വികലാംഗ പെൻഷൻ | 7194800 | 682 |
| അവിവാഹിതരായ 50 വയസ്സിനു മുകളിൽ പ്രായം ഉള്ള സ്ത്രീകൾക്കുള്ള ധനസഹായം. | 374600 | 42 |

**1-8 ക്യാഷ് വെരിഫിക്കേഷൻ.**

1994- ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന താഴെ പറയുന്ന തീയ്യതികളിൽ സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

| പരിശോധന നടത്തിയ തീയ്യതി | നീക്കിയിരിപ്പ് തുക |
|---|---|
| 22.06.2023 | 102874 |
| 06.10.2023 | 225501 |
| 29.11.2023 | 372751 |

**1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം**

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | - | - | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.12.2019 – 15.01.2020 | 2016-17- 2018-19 | 15/02/2020 |

**1-10 ആഭ്യന്തര നിയന്ത്രണം.**

സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തിന് ആഭ്യന്തര നിയന്ത്രണം കാര്യക്ഷമമാകേണ്ടതുണ്ട്. നഗരസഭയുടെ രജിസ്റ്ററുകളും മറ്റ് രേഖകളും പരിശോധിച്ചതിൽ നിന്നും ആഭ്യന്തര നിയന്ത്രണം ഫലപ്രദമല്ല

എന്നാണ് മനസിലാക്കാൻ കഴിഞ്ഞത്.

നഗരസഭാ ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും വിതരണം ചെയ്യുന്നത് ബാങ്ക് അക്കൗണ്ട് വഴിയാണ്. പെൻഷൻ കോൺട്രിബ്യൂഷനും മറ്റ് റിക്കവറികളും ഈടാക്കുന്നുണ്ട്. ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിന് ഓഡിറ്റ് വകുപ്പിൽ നിന്ന് അംഗീകാരം വാങ്ങുന്നുണ്ട്. എന്നാൽ പെൻഷൻ അപേക്ഷകൾ ഓഡിറ്റിൽ എത്തിക്കുന്നതിനും അംഗീകാരം വാങ്ങുന്നതിനും കാലതാമസം നേരിടുന്നു. സേവന പുസ്തകങ്ങളും പെൻഷൻ അപേക്ഷകളും ധാരാളം അപാകതകളോടെയാണ് ഓഡിറ്റിന് സമർപ്പിക്കുന്നത്. ഇത്തരം അപാകതകൾ കൊണ്ട് പെൻഷൻ പറ്റി പിരിയുന്ന ജീവനക്കാർക്ക് ആനുകൂല്യം ലഭിക്കുന്നതിന് ഒരു വർഷത്തിലധികം വരെ കാലതാമസം ഉണ്ടാവാറുണ്ട്. ഇക്കാരണത്താൽ പെൻഷൻ പറ്റി പിരിയുന്ന കണ്ടിജന്റ് ജീവനക്കാർക്കും റഗുലർ ജീവനക്കാർക്കും ഒരു പോലെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. കാലങ്ങളായി ആവർത്തിക്കുന്ന ഇത്തരം പാളിച്ചകൾ പരിഹരിക്കാൻ കഴിഞ്ഞില്ല എന്നത് ആഭ്യന്തര നിയന്ത്രണത്തിൽ വരുന്ന പാളിച്ചയാണ്.

ഓഫീസ് പ്രവർത്തനം സുഗമമാക്കുന്നതിനായി നഗരസഭാ സെക്രട്ടറി സ്റ്റാഫ് മീറ്റിംഗ് വിളിച്ച് ചേർക്കേണ്ടതും തീരുമാനങ്ങൾ മിനുട്സിൽ രേഖപ്പെടുത്തേണ്ടതും പ്രസ്തുത തീരുമാനങ്ങൾ നടപ്പാക്കുന്നതിൽ ശ്രദ്ധ പുലർത്തേണ്ടതുമാണ്. 2022-23 വർഷത്തിൽ ആദ്യ മൂന്ന് മാസങ്ങളിൽ ഒരു തവണ പോലും ഓഫീസ് മീറ്റിംഗ് കൂടിയിട്ടില്ല. പിന്നീട് 01.07.2022 മുതൽ ഓഫീസ് മീറ്റിംഗുകൾ ചേരുകയും ഓഫീസ് പ്രവർത്തനം സുഗമമാക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. 28.10.2022 ന് ശേഷം ഓഡിറ്റ് വർഷത്തിൽ ഓഫീസ് മീറ്റിംഗ് ചേർന്നിട്ടില്ല.

ഓഫീസ് ഉത്തരവുകൾ രേഖപ്പെടുത്തുന്നതിന് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ജീവനക്കാരുടെ ചുമതലകൾ വർഷങ്ങളായി പുനർനിർണ്ണയിച്ചിട്ടില്ല. ഇത് കാരണം ചുമതലകളിലും ഉത്തരവാദിത്തങ്ങളിലും ജീവനക്കാർക്ക് അവ്യക്തത ഉണ്ടാകുനുള്ള സാധ്യതയുണ്ട്. ജീവനക്കാർ അവധിയിൽ പോകുമ്പോൾ സെക്ഷൻ കൈമാറുകയാണ് പതിവ്. ജീവനക്കാരുടെ അവധി മൂലവും സ്ഥലം മാറ്റം മൂലവും ഉണ്ടാകുന്ന അധിക ചുമതലകൾ ഓഫീസ് ഉത്തരവ് വഴി കൈമാറുന്നുണ്ട്.

2022-23 വർഷത്തിന്റെ അവസാന ഭാഗത്ത് 06.03.2023ന് വകുപ്പ് മേധാവികളുടെയും 10.06.2023ന് ജീവനക്കാരുടെയും ചുമതലകൾ സ്പഷ്ടീകരിച്ച് ഉത്തരവ് ഇറക്കിയിട്ടുണ്ട്.

ഓഡിറ്റ് വർഷം ഫ്രണ്ട് ഓഫീസ് മോണിറ്ററിംഗ് സമിതി യോഗം കൂടിയിട്ടില്ല. ഓഫീസിന്റെ പൊതുജനങ്ങളുമായുള്ള ഇടപാടുകളിലും അവർക്ക് സേവനങ്ങൾ ലഭ്യമാക്കുന്നതിനും കാര്യക്ഷമത ഉണ്ടാവാൻ ഫ്രണ്ട് ഓഫീസ് നല്ല രീതിയിൽ പ്രവർത്തിക്കേണ്ടതുണ്ട്. ജീവനക്കാരെ റൊട്ടേഷൻ അടിസ്ഥാനത്തിൽ ഫ്രണ്ട് ഓഫീസ് ചുമതല ഏല്പിക്കേണ്ടതും ഇവരെ സഹായിക്കുന്നതിനായി ലാസ്റ്റ്ഗ്രേഡ് ജീവനക്കാരെ നിയമിക്കേണ്ടതുമുണ്ട്. ഈ കാര്യങ്ങൾ ഫ്രണ്ട് ഓഫീസ് മോണിറ്ററിംഗ് സമിതി മാസത്തിൽ ഒരിക്കൽ യോഗം ചേർന്ന് കൃത്യമായി വിലയിരുത്തേണ്ടതും സമിതിയുടെ ശുപാർശകൾ നഗരസഭ ഭരണ സമിതി യോഗത്തിൽ ചർച്ച ചെയ്യേണ്ടതുമാണ്. (സ.ഉ(കൈ)നം.123/2009 തസ്വഭവ, തീയതി 02.07.2009 കാണുക)

സ്ഥാപനത്തിലെ വിവിധ വരവ് ഇനങ്ങളുടെ കൃത്യമായ ഡിമാന്റ് കളക്ഷൻ, ബാലൻസ് എന്നിവ DCB രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി വയ്ക്കേണ്ടതാണ്. പല DCB ഇനങ്ങൾക്കും വാർഷിക ധനകാര്യ പത്രിക പ്രകാരം ഭീമമായ കുടിശ്ശിക ഉണ്ട്. DCB രജിസ്റ്ററുകൾ പൂർണ്ണമല്ലാത്തതിനാൽ ഇവയുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല. തൊഴിൽ നികുതി ട്രേഡേഴ്സ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കാത്തതിനാൽ വ്യാപാരികളിൽ നിന്നും നികുതി പിരിച്ചെടുത്തതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ എന്നിവ കാലികമല്ല.

നഗരസഭയുടെ നിലവിലെ ആസ്തികളുടെ സംരക്ഷണം സംബന്ധിച്ച് പരിശോധിച്ചതിൽ ആസ്തികൾ നമ്പറിങ് നടത്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. നിലവിൽ വാങ്ങിയ ആസ്തികളുടെ ഗ്യാരന്റി, വാറന്റി എന്നിവ സംബന്ധിച്ച് മോണിറ്ററിങ് ഇല്ല. എല്ലാ ആസ്തികൾക്കും നമ്പറിങ് നടത്തി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. നഗരസഭയിലെ മുഴുവൻ ആസ്തികളുടെയും വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ ഉൾക്കൊള്ളിക്കേണ്ടതും വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റുമായി പൊരുത്തപ്പെടുത്തേണ്ടതുമാണ്.

ഓഡിറ്റ് സമയത്ത് ആകെ നൽകിയ 54 ഓഡിറ്റ് എൻക്വയറികളിൽ 10 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചത് എന്നതും ഓഡിറ്റ് റിക്വിസിഷൻ പ്രകാരം ആവശ്യപ്പെട്ട പല രജിസ്റ്ററുകളും രേഖകളും ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല എന്നതും ആഭ്യന്തര നിയന്ത്രണത്തിന്റെ പാളിച്ചയായി വിലയിരുത്താവുന്നതാണ്.

## 1-11 റദ്ദാക്കിയ രശീതി ബുക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ 2007 ലെ ചട്ടം 74 പ്രകാരം രശീതി ബുക്കുകൾ ലഭിച്ച ഉടൻ തന്നെ എണ്ണി നമ്പറിട്ട് സ്റ്റോക്ക് ബുക്കിൽ ചേർക്കേണ്ടതാണ്. എന്നാൽ കാസറഗോഡ് നഗരസഭയിലെ നികുതി പിരിവിനാവശ്യമായ 500 രശീതി ബുക്കുകൾ (സ്പെസിഫിക്കേഷൻ 50*2 പേജ് കന്നട/മലയാളം) വാങ്ങുന്നതിനായി ക്വട്ടേഷൻ ക്ഷണിക്കുകയും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. ഗണേഷ് പ്രിന്റിംഗ് പ്രസ്സ് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ച് സപ്ലൈ ഓർഡർ നൽകുകകയും ചെയ്തിട്ടുണ്ട്. ആയത് സ്റ്റോക്ക് രജിസ്റ്റർ പേജ് നം 37ൽ വരവ് വെച്ചിട്ടുണ്ട്. ഇപ്രകാരം വാങ്ങിയ ക്രമ നം 02 മുതൽ 60 വരെയുള്ള രശീതി ബുക്കുകൾ ഗുണമേന്മയില്ലാത്തതിനാലും സൈസ് ചെറുതായതിനാലും ക്യാൻസൽ ചെയ്ത് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് ക്യാഷ് ചെസ്റ്റിൽ കൈമാറി സൂക്ഷിക്കാൻ സെക്രട്ടറിയുടെ 08.03.2023ലെ ജി2-15365/22-ാം ഉത്തരവ് പ്രകാരം തീരുമാനിച്ചിട്ടുണ്ട്. പകരം പുതിയ രശീതി ബുക്കുകൾ ലഭിച്ചത് ക്രമമായി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് ഇഷ്യൂ ചെയ്തിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം റദ്ദാക്കിയ ക്രമ നമ്പർ 02 മുതൽ 60 വരെയുള്ള രശീതി ബുക്കുകളും പ്രിന്റിംഗ് പ്രസ്സ് ലഭ്യമാക്കി. പ്രസ്തുത രശീതി ബുക്കുകളുടെ ബില്ലും ഓഡിറ്റ് പരിശോധനയ്ക്കായി ഹാജരാക്കുകവാൻ നൽകിയ (01/2022-23 തീയതി: 25.04.2023) ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ പ്രിന്റിംഗ് പ്രസ്സ് ലഭ്യമാക്കിയ രശീതി ബുക്കുകളുടെ ബില്ല് (138/13.08.2022) പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ട്. മേൽ പരാമർശിച്ച റദ്ദാക്കിയ രശീതി ബുക്കുകൾ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-12 നഗരസഭ വക കെട്ടിടങ്ങളുടെ വാടക – യഥാസമയം ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകിയതുമായി ബന്ധപ്പെട്ട്, വാടക രജിസ്റ്റർ പരിശോധിച്ചതിൽ, താഴെ ചേർത്ത കെട്ടിടങ്ങളുടെ വാടക നാളിതുവരെ ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | കെട്ടിട നമ്പർ | വാടകക്കാരന്റെ പേര് | മാസ വാടക + GST | വാടക ഒടുക്കുവാൻ ബാക്കിയുള്ള കാലയളവ് | ആകെ കുടിശ്ശിക തുക (GST ഉൾപ്പെടെ) |
|---|---|---|---|---|---|
| **New Bus Stand GF Shop** | | | | | |
| 1 | KMC.6/ 1066 | Karunakara Karle S/o Ambady, Karunya, Kumbala | 5377+968 | 2023 ജനുവരി | 6345 |
| **New Bus Stand GF Stall** | | | | | |
| 2 | KMC.6/ 1018 | Muhammed Alim S/o. Mahin Haji, Chengala | 7851+1414 | 2022 ജൂലൈ, ആഗസ്റ്റ് | 18530 |
| 3 | KMC.6/ 1042 | Zuhara Bapidi Mohd W/o Bappidi Mohammed | 8731+1572 | 2023 ജനുവരി മുതൽ മാർച്ച് വരെ | 30909 |
| **New Bus Stand First Floor Shop** | | | | | |
| 4 | KMC.6/ 1132 | S Vijaya Rajan | 5464+984 | 2023 ജനുവരി മുതൽ മാർച്ച് വരെ | 19344 |
| 5 | KMC.6/ 1084 | T M Nazeer S/o. Moidu | 5206+1938 | 2023 ജനുവരി | 18432 |

| | | | | | |
|---|---|---|---|---|---|
| | | Kunhi | | മുതൽ മാർച്ച് വരെ | |
| 6 | KMC.6/ 1085 | K A Abdul Shukur S/o. KK Abdulla Haji | 4455+802 | 2023 ഫെബ്രുവരി മുതൽ മാർച്ച് വരെ | 10514 |
| 7 | KMC.6/ 1100 | Raihanath W/o. Zakariya | 6267+1128 | 2023 ജനവരി | 7395 |
| 8 | KMC.6/ 1103 | P M Muhammed | 2150+388 | 2022 ഒക്ടോബർ, നവംബർ | 5076 |
| 9 | KMC.6/ 1110 | C M Muhammed Kunhi S/o Abdulla, Sea Place, Thalangara | 2580+464 | 2023 മാർച്ച് | 3044 |
| 10 | KMC.6/ 1111 | U A Abdulla S/o Abbas, Panalam, Chengala | 2155+388 | 2023 മാർച്ച് | 2543 |
| 11 | KMC.6/ 1112 | Praveen Kumar S/o Raghavan, Udaya Nivas, Kasargod | 2150+388 | 2023 ഫെബ്രുവരി മുതൽ മാർച്ച് വരെ | 7614 |
| 12 | Food Court Restaurant | Saji Sebastian S/o Joy Mathew, | 33276+5990 | 2022 ജൂൺ മുതൽ 2023 മാർച്ച് വരെ | 392660 |
| **New Bus Stand Second Floor** | | | | | |
| 13 | Nil | Sabeer Ali S/o Abdul Rehman, Sameer Manzil, Thuruthi | 4410+794 | 2023 ഫെബ്രുവരി മുതൽ മാർച്ച് വരെ | 10408 |
| 14 | Nil | Ayisha W/o Muhammed Kunhi, Thoufeeq Manzil, Perumbla | 12915+2324 | 2023 ഫെബ്രുവരി മുതൽ മാർച്ച് വരെ | 30478 |
| 15 | Nil | Muhammed Dhanish | 5460+982 | 2023 ഫെബ്രുവരി മുതൽ മാർച്ച് വരെ | 12884 |
| 16 | Nil | Director, | 10000+1800 | 2023 മാർച്ച് | 11800 |

| | | | | | |
|---|---|---|---|---|---|
| | | PKMCO Construction PVT Ltd | | | |
| 17 | Nil | Muhammed Yasir Althaf S/o Abdul Nasir T A | 19463+3504 | 2023 ഫെബ്രുവരി മുതൽ മാർച്ച് വരെ | 45934 |
| 18 | KMC.6/ 1137 | Muhammed Noufal CA | 13986+2518 | 2022 ഏപ്രിൽ മുതൽ 2023 മാർച്ച് വരെ | 198048 |
| 19 | KMC.6/ 1138 | Khalib A K S/o A M Khalid | 6605+1188 | 2022 സപ്തംബർ മുതൽ-2023 മാർച്ച് വരെ | 54551 |
| 20 | KMC.6/ 1127 | Sabeer Ali , Hand House, Thuruthi | 6969+1254 | 2022 നവംബർ മുതൽ 2023 മാർച്ച് വരെ | 41115 |
| **New Bus Stand Second Floor Shop** | | | | | |
| 21 | KMC.6/ 1128 | Sabir Ali S/o. Abdu Rehiman Sameer Manzil | 6600+1188 | 2022 നവംബർ മുതൽ 2023 മാർച്ച് വരെ | 35940 |
| **Fish Market Old Block Ground Floor** | | | | | |
| 22 | KMC.20/287A | Khalid A S/o J A Ibrahim, Cheroor | 2484+448 | 2022 ഏപ്രിൽ മുതൽ 2023 മാർച്ച് വരെ | 35184 |
| **Fish Market Old Block First Floor** | | | | | |
| 23 | KMC.20/311 | K A Shafi | 1038+186 | 2023 ആഗസ്റ്റ് | 1224 |
| 24 | KMC.20/303 | K A Shafi | 1803+324 | 2023 ജനവരി മുതൽ മാർച്ച് വരെ | 6381 |
| 25 | KMC.20/314 | T E Muhammed Rafeeq | 1832+330 | 2022 ഏപ്രിൽ മുതൽ 2023 മാർച്ച് വരെ | 25944 |
| 26 | KMC.20/315 | Ahammed Kutty | 532+96 | 2023 ജനവരി മുതൽ 2023 മാർച്ച് വരെ | 1884 |

| | | | | | |
|---|---|---|---|---|---|
| 27 | KMC.20/318 | C H Abdul Khader | 507+92 | 2023 ജനവരി | 599 |
| 28 | KMC.20/300 | A K Muhammed Kunhi | 1998+360 | 2023 മാർച്ച് | 2358 |
| 29 | KMC.20/301 | P A Shafi | 1389+250 | 2023 മാർച്ച് | 1639 |
| **Fish Market New Block Ground Floor** | | | | | |
| 30 | KMC.20/326 | B M AbdulRehman, Mogral Puthoor | 2731+492 | 2022 ഏപ്രിൽ മുതൽ 2023 മാർച്ച് വരെ | 38676 |
| 31 | KMC.20/324 | Mujeeb Rehman, Market Hill, Kasargod | 4267+768 | 2022 ആഗസ്റ്റ് മുതൽ 2023 മാർച്ച് വരെ | 40280 |
| 32 | KMC.20/330 | Abdul Majeed S/o Muhammed, Ajmal Manzil, Adkath Bail | 4363+786 | 2022 ആഗസ്ത് മുതൽ 2023 മാർച്ച് വരെ | 41192 |
| **Bunk** | | | | | |
| 33 | Nil | President, Lions Club | 257+46 | 2022 ഡിസംബർ മുതൽ 2023 മാർച്ച് വരെ | 1212 |
| **Old Bus Stand Ground Floor** | | | | | |
| 34 | KMC.32/ 1402 | Mustaq, Payakkara | 26878+4838 | 2023 മാർച്ച് | 31716 |
| 35 | KMC.32/ 1403 | P M Hassainar | 18755+3376 | 2023 ഫെബ്രുവരി മുതൽ മാർച്ച് വരെ | 44262 |
| 36 | KMC.32/ 1404 | N A Abdul Salam | 10752+1936 | 2023 മാർച്ച് | 12688 |
| 37 | KMC.32/ 1418 | Abdul Jaleel | 15017+2704 | 2023 മാർച്ച് | 17721 |
| **Old Bus Stand First Floor** | | | | | |
| 38 | KMC.32/ 1447 | T M Navas | 5291+952 | 2023 മാർച്ച് | 6243 |
| 39 | KMC32/ 1448 | Vasantha K Padmanabha (H) RD Nagar | 2315+416 | 2022 നവംബർ മുതൽ 2023 മാർച്ച് വരെ | 13655 |
| **Old Bus Stand – Bunk** | | | | | |

| | | | | | |
|---|---|---|---|---|---|
| 40 | KMC.32/ 1428 | Abdullla Anwar | 6144+1106 | 2023 മാർച്ച് | 7250 |
| **New Bus Stand - Bunk** | | | | | |
| 41 | KMC.6/ 1009 | Thajuddien T A | 6650+1196 | 2022 ഏപ്രിൽ മുതൽ 2023 മാർച്ച് വരെ | 94152 |
| 42 | KMC.6/ 1005 | P A Moideen | 6650+1196 | 2023 മാർച്ച് | 7846 |
| 43 | KMC.6/ 999 | Lohith Kumar P S/o Kalavathi | 10500+1890 | 2023 മാർച്ച് | 12390 |
| **Industrial Estate Shed** | | | | | |
| 44 | KMC.10/366B, 366C | Shakeela Majid, Pure Water Project | 1737+312 | 2022 നവംബർ മുതൽ 2023 മാർച്ച് വരെ | 10245 |
| 45 | KMC.10/ 366D | Vinod Kumar K S/o Gopalakrishna | 7350+1324 | 2022 ഒക്ടോബർ മുതൽ 2023 മാർച്ച് വരെ | 52044 |
| | | | | **ആകെ** | **14,70,349** |

കുടിശികയായ വാടക പലിശ സഹിതം ഈടാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതും , തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

**1-13 നഗരസഭയിലെ കെട്ടിടങ്ങളുടെ വാടക – വാടക സമയബന്ധിതമായി ഈടാക്കുന്നതിന് കാര്യക്ഷമമായ നിരീക്ഷണ സംവിധാനം ഇല്ല**

നഗരസഭയുടെ തനത് വരുമാനത്തിലെ ഒരു പ്രധാന വിഹിതമാണ് കെട്ടിട വാടക വരവ്. എന്നാൽ കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട രജിസ്റ്റർ, വാടക കരാറുകൾ എന്നിവ പരിശോധിച്ചതിൽ , താഴെ പറയുന്ന അപാകതകൾ കാണുന്നു.

നഗരസഭയുടെ ഉടമസ്ഥതയിലുള്ളതും, വാടകയ്ക്ക് നൽകിയതും വാടകയ്ക്ക് നൽകാതെ ഒഴിച്ചിട്ടിരിക്കുന്നതുമായ കെട്ടിടങ്ങളുടെ ലിസ്റ്റ് നഗരസഭയിൽ ലഭ്യമല്ല. ആകെ എത്ര കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നുണ്ടെന്നോ , വാടകയ്ക്ക് നൽകിയവരുമായി കരാർ കാലാവധി തീരുന്ന മുറയ്ക്ക് കരാർ പുതുക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനുള്ള സംവിധാനങ്ങളോ ഇല്ല.

വാടക രജിസ്റ്റർ പരിശോധിച്ചതിൽ, ഓഡിറ്റ് കാലയളവിൽ 280-ഓളം കെട്ടിടങ്ങൾ വാടകയ്ക്ക് നൽകിയിരിക്കുന്നതായി കാണുന്നു. എന്നാൽ 63 വാടക കരാർ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്. മറ്റുള്ള വാടകക്കാരുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ , കരാറിൽ ഏർപ്പെട്ടവർ തന്നെയാണോ നിലവിൽ കെട്ടിടം ഉപയോഗിക്കുന്നത് എന്നുള്ള യാതൊരു പരിശോധനയും നടത്തിയതായി കാണുന്നില്ല. അപാകതകൾ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നമ്പർ - 7, 8 തിയ്യതി- 20.10.2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല. ലഭ്യമാക്കിയ വാടക കരാറുകൾ പരിശോധിച്ചതിൽ കരാർ കാലാവധി, വാടക നിരക്ക് എന്നിവ കരാറിൽ കൃത്യമായി ഉൾപ്പെടുത്തിയതായി കാണുന്നില്ല.

ഓഡിറ്റിന് ലഭ്യമാക്കിയ വാടക രജിസ്റ്റർ പ്രകാരം, ഗവൺമെൻറ് / പൊതുമേഖലാ സ്ഥാപനങ്ങളായ ജില്ലാ സോയിൽ കൺസർവേഷൻ ഓഫീസ് , ജില്ലാ ഇൻഷുറൻസ് ഓഫീസ്, ബി എസ് എൻ എൽ, എൽ ബി എസ് എന്നീ സ്ഥാപനങ്ങൾക്ക് യഥാക്രമം 11340, 15125, 12134, 12605 രൂപ നിരക്കിൽ മാസ വാടകയ്ക്ക് നഗരസഭാ കെട്ടിടങ്ങൾ അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ടി സ്ഥാപനങ്ങളിൽ നിന്നും വാടക കൃത്യമായി ലഭ്യമായിട്ടുണ്ടോ എന്ന വിവരം രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ലഭ്യമല്ല. കാസർഗോഡ് ജില്ലാ ഇൻഷുറൻസ് ഓഫീസറുടെ 15.07.2022 ലെ DIO/KSD/Accounts/1253/2010 നമ്പർ കത്തുപ്രകാരം 2022-23 സാമ്പത്തിക വർഷം പ്രതിമാസ

വാടകയിൽ 5% വർദ്ധനവ് വരുത്തി പുതിയ കരാറിൽ ഏർപ്പെടാൻ 20.06.2022 ലെ സ.ഉ (സാധാ) നം. 4489/2022/ധന നമ്പർ ഉത്തരവ് പ്രകാരം അനുമതി ലഭിച്ചതായും , ആയതിന്റെ അടിസ്ഥാനത്തിൽ ജില്ലാ ഇൻഷുറൻസ് ഓഫീസർ 15125 + GST യുടെ പുതിയ വാടക കരാർ തയ്യാറാക്കി 20.07.2022 ന് സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ മേൽ ഓഫീസിൽ നിന്നും വാടക ലഭ്യമായതായി രജിസ്റ്റർ പരിശോധിച്ചതിൽ കാണുന്നില്ല.

2000 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കൈയ്യൊഴിയലും) ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം വാടകക്കാരനുമായി കരാറിലേർപ്പെടേണ്ടതും വാടക യഥാസമയം ലഭിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കേണ്ടതുമാണ്. മേൽ സ്ഥാപനങ്ങളിൽ നിന്നും നഗരസഭയ്ക്ക് ലഭ്യമാകേണ്ട വാടക യഥാസമയം ലഭ്യമായിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. കൂടാതെ വാടകക്കാരുമായി യഥാസമയങ്ങളിൽ കരാർ പുതുക്കാതിരിക്കുന്നത് ഭാവിയിൽ കോടതി വ്യവഹാരങ്ങളിലേക്കും അതുവഴി നഗരസഭയ്ക്ക് സാമ്പത്തിക ബാധ്യതകൾക്കും ഇടവരുത്തുന്നതിനാൽ ഇക്കാര്യത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ പതിയേണ്ടതാണ്.

**1-14 വിനോദ നികുതി സമയബന്ധിതമായി നഗരസഭാ ഫണ്ടിൽ ഒടുക്കുന്നില്ല.**

2022-23 വർഷത്തെ നഗരസഭയുടെ വിനോദ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) 31.08.2019ലെ സ.ഉ.(കൈ)നം. 112/2019/തസ്വഭവ ഉത്തരവ് പ്രകാരം ചരക്ക് സേവന നികുതി ഒടുക്കുന്ന വിനോദ നികുതി ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി തൊട്ടടുത്ത മാസം 3-ാം തീയ്യതിക്കുള്ളിൽ പിരിച്ച നികുതി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ നഗരസഭാ പരിധിയിലുള്ള സിനിമാശാലകൾ ഈ ഉത്തരവ് പാലിച്ചിട്ടില്ല. വിനോദ നികുതി നഗരസഭയിൽ അടവാക്കിയതിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| **മാസം/ വർഷം** | **തിയേറ്ററിന്റെ പേര്** | **അടവാക്കേണ്ടിയിരുന്ന തീയ്യതി** | **ഓൺലൈനായി വിനോദ നികുതി തുക ട്രാൻസ്ഫർ ചെയ്ത തീയ്യതി** | **തുക** | **നഗരസഭ രശീതി നൽകിയ തീയ്യതി** |
|---|---|---|---|---|---|
| 03/2022 | മൂവി മാക്സ് | 03.04.2022 | 13.06.2022 | 167790 | 13.06.2022 |
| 04/2022 | മൂവി മാക്സ് | 03.05.2022 | 13.06.2022 | 21240 | 16.08.2022 |
| 05/2022 | മൂവി മാക്സ് | 03.06.2022 | 23.08.2022 | 103020 | 29.11.2022 |
| 06/2022 | മൂവി മാക്സ് | 03.07.2022 | 23.08.2022 | 144760 | 29.11.2022 |
| 07/2022 | മൂവി മാക്സ് | 03.08.2022 | 23.08.2022 | 66760 | 29.11.2022 |
| 08/2022 | മൂവി മാക്സ് | 03.09.2022 | 16.01.2023 | 161910 | 13.03.2023 |
| 09/2022 | മൂവി മാക്സ് | 03.10.2022 | 16.01.2023 | 70260 | 13.03.2023 |
| 10/2022 | മൂവി മാക്സ് | 03.11.2022 | 21.01.2023 | 134965 | 23.03.2023 |
| 11/2022 | മൂവി മാക്സ് | 03.12.2022 | 26.01.2023<br>31.01.2023 | 75975 | 13.03.2023 |
| 12/2022 | മൂവി മാക്സ് | 03.01.2023 | 31.01.2023<br>06.02.2023 | 50120 | 13.03.2023 |
| 01/2023 | മൂവി മാക്സ് | 03.02.2023 | 10.04.2023 | 62889 | 30.09.2023 |
| 02/2023 | മൂവി മാക്സ് | 03.03.2023 | 10.04.2023 | 61636 | 30.09.2023 |
| 04/2022 | മെഹബൂബ് | 03.05.2022 | 09.05.2022 | 243577 | 16.08.2022 |

മേൽ വിവരിച്ച പ്രകാരം വിനോദ നികുതി നഗരസഭയിൽ അടവാക്കുന്നതിലും തുക ലഭിച്ച ശേഷം കൈപ്പറ്റ് രശീതി നൽകുന്നതിനും ഉണ്ടായ കാലതാമസത്തിന്റെ കാരണം വിശദീകരിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 6/2022-23 തീയതി 20.10.2023) കൃത്യസമയത്തുതന്നെ വിനോദ നികുതി അടവാക്കുന്നതിനുള്ള കത്ത് മേൽ സ്ഥാപനത്തിന് നൽകിയിട്ടുണ്ട് എന്നാണ് അറിയിച്ചിട്ടുള്ളത് . സമയബന്ധിതമായി തുക നഗരസഭയിൽ അടവാക്കാത്ത പക്ഷം നിയമാനുസൃതമായ പിഴപ്പലിശ ഉൾപ്പെടെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

2) ആകെ വിറ്റ ടിക്കറ്റുകളിൽ നിന്ന് കോംപ്ലിമെന്റ്സ് ഇനത്തിൽ നൽകിയ ടിക്കറ്റുകളുടെ എണ്ണം കുറവു വരുത്തി വിനോദ നികുതി അടവാക്കി.

| മാസം/വർഷം | ആകെ വിറ്റ ടിക്കറ്റ് | കോംപ്ലിമെന്റ് ഇനത്തിൽ കുറവ് ചെയ്ത ടിക്കറ്റുകളുടെ എണ്ണം. | റിമാർക്സ് |
|---|---|---|---|
| 03/2022 | 33650 | 92 | - |
| 04/2022 | 4285 | 37 | - |
| 05/2022 | 20781 | 177 | - |
| 06/2022 | 29135 | 183 | - |
| 07/2022 | 13466 | 114 | - |
| 08/2022 | 32620 | 238 | - |
| 09/2022 | 14142 | 90 | - |
| 10/2022 | 27211 | 218 | - |
| 11/2022 | 15402 | 207 | - |
| 12/2022 | 10428 | 162 | - |
| 01/2023 | 12816 | 240 | - |
| 02/2023 | 12520 | 196 | - |

മേൽ ടേബിളിൽ വിവരിച്ച പ്രകാരം ആകെ വിറ്റ ടിക്കറ്റുകളിൽ നിന്ന് കോംപ്ലിമെന്ററിയായി നൽകിയ ടിക്കറ്റുകളുടെ എണ്ണം കുറവു ചെയ്ത് ബാക്കിയുള്ള ടിക്കറ്റുകൾക്കാണ് വിനോദ നികുതി അടവാക്കിയിരിക്കുന്നത്. ആയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് കോംപ്ലിമെന്ററി ടിക്കറ്റുകൾക്ക് വില ഈടാക്കത്തതിനാൽ ആയതിന് നികുതി ഈടാക്കിയിട്ടില്ല എന്നാണ് മറുപടി നൽകിയിട്ടുള്ളത്. പ്രസ്തുത മറുപടി തൃപ്തികരമല്ല. ഭാവിയിൽ ഇത്തരം അപാകത ആവർത്തിക്കാതിരിക്കാൻ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

**1-15 നഗരസഭയിലെ തൊഴിൽ നികുതി ഈടാക്കൽ-അപാകതകൾ**

2022-23 സാമ്പത്തിക വർഷത്തെ നഗരസഭയിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ,തൊഴിൽ നികുതി പത്രികകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്.

നഗരസഭ പരിധിയിലുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും അർദ്ധവാർഷിക വരുമാനത്തിന് ആനുപാതികമായി തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര് | സ്ഥാപനത്തിന്റെ പേര് | പത്രിക പ്രകാരം അർദ്ധവാർഷിക വരുമാനം | ഈടാക്കിയ നികുതി(ഒന്നാം അർദ്ധവർഷം) | ഈടാക്കേണ്ടിയിരുന്ന നികുതി | കുറവ് |
|---|---|---|---|---|---|---|
| 1. | സുനിത രവിരാജ് നായ്ക്ക് | പെയ്സ് മോട്ടോർസ്, അടുക്കത്ത് ബയൽ | 54949 | 300 | 450 | 150 |
| 2. | ശ്യാം പ്രകാശ് ബി എസ് | പെയ്സ് മോട്ടോർസ്, അടുക്കത്ത് ബയൽ | 47263 | 180 | 450 | 270 |
| **ആകെ** | | | | | | **420** |

തൊഴിൽ നികുതി ഇനത്തിൽ മേൽ ജീവനക്കാരിൽ നിന്നും ഈടാക്കിയതിൽ കുറവ് വന്ന 420/- രൂപ

ഓഡിറ്റ് എൻക്വയറി നം.19/2022-23 തീയതി 30.10.2023 നൽകിയതിന്റെ അടിസ്ഥാനത്തിൽ 01/123030115611 തീയതി:18.11.2023 രശീതി പ്രകാരം അടവാക്കിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.

2) ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2022-2023 സാമ്പത്തിക വർഷത്തെ നഗരസഭയുടെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി നഗരസഭ ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും ടി ജീവനക്കാർ നികുതി അടവാക്കിയതായി കാണുന്നില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ് നമ്പർ | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി ഈടാക്കാത്ത അർദ്ധവർഷങ്ങൾ |
|---|---|---|---|
| 1. | 6 | Qwik Supply Chain Pvt Ltd(Reliance Retail) | രണ്ടാം അർദ്ധവർഷം |
| 2. | 6 | HDFC Standard Life,City Centre | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 3. | 6 | Carvy Stock Data Management Ltd | ഒന്നാം അർദ്ധവർഷം |
| 7. | 6 | V Q India Technical Service Pvt Ltd | രണ്ടാം അർദ്ധവർഷം |
| 5. | 7 | Kasaragod Public Servant Co Op Society Evening Branch,nbs Padoor | രണ്ടാം അർദ്ധവർഷം |
| 6. | 9 | Secretary KSD Taluk Bus Transport Owners Co Op Society | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 7. | 10 | Karaval Kannada And Malayalam Daily | രണ്ടാം അർദ്ധവർഷം |
| 8. | 10 | Kasaragod Printing And Publishing Co Op Society | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 9. | 18 | Salman Building Metirials | രണ്ടാം അർദ്ധവർഷം |
| 10. | 19 | Geojit Financial Services Ltd | രണ്ടാം അർദ്ധവർഷം |
| 11. | 20 | Adarsh Enterprises, Oil And Fevicol Distributors Fort Road | രണ്ടാം അർദ്ധവർഷം |
| 12. | 30 | District Project | രണ്ടാം |

| | | | |
|---|---|---|---|
| | | Office , Akshaya Thalangara | അർദ്ധവർഷം |
| 13. | 32 | JPHN Nursing Training School | രണ്ടാം അർദ്ധവർഷം |
| 14. | 32 | KMC Dialysis Unit | രണ്ടാം അർദ്ധവർഷം |

ഓഡിറ്റ് എൻക്വയറി നം.19/2022-23,തീയതി 30.10.2023 പ്രകാരം ലഭ്യമാക്കിയ മറുപടി പരിഗണിച്ച് തൊഴിൽ നികുതി അടവാക്കിയ സ്ഥാപനങ്ങളെ ഖണ്ഡികയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. അടവാക്കാൻ അവശേഷിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

**1-16 കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല**

2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3(10) പ്രകാരം നഗരസഭാ പരിധിയിൽ പൊതുമരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാവുന്നതാണ്. 2022-23 സാമ്പത്തിക വർഷത്തെ നഗരസഭയിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ എഗ്രിമെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ കാസറഗോഡ് നഗരസഭയിൽ 26 കരാറുകാർ നഗരസഭയുടെ പൊതുമരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്.ഇവരിൽ നിന്നും പരമാവധി 2500/- രൂപ വീതം തൊഴിൽ നികുതി ഈടാക്കാമായിരുന്നു.കരാറുകാരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കരാറുകാരന്റെ പേര് |
|---|---|
| 1. | Haris T A |
| 2. | C A Abdulla Kunhi |
| 3. | Musthafa T A |
| 4. | Muneer Moidu |
| 5. | Moideen Mehfoos |
| 6. | K A Shihabudhin |
| 7. | Lahak K A |
| 8. | Ahammed Shafeq B A |
| 9. | E I Mohammed |
| 10. | Ameer Abdulla Pathiyon |
| 11. | Faisal K A |
| 12. | Abdul Khader B A |
| 13. | Mohammed Haneef |
| 14. | Irshad A |
| 15. | Hassan Inshaf |
| 16. | Ahammed Asfaq K A |
| 17. | M K Cherkalam |
| 18. | B M Abdulla |
| 19. | Abdulla A T |
| 20. | B M Basheer |
| 21. | Gafoor C M |
| 22. | Jayachandra B |

| | |
|---|---|
| 23. | Muhammed Noufal |
| 24. | Abdul Rahiman K A |
| 25. | Jaffer Saddik M |
| 26. | Mohammed Haris |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായില്ല. നഗരസഭ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായ എല്ലാ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-17 സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല**

2022-23 സാമ്പത്തിക വർഷത്തെ നഗരസഭയിലെ വിവിധ വാർഡുകളുടെ തൊഴിൽ നികുതി(ട്രേഡേഴ്സ്) ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2022-23 വർഷം നികുതി ഡിമാന്റ് ചെയ്തതും 2 അർദ്ധവർഷങ്ങളിലും നികുതി ഈടാക്കിയതുമായ സ്ഥാപനങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ | തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള സ്ഥാപനങ്ങളുടെ എണ്ണം | തൊഴിൽ നികുതി ഈടാക്കിയ സ്ഥാപനങ്ങളുടെ എണ്ണം |
|---|---|---|
| 1 | 5 | 1 |
| 2 | 11 | 3 |
| 3 | 37 | 22 |
| 4 | 8 | 6 |
| 5 | 53 | 18 |
| 6 | 551 | 289 |
| 7 | 127 | 95 |
| 8 | 7 | 2 |
| 9 | 66 | 39 |
| 10 | 197 | 88 |
| 11 | 27 | 7 |
| 12 | 15 | 8 |

| | | |
|---|---|---|
| 13 | 17 | 5 |
| 15 | 17 | 9 |
| 16 | 49 | 23 |
| 17 | 83 | 46 |
| 18 | 279 | 154 |
| 19 | 187 | 92 |
| 20 | 360 | 120 |
| 21 | 15 | 5 |
| 22 | 33 | 3 |
| 23 | 10 | 1 |
| 24 | 5 | 0 |
| 25 | 1 | 0 |
| 26 | 33 | 20 |
| 27 | 9 | 3 |
| 28 | 5 | 4 |
| 29 | 1 | 0 |
| 30 | 36 | 8 |
| 31 | 81 | 36 |
| 32 | 864 | 561 |
| 33 | 94 | 64 |
| 34 | 19 | 8 |
| 35 | 15 | 2 |
| 36 | 7 | 2 |
| 37 | 20 | 4 |
| 38 | 8 | 5 |
| ആകെ | 3352 | 1753 |

2022-23 വർഷം നഗരസഭയിലെ വിവിധ വാർഡുകളിലെ 3352 സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തിരിക്കുന്നതിൽ 1753 സ്ഥാപനങ്ങളുടെ തൊഴിൽ നികുതി മാത്രമാണ് കൃത്യമായി ഈടാക്കിയിരിക്കുന്നത്. ഇത് കേവലം 52% മാത്രമാണ്. സാമ്പത്തിക പ്രതിസന്ധി രൂക്ഷമായ മുനിസിപ്പാലിറ്റിക്ക് ഇത് ആശാവഹമല്ല. നികുതി പിരിവിനായി ഫീൽഡിൽ പോവുന്ന ജീവനക്കാർ നഗരസഭയിലുള്ളപ്പോഴും ടി സ്ഥാപനങ്ങളിൽ നിന്നും കൃത്യമായി നികുതി ഈടാക്കാത്തതിന്റെ കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനു(39/2022-23 തീയതി 27.11.2023)മറുപടി ലഭ്യമായില്ല. നഗരസഭാ പരിധിയിലെ മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും നിയമാനുസൃത തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

**1-18 വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കുമുള്ള ലൈസൻസ്- ലൈസൻസ് പുതുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു**

1994 കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 447(1), 2011 ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 4 എന്നിവ പ്രകാരം മുനിസിപ്പൽ പ്രദേശങ്ങളിൽ യാതൊരു സ്ഥലവും സർക്കാർ നിർണ്ണയിക്കാവുന്ന നിരക്കിലോ, പ്രസ്തുത നിരക്കിനു വിധേയമായി പ്രസിദ്ധീകരിക്കുന്ന വിജ്ഞാപന പ്രകാരം നിശ്ചയിക്കുന്ന നിരക്കിലോ ലൈസൻസ് ഫീസ് ഒടുക്കാതെയും, ലൈസൻസിലെ വ്യവസ്ഥകൾക്കനുസൃതമല്ലാതെയും ഉപയോഗിക്കാൻ പാടുള്ളതല്ല. 2022-2023 സാമ്പത്തിക വർഷത്തെ നഗരസഭയിലെ വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് അനുവദിച്ചതും പുതുക്കി നൽകിയതുമായ സ്ഥാപനങ്ങളുടെ വിവരങ്ങളടങ്ങിയ ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ലൈസൻസ് പുതുക്കാത്തതായി കണ്ടെത്തിയ സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ് /കെട്ടിട നമ്പർ | പേര് | വ്യവസായം | ഡിമാന്റ് തുക | കളക്ഷൻ തുക |
|---|---|---|---|---|---|
| 1. | 03/57 | Achuthan K | Work Shop(K K Motor Work) | 500 | - |
| 2. | 03/333A | C H Muhammed Kunji | Fire Works | 1000 | - |
| 3. | 09/136,137 | Danesh N K | Welding Unit | 500 | - |
| 4. | 09/141A | Manoharan A | Work Shop | 500 | - |
| 5. | 09/274,275 | Vijayan M K | Automobile Service Station | 1000 | - |

| | | | | | |
|---|---|---|---|---|---|
| 6. | 09/537 | Abdul Khader | Ice Factory | 500 | - |
| 7. | 10/296A | Yoonus A | Juice & Snacks | 500 | - |
| 8. | 10/349,350,351 | Ibrahim Khaleel | Sanitaryware Ceramics Centre | 500 | - |
| 9. | 12/15 | Umer E | Electric & Electronics | 500 | - |
| 10. | 13/156 | P M Zubair | Dinner Set Rental Service | 500 | - |
| 11. | 13/163 | Haris Y | Smokeless Oven K B Agency | 500 | - |
| 12. | 13/165 | Badarudeen T A | Curtuin Design | 500 | - |
| 13. | 13/167 | Mohammed Savad | Akshaya Online Center | 500 | - |
| 14. | 20/448 | Muhammed Usmanudheen | U S Store | 500 | - |
| 15. | 20/515 | Abdul Naseer B | A N Footwear | 500 | - |
| 16. | 20/1065 | Shakeer K | Green Leaf Laundry | 500 | - |
| 17. | 20/440,441 | Mohammed Shafi K A | General Store | 500 | - |
| 18. | 32/17 | Rameshan C | Varangara Distributors | 500 | - |
| 19. | 32/156 | Hassainar B M | Modern Timbers | 500 | - |
| 20. | 32/247 | Karthyayani | Shivaji Enterprises | 500 | - |
| 21. | 32/307 | Vijaya Kumar.K | G R Store | 500 | - |
| 22. | 32/577 | Chandravathi K | Shetty Textiles | 500 | - |
| 23. | 32/618 | M Pocker | Beeda Beedi | 500 | - |
| 24. | 32/659 | Kadeeja A K | Arabian Parda House | 500 | - |
| 25. | 32/687 | Haris M | Online Services | 500 | - |
| 26. | 32/778 | Kunnil Abdul Razar | K G Store | 500 | - |

| | | | | | |
|---|---|---|---|---|---|
| 27. | 32/776 | Sajeevan K | Jewllery Works | 500 | - |
| 28. | 32/891 | Abdul Hameed | Senior Electronics | 500 | - |
| 29. | 32/902 | Antony K O | Rao Road | 500 | - |
| 30. | 32/984 | Zakariya | Al Ameen Foot Wear | 500 | - |
| 31. | 32/991 | Jameela | Readymade | 500 | - |
| 32. | 32/1012 | Munna Prasad | Beeda Beedi | 500 | - |
| 33. | 32/1005 | Umesh K | New Ellora Studio | 500 | - |
| 34. | 32/1044 | Sathyaraj K | Akshaya Tailoring | 500 | - |
| 35. | 32/1058 | Abdul Sudheer A | Bombay Fashion | 500 | - |
| 36. | 32/1298 | Sudheer C | Kraft Printing | 500 | - |
| 37. | 32/1299 | Sajeesh Kumar C | Rhino Enterprises | 500 | - |
| 38. | 32/1336 | Mohiyaddin Mirshad Chembarikka | MN 2 General Trading | 500 | - |
| 39. | 32/1374 | Shamsudeen K A | Electronics | 500 | - |
| 40. | 32/1422 | B H Aboobacker | Fruits And Vegetables | 500 | - |
| 41. | 32/1561 | Muhammed Faizan | Faizu Stich | 500 | - |
| 42. | 32/1569 | Zakariya | Blue Marine Foot Wear | 500 | - |
| 43. | 32/1595 | Farooq T A | White Rose Renown Chamber | 500 | - |
| 44. | 32/1599 | Abdul Ameen | Abdul Ameen, | 500 | - |
| 45. | 32/1830 | Dr. Suresh Babu | Dr. Suresh Babu Eye Foundation | 500 | - |
| 46. | 32/1872,1873 | Saranya Anish | Shakthi Enterprises | 500 | |
| 47. | 32/2001 | Anil Gulati | Saya Footwear | 500 | - |
| 48. | 32/2044 | Udayakumar | Smitha | 500 | - |

| | | | | | |
|---|---|---|---|---|---|
| | | K P | Xerox | | |
| 49. | 32/2066 | Musthafa Kandathil | Taj Opticals | 500 | - |
| 50. | 32/2122 | Abdul Majeed PA | Bismilla Tea Stall | 500 | - |
| 51. | 32/2134 | P V Gangadharan Nair | Mass Canteen | 500 | - |
| 52. | 32/2145 | Shakaran | SS Tailors | 500 | - |
| 53. | 32/2281 | Navaneeth K J | Anashara Anex | 500 | - |
| 54. | 32/2409 | Abdul Kabeer | Fish Point | 500 | - |
| 55. | 33/411J | Maneesh Kumar B N | Classic Super Market | 500 | - |
| 56. | 33/21C | Vishwanantha Naik | V S A Work Shop | 500 | - |
| 57. | 33/548B1 | Prasad P | Idee Studio | 500 | - |
| 58. | 33/602A27 | Shashidhara B | D M Enterprises | 500 | - |
| 59. | 33/548B2 | Priyanka | Vedha Happiness | 500 | - |
| 60. | 33/669 | Ravi R K | Shubham Marriage Bureau | 500 | - |
| | ആകെ | | | 30000/- | |

ഇത് സംബന്ധിച്ച് പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(18/2022-23 തീയതി :30.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പട്ടികയിലെ സ്ഥാപനങ്ങൾക്ക് ലൈസൻസ് പുതുക്കി നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും ഡിമാൻഡ് രജിസ്റ്ററിൽ ഉൾപ്പെട്ട എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

**1-19 വസ്തു നികുതി കലക്ഷനുമായി ബന്ധപ്പെട്ട അപാകതകൾ**

**എ) കുടിശിക തുക പിരിച്ചെടുക്കുന്നതിൽ കാലതാമസം**

ഓഡിറ്റിന് ലഭ്യമാക്കിയ വാർഷിക കണക്ക് പ്രകാരം 2022-23 സാമ്പത്തിക വർഷം വസ്തു നികുതി ഇനത്തിൽ 2,61,39,657 (തൻവർഷം - 1,58,83,206, കുടിശിക-1,02,56,451) പിരിച്ചടുക്കാൻ ബാക്കിയുണ്ട്. സാമ്പത്തിക പ്രതിസന്ധി അനുഭവപ്പെടുന്ന നഗരസഭയിൽ, നികുതി വരവിലെ പ്രധാന ഇനമായ വസ്തു നികുതിയിൽ മാത്രം രണ്ട് കോടിയിലധികം രൂപ പിരിച്ചെടുക്കാൻ ബാക്കിയുള്ളത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ വീഴ്ചയായി കണക്കാക്കുന്നു. കുടിശിക തുകയുടെ വാർഡ് അടിസ്ഥാനത്തിലുള്ള വിവരവും കുടിശ്ശിക ഈടാക്കാൻ നഗരസഭ സ്വീകരിച്ച നടപടികളുടെ വിവരവും അറിയിക്കുന്നതിനുവേണ്ടി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ- 36, തിയ്യതി- 7.11.2023 ) ലഭ്യമാക്കിയ മറുപടി പ്രകാരം , 2023 ഡിസംബർ 15 മുതൽ വസ്തുനികുതി പിരിച്ചെടുക്കുന്നതിനായി മുഴുവൻ വാർഡുകളിലും ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുണ്ടെന്നും കൂടാതെ ഡിമാന്റ് നോട്ടീസ് തയ്യാറാക്കി ബിൽ കളക്ടർമാർ മുഖേന എല്ലാ വാർഡുകളിലും വിതരണം ചെയ്തുവരുന്നതായും അറിയിച്ചിട്ടുണ്ട്. കാസറഗോഡ് നഗരസഭയിൽ ഡാറ്റാ പ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തിയായിട്ടില്ലാത്തതിനാൽ , സഞ്ചയ സോഫ്റ്റ് വെയറിലെ ഡിമാന്റ് യഥാർത്ഥ ഡിമാന്റിനേക്കാൾ കൂടുതലാണെന്നും അറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും കുടിശിക തുക താമസംവിനാ

ഈടാക്കേണ്ടതുമാണ്.

**ബി) മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല.**

നഗരസഭയിലെ "സഞ്ചയ" സോഫ്റ്റ് വെയർ പരിശോധിച്ചതിൽ , നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന 12 മൊബൈൽ ടവറുകളുടെ വസ്തു നികുതി ഡിമാന്റ് ചെയ്യുന്നുകിലും ഈടാക്കിയതായി കാണുന്നില്ല. കുടിശിക വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഓപ്പറേറ്റർ/ ഉടമയുടെ പേര് | വാർഡ് നമ്പർ /കെട്ടിട നമ്പർ | മുൻ ബാക്കി | തൻവർഷ ഡിമാന്റ് (2022-23) | കളക്ഷൻ | ബാലൻസ് |
|---|---|---|---|---|---|---|
| 1 | ഇൻഡസ് ടവർ ലിമിറ്റഡ് | 26/89 | - | 8304 | - | 8304 |
| 2 | ടി എൻ എസ് ഐയർ | 3/459A | 176898 | 15371 | - | 192269 |
| 3 | കെ എം അബ്ദുള്ള, അബ്ദുൾ ഹമീദ്, എം അബൂബക്കർ | 6/716 | 175680 | 19603 | - | 195283 |
| 4 | റിലയൻസ് ഇൻഫോ കമ്മ്യൂണിക്കേഷൻ | 10/732 | 61335 | 13634 | - | 74969 |
| 5 | സി വി സന്തോഷ് കുമാർ | 12/242A | 190168 | 25157 | - | 215325 |
| 6 | ഡിഷ്നെറ്റ് വയർലസ്സ് ലിമിറ്റഡ് | 18/763B | 253152 | 22032 | - | 275184 |
| 7 | ടി എ ജമീല | 20/1097A | 176886 | 19603 | - | 196489 |
| 8 | ജനറൽ മാനേജർ, ബി എസ് എൻ എൽ കണ്ണൂർ | 21/92A | 161062 | 13128 | - | 174190 |
| 9 | റിലയൻസ് ഇൻഫോ കമ്മ്യൂണിക്കേഷൻ ലിമിറ്റ് | 26/107 | 54972 | 8640 | - | 63612 |
| 10 | ഭാരതി എയർടെൽ ലിമിറ്റഡ് | 27/13A | - | 8165 | - | 8165 |
| 11 | റിലയൻസ് കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് | 32/2007A | 10763 | 6073 | - | 16836 |
| 12 | സുധേവൻ വി ഓ, വയർലെസ്സ് ടി ടി ഇൻഫോ സർവ്വീസ് പ്രൈവറ്റ് ലിമിറ്റഡ്, കൊച്ചി | 32/2034A | 101320 | 9689 | - | 111009 |

| | | | | | | |
|---|---|---|---|---|---|---|
| | | ആകെ | 1362236 | 169399 | - | 1531635 |

2022-23 സാമ്പത്തിക വർഷം മൊബൈൽ ടവറുകളിൽ നിന്നുള്ള വസ്തു നികുതി കുടിശിക ഡിമാന്റ് 13,62,236/- രൂപയും തൻവർഷ ഡിമാന്റ് 1,69,399/- രൂപയും ഉൾപ്പെടെ ആകെ 15,31,635/- രൂപയുടെ കുടിശികയുണ്ട്. മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി ഈടാക്കാതിരുന്നതിന്റെ കാരണം, കുടിശിക തുക ഈടാക്കുന്നതിനു സ്വീകരിച്ച നടപടികൾ എന്നിവ അറിയിക്കുന്നതിനുവേണ്ടി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നമ്പർ- 53 തിയ്യതി -18.12.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിശിക ഈടാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിച്ച്, വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-20 ലൈബ്രറി സെസ്സ് ഇനത്തിൽ പിരിച്ചെടുക്കുന്ന തുക - ലൈബ്രറി കൗൺസിലിന് ഒടുക്കുന്നതിൽ കാലതാമസം**

2022-23 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ ലൈബ്രറി സെസ്സ് ഇനത്തിൽ ലഭിച്ച തുകകൾ പൂർണ്ണമായും ഒടുക്കുവരുത്തിയിട്ടില്ല എന്ന് കാണുന്നു.വിശദാംശം ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം ആരംഭത്തിൽ ഒടുക്കുവാനുള്ള തുക(2021-22 B9 ഷെഡ്യൂൾ പ്രകാരം) | തൻവർഷം വരവ്(RP-29 ഷെഡ്യൂൾ പ്രകാരം) | തൻവർഷം അടവാക്കിയ തുക (RP-29 ഷെഡ്യൂൾ പ്രകാരം) | അടവാക്കാൻ ബാക്കി(2022-23 AFS B9 ഷെഡ്യൂൾ പ്രകാരം) |
|---|---|---|---|
| 5123057.81/- | 1834477/- | 1886216/- | 5071318.81/- |

1989 ലെ കേരള Publlic Libraries (ഗ്രന്ഥശാലാ സംഘം) ആക്ട് വകുപ്പ് 48(1) പ്രകാരം വസ്തുനികുതിയോടൊപ്പം ലൈബ്രറി സെസ്സ് ഇനത്തിൽ പിരിച്ചെടുക്കുന്ന നിശ്ചിത തുക സംസ്ഥാന ലൈബ്രറി കൗൺസിലിന് നൽകേണ്ടതാണ്. The Kerala Decentralisation Of Powers Act 2000 സെക്ഷൻ 48(1) (Act 16 Of 2000) പ്രകാരം ഈടാക്കിയ തുക 3 മാസത്തിനുള്ളിൽ ഒടുക്കിയില്ലെങ്കിൽ 2% പിഴ ഒടുക്കേണ്ടതും സെക്രട്ടറിയും ചെയർപേഴ്സണും അത്തരത്തിലുള്ള വൈകലിന് ഉത്തരവാദിയായിരിക്കുന്നതുമാണ്. സർക്കുലർ നമ്പർ 17263/L3/തസ്വഭവ തീയതി 29.12.2000 പ്രകാരം ഓരോ അർദ്ധവർഷവും കഴിഞ്ഞ് 30 ദിവസത്തിനുള്ളിൽ തുക ഒടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ലൈബ്രറി സെസ്സ് ഇനത്തിൽ സംസ്ഥാന ലൈബ്രറി കൗൺസിലിന് ഒടുക്കാനുള്ള കുടിശ്ശിക തുക ഒടുക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-21 കെട്ടിട നിർമാണ പെർമിറ്റ് ഫയൽ പരിശോധന -അപാകതകൾ**

കാസറഗോഡ് നഗരസഭയുടെ കെട്ടിട നിർമാണ പെർമിറ്റ് പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

GO( Rt) No. 2272/2020/ തസ്വഭവ Dated 03/12/2020 പ്രകാരം നഗരസഭകളിൽ Low Risk കെട്ടിടങ്ങൾ ഓവർസിയറും, Medium Risk കെട്ടിടങ്ങൾ അസിസ്റ്റന്റ് എഞ്ചിനീയറും, High Risk കെട്ടിടങ്ങൾ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും ആണ് പരിശോധന നടത്തേണ്ടത്. എന്നാൽ താഴെ പറയുന്ന High Risk വിഭാഗത്തിൽ ഉൾപ്പെടുന്ന കെട്ടിടങ്ങൾക്ക് പെർമിറ്റ് നൽകിയത് ഓവർസിയർ മാത്രം പരിശോധന നടത്തിയാണ്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ബിൽഡിംഗ് പെർമിറ്റ് നമ്പർ/ തീയതി | ആകെ നിർമ്മിത വിസ്തൃത/ കെട്ടിടത്തിന്റെ ഉപയോഗക്രമം | ഉടമയുടെ പേരും മേൽ വിലാസവും |
|---|---|---|---|
| 1) | BA/218 /2022-23 Dated 18.02.2023 | 878.44 $M^2$ വാണിജ്യം | മാഹിൻ കെ S/o. അമ്മു ഹാജി ജസീല മൻസിൽ |

| | | | |
|---|---|---|---|
| | | | ചെങ്കള |
| 2) | BA/144 /2022-23 Dated 14.07.2023 | 1583.67M$^2$ വാണിജ്യം (595.62 M$^2$ Existing Building, 988.05 M$^2$ Proposed Building) | അബ്ദുൾ മാലിക്ക് എൻ.എ. ബി.കെ.എം. റോഡ് നായന്മാർമൂല മുട്ടത്തോടി |
| 3) | BA/56/2022-23 Dated 30.11.2022 | 978.82 M$^2$ (വാണിജ്യം & പാർപ്പിടാവശ്യം) | ശ്രീ. സൂര്യനാരയണ S/o. ചന്ദ്രശേഖര നള്ളപ്പാടി, കാസറഗോഡ് |

മേൽ പരാമർശിച്ച് കെട്ടിടങ്ങൾക്ക് ഓവർസിയർ മാത്രം പരിശോധന നടത്തി പെർമിറ്റ് നൽകിയത് മേൽ ഉത്തരവിന്റെ ലംഘനമാണ്. കൂടാതെ ഉത്തരവിന്റെ അനുബന്ധമായി ചേർത്തിരിക്കുന്ന സൈറ്റ് ഇൻസ്പെക്ഷൻ ചെക്ക് ലിസ്റ്റ് ഫയലിൽ ലഭ്യമല്ല. ഈ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(54/2022-23 തീയതി 21.12.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ഉത്തരവ് പ്രകാരം പരിശോധനകൾ നടത്താതെ കെട്ടിട നിർമാണ അനുമതി അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**1-22 മുൻകൂർ തുക നൽകിയത് - ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല- തുക തടസ്സപ്പെടുത്തുന്നു**

നഗരസഭയിൽ 2022-23 കാലയളവിൽ വിവിധ പ്രവൃത്തികൾ നടത്തുന്നതിനായി താഴെ ചേർത്ത പ്രകാരം മുൻകൂർ തുക അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പേര് /തസ്തിക | ഫയൽ നം | വൗച്ചർ നം/ തീയ്യതി | തുക | ഏത് ഇനത്തിൽ |
|---|---|---|---|---|---|
| 1 | ശ്രീഗിത്ത് കുമാർ PWO II | PWI-6833/22 | 86/05.05.22 | 15000 | റിപ്പയറിംഗ് വാട്ടർ കണക്ഷൻ - മുനിസിപ്പൽ ലൈബ്രറി |
| 2 | അനീസ് HI Gr- II | PH2-7851/22 | 107/17.05.22 | 36000 | സുനാമി ഫ്ലാറ്റ് സെപ്റ്റിക്ക് ടാങ്ക് ക്ലീനിംഗ് |
| 3 | മധു.കെ JHI Gr-I | PWI-14342/21 | 113/19.05.22 | 5300 | ചെന്നിക്കര ശ്മശാനം- മെയിൻ സ്വിച്ച് മാറ്റിയത് |
| 4 | അനീസ് HI Gr- II | PH2-7851/22 | 1288/25.07.22 | 50000 | സുനാമി കോളനി സെപ്റ്റിക്ക് ടാങ്ക് ക്ലീനിംഗ് |
| 5 | ശ്രീഗിത്ത് കുമാർ PWO II | PWI-12666/22 | 289/05.08.22 | 15000 | ടൗൺഹാൾ - ഡൈനിംഗ് ഹാളിന്റെ അടിയന്തിര ഇലക്ട്രിക്കൽ |

| | | | | | |
|---|---|---|---|---|---|
| | | | | | അറ്റകുറ്റപ്പണി |
| 6 | ശ്രീഗിത്ത് കുമാർ PWO II | PWI-11041/22 | 380/05.09.22 | 10000 | വാർഡ് 22ലെ പൊതു കുടിവെള്ള പദ്ധതി -റിപ്പയർ |
| 7 | സുധീർ.ടി JHI Gr-II | PH2-7851/22 | 561/10.11.22 | 30000 | സുനാമി കോളനിയിലെ സെപ്റ്റിക്ക് ടാങ്ക് ക്ലീനിംഗ് |
| 8 | മധു.കെ JHI Gr-I | PH2-21400/21 | 731/09.01.223 | 25000 | പൊതു ശൗചാലയത്തിലേക്ക് സാധനങ്ങൾ വാങ്ങുന്നതിന് |
| 9 | നാരായണൻ ആർ PWO Gr-II | PW1-1067/23 | 787/01.02.23 | 50000 | മത്സ്യമാർക്കറ്റിലെ മാലിന്യം നീക്കം ചെയ്യുന്നതിന് |
| 10 | നാരായണൻ ആർ PWO Gr-II | - | 897/2022-23. 09.03.2023 | 44000 | പുതിയ ബസ്സ്റ്റാന്റിലെ വൈദ്യുതീകരണ പ്രവൃത്തി |
| 11 | നാരായണൻ ആർ PWO Gr-II | PW1-3692/23 | 898/2022-23. 09.03.2023 | 28000 | പുതിയ ബസ്സ്റ്റാന്റിലെ കുഴൽ കിണറിന് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് |
| | | | **ആകെ** | **3,08,300** | |

മേൽ തുകകൾ ചെലവഴിച്ചതിന്റെ ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത പ്രവൃത്തികൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങളും ആയതിന്റെ ചെലവ് രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനുവേണ്ടി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ-24/22-23 തിയ്യതി- 15.11.2023) മറുപടി ലഭ്യമായിട്ടില്ല. സർക്കാർ ഉത്തരവ് ജി.ഒ (പി) നം.419/2011/ഫിൻ തിയ്യതി- 04.10.2011, ജി.ഒ (പി) നം.390/2012/ഫിൻ. തിയ്യതി- 10.07.2012 എന്നിവയിൽ നിർദ്ദേശിച്ചത് പ്രകാരം മുൻകൂറുകൾ കൈപ്പറ്റി മൂന്ന് മാസത്തിനകം ക്രമീകരിക്കാത്തവരിൽ നിന്നും 18% പലിശ സഹിതം മുഴുവൻ തുകയും ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ചെലവു രേഖകൾ ലഭ്യമാക്കാത്തതിനാൽ **3,08,300/-രൂപ** തടസ്സപ്പെടുത്തുന്നു.

**1-23 സാമൂഹ്യ ക്ഷേമ പെൻഷൻ വിതരണം- മരണപ്പെട്ടവരെ പട്ടികയിൽ നിന്ന് ഒഴിവാക്കിയിട്ടില്ല -പെൻഷൻ ഇനത്തിൽ അധിക ചെലവ്**

നഗരസഭയിലെ 2022-23 വർഷത്തെ മരണ രജിസ്റ്റർ, സേവന സോഫ്റ്റ് വെയറുമായി ഒത്തു നോക്കി പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

എ) നഗരസഭാ പരിധിയിൽ താമസക്കാരായ താഴെ കൊടുത്തിരിക്കുന്ന മേൽ വിലാസമുള്ള വ്യക്തികൾക്ക് മരണ തീയ്യതിക്ക് ശേഷവും പെൻഷൻ അനുവദിച്ചതായി കാണുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വ്യക്തിയുടെ പേരും മേൽവിലാസവും | ആധാർ നം./ പെൻഷൻ ഐഡി | മരണപ്പെട്ട തീയ്യതി | മരണപ്പെട്ട ശേഷം നൽകിയ തുക | പഞ്ചായത്ത്/മുനിസിപ്പാലിറ്റി /പെൻഷൻ ബോർഡ് | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 1 | ഖദീജ എം താഷ്കന്റ് ഹൗസ് ചാല റോഡ്, | 202453988212 | 17.12.2022 | 9600 | മുനിസിപ്പാലിറ്റി | വാർദ്ധക്യകാല പെൻഷൻ |

| | | | | | | |
|---|---|---|---|---|---|---|
| | വിദ്യാനഗർ | | | | | |
| 2 | യമുന<br>കൊല്ലമ്മ ഹൗസ്<br>അടുക്കത്ത്ബയൽ<br>കാസറഗോഡ് | 976785226493 | 13.11.2022 | 6400 | മുനിസിപ്പാലിറ്റി | വാർദ്ധക്യകാല പെൻഷൻ |
| 3 | ആമിന<br>തളങ്കര വെസ്റ്റ് ഹിൽ<br>തളങ്കര | 550985760259 | 08.01.2023 | 1600 | മുനിസിപ്പാലിറ്റി | വാർദ്ധക്യകാല പെൻഷൻ |
| 4 | ലക്ഷ്മി<br>അടുക്കത്ത് ബയൽ ബീച്ച്, കാസറഗോഡ് | 759010266359 | 10.08.2022 | 16000 | മുനിസിപ്പാലിറ്റി | കർഷക തൊഴിലാളി പെൻഷൻ |
| 5 | ബീഫാത്തിമ്മ<br>തളങ്കര വെസ്റ്റ് ഹിൽ<br>പി.ഒ തളങ്കര | 514979569255 | 25.01.2023 | 3200 | മുനിസിപ്പാലിറ്റി | വാർദ്ധക്യകാല പെൻഷൻ |
| 6 | സീനപൂജാരി<br>ചേരങ്കൈ കടപ്പുറം<br>അടുക്കത്ത് ബയൽ | 447486790950 | 23.02.2023 | 6400 | മുനിസിപ്പാലിറ്റി | വാർദ്ധക്യകാല പെൻഷൻ |
| 7 | ജമീല<br>മൈസിനി ഹൗസ്<br>ഖാസിലൈൻ<br>ജംങ്ഷൻ, തളങ്കര | 706075274607 | 23.02.2023 | 6400 | മുനസിപ്പാലിറ്റി | വാർദ്ധക്യകാല പെൻഷൻ |
| 8 | ദിൽഷാദ് ബാനു<br>ഖദീജ മൻസിൽ(opp)<br>റെയിൽവേ | 696464620775 | 21.01.2023 | 1600 | മുനിസിപ്പാലിറ്റി | വാർദ്ധക്യകാല പെൻഷൻ |
| 9 | ബീബി<br>ബിലാർ നഗർ<br>സൗത്ത് ബെയിൽ<br>കോറക്കോട്<br>കാസറഗോഡ് | 102240600754 | 14.08.2022 | 16000 | മുനിസിപ്പാലിറ്റി | വിധവാ പെൻഷൻ |
| 10 | കെ. ശ്രീമതി<br>ചെന്നിക്കര,<br>നുള്ളിപ്പാടി,<br>കാസറഗോഡ് | 920102607880 | 16.08.2022 | 16000 | മുനിസിപ്പാലിറ്റി | കർഷക തൊഴിലാളി പെൻഷൻ |
| 11 | പത്മനാഭൻ<br>നെൽക്കള കോളനി കാസറഗോഡ് | 268041383686 | 10.09.2022 | 3200 | മുനിസിപ്പാലിറ്റി | വാർദ്ധക്യകാല പെൻഷൻ |
| 12 | കുഞ്ഞിബി<br>W/o. കുഞ്ഞാമു<br>തളങ്കര,<br>കാസറഗോഡ് | 236687837038 | 27.08.2022 | 1600 | മുനിസിപ്പാലിറ്റി | വിധവാ പെൻഷൻ |

| | | | | | | |
|---|---|---|---|---|---|---|
| 13 | ബി.നാരായണ കാമത്ത് അനന്തേശ്വര നിവാസ് കറന്തക്കാട്, കാസറഗോഡ് | 381846461507 | 28.09.2022 | 3200 | മുനിസിപ്പാലിറ്റി | വാർദ്ധക്യകാല പെൻഷൻ |
| 14 | നളിനി കസബ ബീച്ച്, കാസറഗോഡ് | 997107459203 | 14.10.2022 | 12800 | മുനിസിപ്പാലിറ്റി | വാർദ്ധക്യകാല പെൻഷൻ |
| 15 | അബ്ദുറഹിമാൻ പോയക്കര നിയർ റെയിൽവേ സ്റ്റേഷൻ, കാസറഗോഡ് | 774801772892 | 23.10.2022 | 12800 | മുനിസിപ്പാലിറ്റി | വാർദ്ധക്യകാല പെൻഷൻ |
| 16 | റുഖിയ നെച്ചിപ്പടുപ്പ്, കാസറഗോഡ് | 753813530508 | 31.10.2022 | 12800 | മുനിസിപ്പാലിറ്റി | വിധവാ പെൻഷൻ |
| 17 | കെ.എം. ഹംസ നെല്ലിക്കുന്ന്, അടുക്കത്ത്ബയൽ, കാസറഗോഡ് | 891035265434 | 22.10.2022 | 12800 | മുനിസിപ്പാലിറ്റി | വാർദ്ധക്യകാല പെൻഷൻ |
| 18 | ബാബു.എൻ ഡോ. അംബേദ്കർ റോഡ്, നെല്ലിക്കുന്ന്, കാസറഗോഡ് | 868372929443 | 12.11.2022 | 11200 | മുനിസിപ്പാലിറ്റി | വാർദ്ധക്യകാല പെൻഷൻ |
| 19 | ഇബ്രാഹിം എസ്.എം ജെ.ജെ മൻസിൽ ഹൊന്നംമൂല, തെരുവത്ത്, കാസറഗോഡ് | 936107247414 | 10.12.2022 | 9600 | മുനിസിപ്പാലിറ്റി | വാർദ്ധക്യകാല പെൻഷൻ |
| 20 | കെ.സുഗന്ധി ബങ്കരക്കുന്നിൽ ഹൗസ്, അടുക്കത്ത്ബയൽ, കാസറഗോഡ് | 383551336635 | 19.12.2022 | 3200 | മുനിസിപ്പാലിറ്റി | വിധവാ പെൻഷൻ |
| 21 | എ. ഭാസ്കരൻ, നിയർ സുബ്രഹ്മണ്യബജന മന്ദിർ, അടുക്കത്ത്ബയൽ, കാസറഗോഡ്, | 813434132336 | 24.05.2022 | 20800 | മുനിസിപ്പാലിറ്റി | വാർദ്ധക്യകാല പെൻഷൻ |
| 22 | കെ.ജി. | 563624761912 | 22.06.2022 | 19200 | മുനിസിപ്പാലിറ്റി | വാർദ്ധക്യകാല |

| | | | | | | |
|---|---|---|---|---|---|---|
| | ലോഹിതാക്ഷൻ ലിങ്കപ്പയ്യ നിവാസ് നാഗരക്കട്ട, കൊറക്കോട്, കാസറഗോഡ് | | | | | പെൻഷൻ |
| 23 | മുഹമ്മദ് , ചേരങ്കൈ, കാസറഗോഡ് | 102240201374 | 07.07.2022 | 17600 | മുനിസിപ്പാലിറ്റി | വാർദ്ധക്യകാല പെൻഷൻ |
| 24 | സീന പൂജാരി കൊല്ലാമെ ഹൗസ് അടുക്കത്ത് ബയൽ, കാസറഗോഡ് | 102240203438 | 23.06.2022 | 7200 | മുനിസിപ്പാലിറ്റി | വാർദ്ധക്യകാല പെൻഷൻ |
| 25 | ഉമ്പിച്ചി, എസ്.സി.ബി.ബി.എം. റോഡ്, കടപ്പുറം, കാസറഗോഡ് | 785731305194 | 03.07.2022 | 16000 | മുനിസിപ്പാലിറ്റി | കർഷക തൊഴിലാളി പെൻഷൻ |
| 26 | ഖദീജ, പള്ളിക്കര, തളങ്കര, കാസറഗോഡ് | 476694125052 | 10.07.2022 | 17600 | മുനിസിപ്പാലിറ്റി | വാർദ്ധക്യകാല പെൻഷൻ |
| 27 | മുഹമ്മദ് എ, ചാലക്കുന്ന് ഹൗസ്, ആസാദ് റോഡ്, വിദ്യാനഗർ | 254842023839 | 30.06.2022 | 19200 | മുനിസിപ്പാലിറ്റി | വാർദ്ധക്യകാല പെൻഷൻ |
| 28 | രത്നാകര മല്യ കെ ലളിത സദൻ അമേയ് റോഡ്, കാസറഗോഡ് | 102240201605 | 10.09.2022 | 3200 | മുനിസിപ്പാലിറ്റി | വാർദ്ധക്യകാല പെൻഷൻ |
| 29 | കെ.എം. ജനാർദ്ദനൻ ശാന്തി നിലയ, അശോക് നഗർ, കാസറഗോഡ് | 102240201717 | 22.02.2022 | 25600 | മുനിസിപ്പാലിറ്റി | വാർദ്ധക്യകാല പെൻഷൻ |
| 30 | എം.എ. മുഹമ്മദ് കുഞ്ഞി നിഷാദ് മൻസിൽ, ഇബ്രാഹിം റോഡ്, തളങ്കര | 102240202558 | 20.03.2022 | 24000 | മുനിസിപ്പാലിറ്റി | വാർദ്ധക്യകാല പെൻഷൻ |
| 31 | കെ.ബി. നാരായണി കൃഷ്ണാലയം, നെൽക്കള റോഡ് അണങ്കൂർ | 102240201957 | 17.04.2022 | 16000 | മുനിസിപ്പാലിറ്റി | വാർദ്ധക്യകാല പെൻഷൻ |
| | **ആകെ** | | | **3,52,800/-** | | |

മേൽ പട്ടികയിൽ പരാമർശിച്ചിട്ടുള്ള, മരണപ്പെട്ട വ്യക്തികൾക്ക് , മരണ ശേഷവും പെൻഷൻ അനുവദിച്ചതിന്റെ

കാരണം വിശദാംശങ്ങൾ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും അധികമായി നൽകിയ തുക തിരികെ ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കേണ്ടതുമാണ്.

ബി) നഗരസഭയുടെ സമീപ പഞ്ചായത്തുകളിലെ താമസക്കാരായ താഴെ പറയുന്ന വ്യക്തികൾക്ക് മരണ ശേഷം പെൻഷൻ അനുവദിച്ചിട്ടുണ്ട്.

| ക്രമ നം | വ്യക്തിയുടെ പേരും മേൽവിലാസവും | ആധാർ നം./ പെൻഷൻ ഐഡി | മരണപ്പെട്ട തീയ്യതി | നൽകിയ തുക | പഞ്ചായത്ത്/മുനിസിപ്പാലിറ്റി /പെൻഷൻ ബോർഡ് | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ദാമോദരൻ.കെ ആശിർവാദ് നിലയം, ദേവസ്യ, കണ്ണൂർ | 224956776261 | 26.02.2023 | 6400 | പുത്തിഗെ പഞ്ചായത്ത് | വാർദ്ധക്യകാല പെൻഷൻ |
| 2 | ഹസൈനാർ കോളക്കമൂല (ഹൗസ്) പള്ളം ആദൂർ | 792952087328 | 24.04.2023 | 3200 | കാറഡുക്ക ഗ്രാമ പഞ്ചായത്ത് | വാർദ്ധക്യകാല പെൻഷൻ |
| 3 | ഉമ്മാലി.എ ശക്തിനഗർ മുണ്ടോട് ബേള | 234046442768 | 11.05.2023 | 1600 | ബദിയഡുക്ക ഗ്രാമ പഞ്ചായത്ത് | വാർദ്ധക്യകാല പെൻഷൻ |
| 4 | അബ്ദുള്ളക്കുഞ്ഞി പി പയ്യലടുക്കം ഹൗസ് നീർച്ചാൽ, പെർഡാല, കാസറഗോഡ് | 871326944114 | 30.09.2022 | 14400 | ബദിയഡുക്ക ഗ്രാമ പഞ്ചായത്ത് | വാർദ്ധക്യകാല പെൻഷൻ |
| 5 | ആയിഷമ്മ തോട്ട ഹൗസ് ചെറുഗോളി പി.ഒ മംഗൽപാടി | 550882298042 | 01.10.2022 | 1600 | മംഗൽപാടി ഗ്രാമപഞ്ചായത്ത് | വാർദ്ധക്യകാല പെൻഷൻ |
| 6 | എൻ.എ കുഞ്ഞാമു മാലിക്ക് മൻസിൽ വോറക്കത്തോട്ടി ഹിദായത്ത് നഗർ, കാസറഗോഡ് | 533144708442 | 10.10.2022 | 12800 | മധൂർ ഗ്രാമപഞ്ചായത്ത് | വാർദ്ധക്യകാല പെൻഷൻ |
| 7 | അബ്ദുള്ളക്കുഞ്ഞി.കെ.പി, കോട്ടക്കുന്ന്, ഉദുമ ബാരെ, കാസറഗോഡ് | 333861678331 | 14.05.2022 | 11200 | ഉദുമ ഗ്രാമപഞ്ചായത്ത് | വാർദ്ധക്യകാല പെൻഷൻ |
| 8 | മുഹമ്മദ് കുഞ്ഞി മീത്തൽ മൊവ്വൽ, പള്ളിക്കര, ബേക്കൽ, കാസറഗോഡ് | 960074903752 | 05.05.2022 | 9600 | പള്ളിക്കര ഗ്രാമപഞ്ചായത്ത് | വാർദ്ധക്യകാല പെൻഷൻ |

മേൽ പട്ടികയിൽ പരാമർശിച്ചിട്ടുള്ള മരണപ്പെട്ട വ്യക്തികൾക്ക് ഇപ്പോഴും പെൻഷൻ അനുവദിക്കുന്നുണ്ടോ എന്ന കാര്യം പരിശോധിച്ച് ഉറപ്പു വരുത്തി ആയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്കായി ലഭ്യമാക്കാൻ ആവശ്യപ്പെട്ടു കൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.47/2022-23 തീയ്യതി 07.12.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

23.09.2020 ലെ സ ഉ (എം എസ്)നം.97/2020/ധന ഉത്തരവ് പ്രകാരം പെൻഷൻ കൈപ്പറ്റുന്നയാൾ മരണപ്പെട്ടാൽ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിന് ശേഷവും ആ വിവരം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ അറിയിക്കേണ്ടതാണെന്നും മരണപ്പെട്ടവരുടെ വിവരങ്ങൾ അങ്കണവാടി, ആശാ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ടതിന് ശേഷമുള്ള പെൻഷൻ തുകയ്ക്ക് അനന്തരാവകാശികൾക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല. മരണ വിവരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ അറിയിക്കാതെ പ്രസ്തുത തുക അനന്തരാവകാശികൾ കൈപ്പറ്റുന്നതായി ശ്രദ്ധയിൽപ്പെടുന്ന പക്ഷം ഇത്തരത്തിൽ സർക്കാറിനെ കബളിപ്പിച്ച് അനർഹമായി തട്ടിയെടുത്ത തുക പ്രസ്തുത വ്യക്തികളിൽ നിന്നും തിരിച്ച് പിടിച്ച് സർക്കാറിൽ മുതൽ കൂട്ടുക എന്നത് സെക്രട്ടറിമാരുടെ ഉത്തരവാദിത്തമാണെന്നും പ്രസ്തുത ഉത്തരവിൽ കൂട്ടിച്ചേർത്തിട്ടുണ്ട്.

ധനകാര്യ(എസ് എഫ് സി-ബി) വകുപ്പിന്റെ 02.08.2021 ലെ സർക്കുലർ പ്രകാരം പ്രാദേശിക സർക്കാരിൽ അതത് മാസം റജിസ്റ്റർ ചെയ്യുന്ന മരണങ്ങളിൽ മറ്റേതെങ്കിലും പ്രാദേശിക സർക്കാറിൽ സ്ഥിര താമസമാക്കിയ വ്യക്തികൾ ഉള്ള പക്ഷം അക്കാര്യം മരണം റജിസ്റ്റർ ചെയ്യപ്പെടുന്ന പ്രാദേശിക സർക്കാർ സെക്രട്ടറി മരണപ്പെട്ട വ്യക്തി സ്ഥിരതാമസമാക്കിയിട്ടുള്ള പ്രാദേശിക സർക്കാറിൽ അടുത്ത മാസം പത്താം തീയ്യതിക്ക് മുമ്പ് അറിയിക്കേണ്ടതാണെന്നും ആയത് പരിശോധിച്ച് മരണപ്പെട്ട ഗുണഭോക്താക്കളെ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കാനുള്ള നടപടി ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിമാർ സമയബന്ധിതമായി സ്വീകരിക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഗുണഭോക്താവ് മരണപ്പെട്ടാൽ ഗുണഭോക്താവിന്റെ അവകാശികളോ അടുത്ത ബന്ധുക്കളോ പ്രസ്തുത വിവരം ബന്ധപ്പെട്ട പ്രാദേശിക സർക്കാറിൽ വീഴ്ച്ച കൂടാതെ അറിയിക്കുന്നതിനായി അപേക്ഷകരിൽ നിന്നും സത്യപ്രസ്താവന വാങ്ങി വയ്ക്കേണ്ടതാണ്. പഞ്ചായത്ത് ഡയറക്ടറുടെ 28.09.2019 ലെ സർക്കുലർ പ്രകാരം പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ടതായി പ്രാദേശിക സർക്കാറുകളിൽ അറിയുന്ന അവസരത്തിൽ തന്നെ അന്വേഷണം നടത്തി പ്രസ്തുത പെൻഷൻ റദ്ദ് ചെയ്യേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

സാമൂഹ്യ സുരക്ഷപെൻഷൻ വാങ്ങിവരുന്ന മുഴുവൻ ഗുണഭോക്താക്കളുടേയും വിവരങ്ങൾ സർക്കാർ നിർദ്ദേശിച്ച രീതിയിൽ പരിശോധിച്ച് വിവിധ ക്ഷേമപെൻഷൻ ഗുണഭോക്താക്കളിൽ നിന്നുള്ള മരണപ്പെട്ടവരെ പെൻഷൻ പട്ടികയിൽ നിന്നും ഒഴിവാക്കുവാനും മരണ ശേഷം തുക അനുവദിച്ച കേസുകളിൽ തുക തിരികെ ഈടാക്കി സർക്കാരിലേയ്ക്ക് അടവാക്കുവാനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ടി വിഷയത്തിൽ നഗരസഭയിലെ നിലവിലെ സ്ഥിതി അവലോകനം ചെയ്യേണ്ടതും മരണപ്പെട്ട പെൻഷൻ ഗുണഭോക്താക്കൾക്ക് മരണശേഷം പെൻഷൻ അനുവദിക്കപ്പെടുന്നില്ല എന്ന് ഉറപ്പാക്കേണ്ടതുമാണ്. പ്രസ്തുത വിഷയത്തിലേക്ക് ഭരണസമിതിയുടെയും അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-24 നഗരസഭ ജീവനക്കാരുടെ ശമ്പള ബിൽ പരിശോധന – അധിക നിരക്കിൽ വീട്ടുവാടക ബത്ത നൽകി

പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം (ജി.ഒ.(പി) നം. 27/2021/ധന. തീയ്യതി 10.02.2021) ശമ്പള പരിധി അടിസ്ഥാനമാക്കിയുള്ള നിലവിലുള്ള രീതി ഉപേക്ഷിക്കുകയും ശമ്പളത്തിന്റെ നിശ്ചിത ശതമാനം അടിസ്ഥാനമാക്കി വീട്ടുവാടക ബത്ത അനുവദിക്കുകകയും ചെയ്തിട്ടുണ്ട്. ആയതിന്റെ ഭാഗമായി വീട്ടുവാടക ബത്ത കണക്കാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ സ്ഥലങ്ങളെ 4 ക്ലാസ്സുകളായി തിരിച്ചതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| | |
|---|---|
| ക്ലാസ്സ് എ | തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ മുനിസിപ്പൽ കോർപ്പറേഷനുകൾ. കൂടാതെ ഫോറസ്റ്റ് കോംപ്ലക്സ് മാത്തോട്ടം, കോഴിക്കോട് , കാക്കനാട് സിവിൽ സ്റ്റേഷനിൽ നിന്നും 3 കിലോമീറ്റർ ചുറ്റളവിനുള്ളിൽ സ്ഥിതി ചെയ്യുന്ന സർക്കാർ സ്ഥാപനങ്ങൾ. |
| ക്ലാസ്സ് ബി | ജില്ലാ ആസ്ഥാനങ്ങളിൽ സ്ഥിതി ചെയ്യുന്ന മുനിസിപ്പാലിറ്റികൾ |

| | |
|---|---|
| ക്ലാസ്സ് സി | ജില്ലാ ആസ്ഥാനത്തിന് പുറത്ത് സ്ഥിതി ചെയ്യുന്ന എല്ലാ മുനിസിപ്പാലിറ്റികളും |
| ക്ലാസ്സ് ഡി | എല്ലാ ഗ്രാമ പഞ്ചായത്തുകളും |

ഏറ്റവും കുറഞ്ഞ നിരക്കിലും കൂടിയ നിരക്കിലുമുള്ള വീട്ടുവാടക ബത്തയുടെ നിരക്ക് താഴെ കൊടുക്കുന്നു.**ക്ലാസ്സ്**

| | **അടിസ്ഥാന ശമ്പളത്തിന്റെ ശതമാനാടിസ്ഥാനത്തിലുള്ള നിരക്ക്** | **കുറഞ്ഞ തുക** | **കൂടിയ തുക** |
|---|---|---|---|
| ക്ലാസ്സ് എ | 10% | 2300 | 10000 |
| ക്ലാസ്സ് ബി | 8% | 2000 | 8000 |
| ക്ലാസ്സ് സി | 6% | 1500 | 6000 |
| ക്ലാസ്സ് ഡി | 4% | 1200 | 4000 |

(പ്രാബല്യ തീയ്യതി - 01.03.2021)

മേൽ പട്ടികയിൽ കൊടുത്തിരിക്കുന്ന വിവരങ്ങൾ അനുസരിച്ച് കാസറഗോഡ് നഗരസഭ കാര്യാലയം സ്ഥിതി ചെയ്യുന്നത് ക്ലാസ്സ് സി യിൽ ഉൾപ്പെടുന്ന ജില്ലാ ആസ്ഥാനമല്ലാത്ത മുനിസിപ്പാലിറ്റിയിലാണ്. ആയതിനാൽ നഗരസഭാ കാര്യാലയത്തിലെ ജീവനക്കാർക്ക് ക്ലാസ്സ് സി യിൽ ഉൾപ്പെടുന്ന മുനിസിപ്പാലിറ്റികൾക്ക് ബാധകമായ 6% വീട്ടുവാടക ബത്ത മാത്രമേ അനുവദിക്കുവാൻ സാധിക്കുകയുള്ളൂ. എന്നാൽ നഗരസഭാ ജീവനക്കാരുടെ ശമ്പള ബിൽ പരിശോധിച്ചതിൽ 2022-23 സാമ്പത്തിക വർഷവും സെക്രട്ടറി ഒഴികെയുള്ള മുഴുവനും ജീവനക്കാർക്കും 8% നിരക്കിൽ വീട്ടുവാടക ബത്ത അനുവദിച്ചതായി കാണുന്നു. സ്പാർക്ക് മുഖേന ട്രഷറിയിൽ നിന്നും ശമ്പളം പിൻവലിക്കുന്ന സെക്രട്ടറിക്ക് 6% നിരക്കിലാണ് വീട്ടുവാടക ബത്ത അനുവദിച്ചിരിക്കുന്നത്. കാസറഗോഡ് ജില്ലാ ട്രഷറി ഓഫീസറുടെ 03.08.2022ലെ നം. എ3/15/HRA/2022 നമ്പർ കത്ത് പ്രകാരം കാസറഗോഡ് നഗരസഭാ കാര്യാലയത്തിലെ ജീവനക്കാർക്ക് ക്ലാസ്സ് സി യിൽ ഉൾപ്പെടുന്ന മുനിസിപ്പാലിറ്റികൾക്ക് ബാധകമായ 6% വീട്ടുവാടക ബത്ത മാത്രമേ അനുവദിക്കുവാൻ സാധിക്കുകയുള്ളൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. മറിച്ച് 8% വീട്ടുവാടക ബത്തയ്ക്ക് അർഹതയുള്ള പക്ഷം സർക്കാരിനെ സമീപിച്ച് ഇക്കാര്യത്തിൽ നിവൃത്തി വരുത്താവുന്നതാണെന്നും പ്രസ്തുത കത്തിൽ കൂട്ടിച്ചേർത്തിട്ടുണ്ട്. ഒരേ കാര്യാലയത്തിൽ ജോലി ചെയ്യുന്ന സെക്രട്ടറിക്ക് 6% നിരക്കിലും മറ്റു ജീവനക്കാർക്ക് 8% നിരക്കിലും വീട്ടുവാടക ബത്ത അനുവദിച്ചതിലെ വൈരുദ്ധ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ ജില്ലാ ആസ്ഥാനം ഉൾപ്പെടുന്ന ക്ലാസ്സ് ബി മുനിസിപ്പാലിറ്റിയിൽ ഉൾപ്പെടുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് മാത്രം അർഹതയുള്ള 8% നിരക്കിലുള്ള വീട്ടുവാടക ബത്ത കാസറഗോഡ് നഗരസഭാ കാര്യാലയത്തിലെ ജീവനക്കാർക്ക് അനുവദിച്ചതിൽ വിശദീകരണം ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നം. 50/12.12.2023).

കാസർഗോഡ് ജില്ലാ ആസ്ഥാനത്ത് നിന്നും 5 കിലോമീറ്റർ ദൂര പരിധിയിൽ സ്ഥിതി ചെയ്യുന്ന കാസർഗോഡ് മുനിസിപ്പാലിറ്റിയെ ജില്ലാ ആസ്ഥാന പരിധിയിലുള്ള മുനിസിപ്പാലിറ്റിയായി പരിഗണിച്ച് ക്ലാസ്സ് B മുനിസിപ്പാലിറ്റികൾക്ക് അനുവദിച്ചിട്ടുള്ള 8% നിരക്കിൽ വീട്ടു വാടക ബത്ത അനുവദിച്ചുകൊണ്ട് ടി ശമ്പള പരിഷ്കരണ ഉത്തരവ് സർക്കാർ പുന:പരിശോധിക്കാത്ത പക്ഷം ടി ജീവനക്കാർക്ക് അധികമായി നൽകിയ വീട്ട് വാടക ബത്ത തനത് ഫണ്ടിലേക്ക് തിരികെ അടവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. HRA ഇനത്തിൽ അധികമായി നഗരസഭ ജീവനക്കാർ കൈപ്പറ്റിയ വീട്ടുവാടക ബത്ത കണക്കാക്കി അധിക തുക ഓരോ ജീവനക്കാരിൽ നിന്നും തിരികെ ഈടാക്കി വിശദ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-25 കേസ് നടത്തിപ്പിന് അനുവദനീയമായ പരിധിയിൽ കൂടുതൽ വക്കീൽ ഫീസ് നൽകി**

വൗച്ചർ നം/തീയതി:-41/2022-23,22.04.2022

ഫയൽ നമ്പർ :-A2-10949/2020

തുക :-30575/-(ചെക്ക് നമ്പർ:195006/22.04.2022)

സ.ഉ(എം.എസ്)നം.36/16/തസ്വഭവ. തീയതി.18.02.16 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിലവിലുള്ള കേസുകൾക്ക് കേസൊന്നിന് 15,000 രൂപ വരെ വക്കീൽ ഫീസ് അനുവദിക്കുന്നതിനും 50,000 രൂപ വരെ വകുപ്പദ്ധ്യക്ഷന്മാരുടെ അനുമതിയ്ക്ക് വിധേയമായി ഈ ഇനത്തിൽ ചെലവഴിയ്ക്കുന്നതിനും 50,000 രൂപയ്ക്ക് മുകളിലുള്ള തുക വക്കീൽ ഫീസായി ചെലവഴിയ്ക്കുന്നതിന് സർക്കാർ അനുമതി തേടേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ കാസറഗോഡ് നഗരസഭയ്ക്കുവേണ്ടി O.S No.26/2020 നമ്പർ കേസിന് ഹാജരായ അഡ്വ. എം വി ഭട്ടിന് 30575/- രൂപ വക്കീൽ ഫീസിനത്തിൽ അനുവദിച്ചിട്ടുണ്ട്.പ്രസ്തുത ഫയൽ പരിശോധിച്ചതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 18.02.2022 ലെ 12ാം നമ്പർ തീരുമാന പ്രകാരമാണ് ഫീസ് അനുവദിച്ചിരിക്കുന്നത്. വക്കീൽ ഫീസിനത്തിൽ സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന പരിധിയിൽ കൂടുതൽ തുക ചെലവഴിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് അദ്ധ്യക്ഷനിൽ നിന്നോ സർക്കാറിൽ നിന്നോ അനുമതി നേടിയതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (32/2022-23 തീയതി:18.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.വക്കീൽ ഫീസിനത്തിൽ സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന പരിധിയിൽ കൂടുതൽ തുക ചെലവഴിച്ചതിന് വകുപ്പ് മേധാവിയിൽ നിന്ന് സാധൂകരണം ലഭ്യമാക്കുന്നതു വരെ മേൽ ആവശ്യത്തിന് ചെലവഴിച്ച 30575/- രൂപ തടസ്സപ്പെടുത്തുന്നു.

**1-26 തെരുവു വിളക്ക് പരിപാലന പദ്ധതി- ലേബർ ചാർജ്ജ് നൽകിയത് - ചെലവു തുക തടസ്സപ്പെടുത്തുന്നു.**

നഗരസഭയിലെ തെരുവു വിളക്കുകളുടെ പരിപാലനവുമായി ബന്ധപ്പെട്ട് അസി. എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ബഹുവർഷ പദ്ധതിക്ക് (SO 368/22) 2021-22 വർഷത്തേക്ക് ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ 5 ലക്ഷം രൂപയും 2022-23 വർഷത്തേക്ക് തനത് ഫണ്ട് 25 ലക്ഷം (പ്രൊജക്ട് നം.319/23) രൂപയുമാണ് വകയിരുത്തിയത്. 2022-23 വർഷം പ്രൊജക്ട് നം.319/23 പ്രകാരം ആകെ അടങ്കൽ 30 ലക്ഷം രൂപ വകയിരുത്തിയതിൽ നിന്നും ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിലുള്ള 5 ലക്ഷം രൂപ ചെലവഴിച്ചിട്ടില്ല. തനതു ഫണ്ടിൽ വകയിരുത്തിയ 25 ലക്ഷം രൂപയാണ് പദ്ധതിക്കായി ചെലവഴിച്ചത്.

| ക്രമ നമ്പർ | തുക | ചെക്ക് നമ്പർ | തിയ്യതി |
|---|---|---|---|
| 1 | 10,00,000 | 486850 | 13.12.2022 |
| 2 | 10,00,000 | 079092 | 02.03.2023 |
| 3 | 5,00,000 | 328970 | 25.03.2023 |
| **ആകെ** | **25,00,000** | | |

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ പരാമർശങ്ങൾ താഴെ ചേർക്കുന്നു.

**1) ഓരോ വാർഡിലും എത്ര തെരുവു വിളക്കുകൾ മെയിന്റനൻസ് നടത്തേണ്ടതുണ്ട് എന്ന് ബന്ധപ്പെട്ട വാർഡ് കൗൺസിലർ നഗരസഭയെ അറിയിച്ച്, ആയതിന്റെ അടിസ്ഥാനത്തിൽ നഗരസഭയിൽ നിന്നും കരാറുകാരനെ അറിയിച്ചാണ് മെയിന്റനൻസ് നടത്തേണ്ടത്. ഓരോ വാർഡിലും കേടായ തെരുവു വിളക്കുകൾ കണ്ടെത്തി ആയതു കരാറുകാരനെ അറിയിച്ചതിന്റെ അടിസ്ഥാനത്തിലല്ല മെയിന്റനൻസ് നടത്തിയിട്ടുള്ളത്. നിലവിൽ കരാറുകാരൻ തന്നെ മെയിന്റനൻസ് നടത്തിയതായി അറിയിക്കുകയും ആയത് വാർഡ് കൗൺസിലർമാർ സാക്ഷ്യപ്പെടുത്തി നൽകുകയുമാണ് ചെയ്തിട്ടുള്ളത്.**

2) മെയിന്റനൻസ് നടത്തുന്നതിനായി വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റേയോ, കേടായി മാറ്റിയ സാധനങ്ങൾ നഗരസഭയിൽ തിരികെ നൽകിയതിന്റെയോ, കൂടാതെ കേടായ സാധനങ്ങൾ ഏതു കാലയളവിൽ വാങ്ങിയതാണ് തുടങ്ങിയ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

3) മെയിന്റനൻസിന്റെ ഭാഗമായി എല്ലാ വാർഡുകളിലും 25 Watts, 50 Watts ബൾബുകൾ, ഹോൾഡറുകൾ, സർവ്വീസ് വയർ തുടങ്ങിയവയാണ് പ്രധാനമായും മാറ്റിയിട്ടുള്ളത്. എൽ ഇ ഡി ബൾബുകൾക്കും മറ്റ് ഇലക്ട്രിക്കൽ ഉപകരണങ്ങൾക്കും പരമാവധി ഒരു വർഷമെങ്കിലും വാറന്റി നിലവിൽ ലഭ്യമാണ്. എന്നാൽ മെയിന്റനൻസിന്റെ ഭാഗമായി മാറ്റിയിടപ്പെട്ട ബൾബുകളും മറ്റും വാറന്റി ലഭ്യമാകുന്ന കാലയളവിലുള്ളതാണോ എന്ന് പരിശോധിക്കാൻ ബില്ലുകളുടെ അഭാവത്തിൽ കഴിഞ്ഞിട്ടില്ല.

4) ഇലക്ട്രിക്ക് ഷോർട്ട് സർക്ക്യൂട്ട് മൂലം പോസ്റ്റിൽ നിരന്തരം കയറിയിറങ്ങേണ്ട അവസ്ഥയുണ്ടാകുന്നുവെന്നും ആയതിനാൽ പോസ്റ്റിൽ പരിശോധനയ്ക്ക് കയറുന്നതിനുള്ള പണിക്കൂലി പ്രത്യേകം അനുവദിച്ചുതരണമെന്ന് കരാറുകാരൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓരോ പ്രാവശ്യവും പോസ്റ്റിൽ കയറുന്നതിന് 185.47/- രൂപ പ്രകാരം അനുവദിച്ച് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയുണ്ടായി . കേടായ ബൾബുകളും മറ്റും മാറ്റുന്നതിന് പോസ്റ്റിൽ കയറുക എന്നത് മെയിന്റനൻസിന്റെ ഭാഗമായുള്ള പ്രവൃത്തിയാണ്. ആയതിനും കൂടിയാണ് നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. എസ്റ്റിമേറ്റിൽ " Supply And Replace Of .......” എന്നാണ് കാണിച്ചിരിക്കുന്നത്. ഇലക്ട്രിക്ക് ഷോർട്ട് സർക്യൂട്ട് മൂലം നിരവധി തവണ മെയിന്റനൻസിനായി പോസ്റ്റിൽ കയറേണ്ടി വരിക എന്നത് കെ.എസ്.ഇ.ബി. യുടെ ഭാഗത്തു നിന്നുള്ള വീഴ്ച മൂലമാണ്. ആയത് പരിഹരിക്കുന്നതിന് ഈ വിഷയം കെ.എസ്.ഇ.ബി. യുടെ ശ്രദ്ധയിൽ കൊണ്ടുവരിക എന്നുള്ളതാണ് സാധ്യമായിട്ടുള്ളത്.

5) പ്രവർത്തിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ ലേബർ ചാർജ്ജ് ഇനത്തിൽ നഗരസഭയിലെ 38 വാർഡുകളിലായി താഴെ ചേർത്ത പ്രകാരമുള്ള തുക ചെലവഴിച്ചിട്ടുണ്ട്.

| വാർഡ് നം. | തുക ₹ |
|---|---|
| 1 | 11499 |
| 2 | 12982 |
| 3 | 18361 |
| 4 | 13539 |
| 5 | 19288 |
| 6 | 18732 |
| 7 | 14837 |
| 8 | 13168 |
| 9 | 13539 |
| 10 | 17805 |
| 11 | 8160 |
| 12 | 6676 |
| 13 | 10942 |
| 14 | 11870 |
| 15 | 1854 |
| 16 | 2967 |

| | |
|---|---|
| 17 | 5564 |
| 18 | 17431 |
| 19 | 14281 |
| 20 | 12797 |
| 21 | 14095 |
| 22 | 10386 |
| 23 | 5935 |
| 24 | 5378 |
| 25 | 10200 |
| 26 | 9829 |
| 27 | 7233 |
| 28 | 16877 |
| 29 | 15764 |
| 30 | 14466 |
| 31 | 6862 |
| 32 | 14281 |
| 33 | 12797 |
| 34 | 12241 |
| 35 | 11870 |
| 36 | 13168 |
| 37 | 7975 |
| 38 | 8717 |
| **ആകെ** | **4,44,366** |

ഇപ്രകാരം ലേബർ ചാർജ്ജ് കണക്കാക്കിയതിന്റെ ആധികാരികത പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ ഫയലിൽ ലഭ്യമല്ല. കൂടാതെ ഇൻവോയ്സിന്റെ പകർപ്പിൽ തുക പലതവണ തിരുത്തി എഴുതിയതായി കാണുന്നു.

മേൽ അപാകതകൾ പരിശോധിച്ച് മറുപടി റിപ്പോർട്ട് ചെയ്യുന്നതിനുവേണ്ടി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ- 27/22-23തിയ്യതി- 20.22.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ലേബർ ചാർജ്ജ് കണക്കാക്കിയതിന്റെ ആധികാരികത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കാത്തതിനാൽ ടിയിനത്തിൽ ചെലവഴിച്ച **4,44,366/-** രൂപ തടസ്സപ്പെടുത്തുന്നു.

**1-27 നഗരസഭയിൽ ഉപയോഗിക്കുന്ന സോഫ്റ്റ് വെയറുകളിൽ ഓഡിറ്റർ ലോഗിൻ അനുവദിച്ചിട്ടില്ല**

നഗരസഭയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഡി സി ബി ഇനങ്ങളുടെ കൈകാര്യം എളുപ്പമാക്കുന്നതിനുമായി നിലവിൽ നഗരസഭയിൽ താഴെ പറയുന്ന സോഫ്റ്റ് വെയറുകൾ ഉപയോഗിക്കുന്നുണ്ട്.ഇവ ഉപയോഗിച്ച് കൂടുതൽ പരിശോധനകൾ നടത്തുന്നതിനായി ഈ ഓഫീസിന് ലോഗിൻ ഐഡിയും പാസ്സ് വേർഡും ലഭ്യമാക്കാൻ ആവശ്യപ്പെട്ടെങ്കിലും ഇതുവരെ ലഭ്യമാക്കിയിട്ടില്ല. സോഫ്റ്റ് വെയറുകൾ താഴെ പറയുന്നവയാണ്.

1.സാംഖ്യ(വെബ്)

2.സഞ്ചയ (വസ്തു നികുതി)

3. സഞ്ചയ (ലൈസൻസ്)

4. സഞ്ചയ (തൊഴിൽ നികുതി ട്രേഡേഴ്സ്)

5. സുലേഖ (പ്ലാൻ മോണിറ്ററിംഗ്)

6. ഐ.ബി.പി.എം.എസ് (ഇൻറലിജന്റ് ബിൽഡിംഗ് പെർമിറ്റ് മാനേജ്മെന്റ് സിസ്റ്റം)

മേൽ സോഫ്റ്റ് വെയറുകളിൽ ലോഗിൻ ലഭ്യമാക്കണമെന്ന ആവശ്യപ്പെട്ടുകൊണ്ട് നൽകിയ കെ എസ് എ/ കെ എസ് എം3/09/2023 നം കത്ത് പ്രകാരം സാംഖ്യ (ലോക്കൽ) യിൽ ഓഡിറ്റർ ലോഗിൻ അനുവദിച്ചിട്ടുണ്ട്. നഗരസഭയിൽ ഉപയോഗിക്കുന്ന മുഴുവൻ സോഫ്റ്റ്‌വെയറുകളിലും ഓഡിറ്റ് സെക്ഷന് ലോഗിൻ ഐഡിയും പാസ്സ്‌വേർഡും ലഭിച്ചാൽ മാത്രമെ നഗരസഭയിലെ വരവ് ചെലവുകളുടെ ഓഡിറ്റ് ഓൺലൈനായി നിർവ്വഹിക്കാൻ സാധിക്കുകയുള്ളൂ. ആയതിനാൽ ലോഗിൻ ലഭ്യമാക്കാനുള്ള അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-28 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - കാലതാമസം ഒഴിവാക്കേണ്ടതാണ്**

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഹോമിയോ മെഡിക്കൽ ഓഫീസർ

പ്രൊജക്ട് നമ്പർ - 08/23, ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ പദ്ധതി

മെയിന്റനൻസ് (റോഡിതരം) - 3,00,000/-

ബിൽ നം. 600841808/29.11.22 , 3,00,000/-

പ്രസ്തുത തുക UTR നമ്പർ RBI 3372278664248/03.12.2022 പ്രകാരം ഹോംകോയുടെ ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു. തുടർന്ന് 31.01.2023ന് മെഡിക്കൽ ഓഫീസർ ഹോംകോയുമായി കരാർ ഒപ്പിട്ടു,

കരാർ പ്രകാരം തുക കിട്ടിയ ദിവസം മുതൽ 9 മാസത്തിനുള്ളിൽ ഹോംകോ മരുന്ന് വിതരണം പൂർത്തീകരിക്കേണ്ടതുമാണ്. അല്ലാത്ത പക്ഷം നഷ്ടപരിഹാരം (നഷ്ടമുണ്ടെങ്കിൽ) നൽകേണ്ടതുമാണ്.)

03.12.2022ന് തന്നെ ഹോകോയ്ക്ക് തുക ലഭിച്ചിട്ടുണ്ട്. കരാർ കാലാവധിയായ 9 മാസം കഴിഞ്ഞെങ്കിലും ആകെ 1,15,891/- രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമാക്കിയത്.

ഇൻവോയ്സ് നമ്പർ LF 766/31.07.23 പ്രകാരം 1,15,891/-രൂപയുടെ മരുന്ന്)

ബാക്കി പകുതിയിലധികം തുകയ്ക്കുള്ള 1,84,109/- രൂപയുടെ മരുന്ന് ഇനിയും ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കുന്നതിനാവശ്യമായ അടിയന്തിര തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-29 പട്ടിക ജാതി വികസന ഓഫീസർ നടപ്പിലാക്കിയ പദ്ധതികൾ - അപാകതകൾ**

2022-23 സാമ്പത്തിക വർഷത്തിൽ പട്ടിക ജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകളിലെ അപാകതകൾ താഴെ പറയുന്നു.

1.

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 174/2022-23, പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങൽ. |
| അടങ്കൽ തുക | SCP – 5,90,000/- |
| ചെലവ് | 3,91,677/- |
| ബിൽ നം/തീയ്യതി | 10/2022-23 /22.03.2023 |

മേൽ പദ്ധതി പ്രകാരം സർക്കാർ എയ്ഡഡ് സ്വകാര്യ സ്ഥാപനങ്ങളിൽ പഠിക്കുന്ന 11 വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്തിട്ടുണ്ട്. കേരള ഐ.ടി മിഷനിൽ നിന്നാണ് ലാപ്ടോപ്പ് വാങ്ങിയിട്ടുള്ളത്. വിതരണം നടത്തിയ വിവരം സ്റ്റോക്ക് രജിസ്റ്ററിൽ പേജ് നം. 62,63,64, കളിൽ ചേർത്തിട്ടുണ്ടെങ്കിലും ടാക്സ് ഇൻവോയ്സ് നമ്പർ തീയതി, ലാപ്ടോപ്പുകളുടെ എണ്ണം, അവയുടെ തുക എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ആയത് രേഖപ്പെടുത്തി നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2.

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 29/2022-23, പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വാങ്ങൽ (Spill Over) |
| അടങ്കൽ തുക | SCP – 3,38,445/- |
| ചെലവ് | 1,42,520/- |

| | |
|---|---|
| ബിൽ നം/തീയ്യതി | 06/2022-23 /30.11.2022 |

മേൽ പദ്ധതി പ്രകാരം GEM (Ideal System Pazhoor, Kesavadasapuram, Thiruvananthapuram) നിന്ന് ടാക്സ് ഇൻവോയ്സ് നം. IDE/B2C28/2022-23 Dated 16.11.2022 പ്രകാരം 4 ലാപ്ടോപ്പുകൾ വാങ്ങിയിട്ടുണ്ട്. എന്നാൽ ലാപ്ടോപ്പ് ലഭിച്ചതിന്റെ വിശദാംശംങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ പ്രകാരം ഇതിൽ 3 എണ്ണം ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ബാക്കിയുള്ള ഒരു ലാപ്ടോപ്പ് ഇതുവരെയായി വിതരണം ചെയ്തതായി കാണുന്നില്ല. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (3/2023 തീയതി 05.10.2023) ക്ക് മറുപടിയായി ഗുണഭോക്തൃ പട്ടികയിൽ 4 വിദ്യാർത്ഥികൾ ഉൾപ്പെട്ടിരുന്നതിന്റെ അടിസ്ഥാനത്തിൽ 4 ലാപ്ടോപ്പുകൾ വാങ്ങിയതായും, വിതരണം ചെയ്ത സമയത്ത് ഒരു വിദ്യാർത്ഥി ലാപ്ട്ടോപ്പ് അനുവദിക്കുന്നതിന് മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരമുള്ള കോഴ്സിന് പഠനം നടത്തുന്ന വിദ്യാർത്ഥിയല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടതായും അതിനാലാണ് ഒരു ലാപ്ട്ടോപ്പ് വിതരണം ചെയ്യാതെ ബാക്കി വന്നിട്ടുള്ളതെന്നും. ആയത് 2023-24 വർഷത്തെ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താവിന് വിതരണം ചെയ്യാം എന്നും അറിയിച്ചു. പ്രസ്തുത മറുപടി തൃപ്തികരമല്ല. തയ്യാറാക്കിയ ഗുണഭോക്തൃ പട്ടികയിലെ അംഗങ്ങളുടെ അർഹത സൂക്ഷ്മ പരിശോധന നടത്തേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഉത്തരവാദിത്വമാണ്. വിദ്യാർത്ഥിയുടെ പഠന കോഴ്സ് ഏതാണെന്ന് പരിശോധിക്കാതെ ആനുകൂല്യം നൽകാൻ പദ്ധതിയിൽ ഫണ്ട് വകയിരുത്തുകയും ലാപ്ടോപ്പ് വാങ്ങുകയും ചെയ്തത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ വീഴ്ചയാണ്. ഇപ്രകാരം വാങ്ങിയ ലാപ്ടോപ്പിന്റെ വാറന്റി കാലാവധി 3 വർഷമാണ്. ഒരു വർഷം ഉപയോഗിക്കാതെ സൂക്ഷിച്ചതു വഴി ലാപ്ടോപ്പിന്റെ വാറന്റി കാലാവധിയിൽ ഒരു വർഷം പാഴായിപോയിട്ടുണ്ട്. അർഹമായ ഗുണഭോക്താക്കളുടെ എണ്ണത്തിന് അനുസൃതമായി ലാപ്ടോപ്പ് വാങ്ങാതെ ഒരു ലാപ്ടോപ്പ് അധികം വാങ്ങിയതു മൂലം നഗരസഭാ ഫണ്ടിന് വരുത്തിയ 35,630/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കൂടാതെ ലാപ്ടോപ്പ് വിതരണം നടത്തിയ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്റർ പേജ് നം. 68 ൽ ചേർത്തിട്ടുണ്ടെങ്കിലും ടാക്സ് ഇൻവോയ്സ് നമ്പർ തീയതി, ലാപ്ടോപ്പുകളുടെ എണ്ണം, അവയുടെ ആകെ തുക എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ആയത് രേഖപ്പെടുത്തി നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

3.

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 175/2022-23, പട്ടിക ജാതി പ്രീമെട്രിക്ക് ഹോസ്റ്റൽ ചെലവുകൾ |
| അടങ്കൽ തുക | SCP – 4,69,142/- |
| ചെലവ് | 4,67,722/- |
| ബിൽ നം/തീയ്യതി | 07/2022-23, 17.12.2022 – 33,000/- |
| | 08/2022-23, 22.02.2023 – 70003/- |
| | 11/2022-23, 28.03.2023 – 3,64,719/- |

പ്രൊഫോർമ ഇൻവോയ്സ് നം. SSG/F2(P)/2022-23/2869/163/2022-23 Dated 16.03.2023 പ്രകാരം കെൽട്രോൺ എന്ന സ്ഥാപനത്തിന് CCTV സ്ഥാപിക്കുന്നതിന് 364719/-രൂപ നൽകിയിട്ടുണ്ട്. എന്നാൽ CCTV സ്ഥാപിച്ചതുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. പ്രസ്തുത രേഖകളുടെ അഭാവത്തിൽ പദ്ധതിക്കായി ചെലവഴിച്ച 3,64,719/- രൂപ തടസ്സപ്പെടുത്തുന്നു. CCTV സ്ഥാപിച്ചതുമായി ബന്ധപ്പെട്ട ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ്, കമ്മീഷൻ ചെയ്തതിന്റെ വിവരവും ഉപകരണങ്ങളുടെ വിവരവും ഉപകരണങ്ങളുടെ വിശദവിവരം സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് സാക്ഷ്യപ്പെടുത്തി ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

**1-30 നഗരസഭയിലെ വീടുകൾക്ക് ബയോബിൻ നൽകൽ - പദ്ധതി ലക്ഷ്യപ്രാപ്തി കൈവരിച്ചില്ല**

| | |
|---|---|
| പ്രൊജക്ട് നമ്പർ | 162/23 (SO 337/22) |
| അടങ്കൽ തുക (18,00,000/-) | ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 16,20,000/-<br>ഗുണഭോക്തൃ വിഹിതം - 1,80,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ, കാസറഗോഡ് നഗരസഭ |

കാസർഗോഡ് നഗരസഭയിൽ ഉറവിട മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി , നഗരസഭയിലെ തെരഞ്ഞെടുത്ത 1000 ഗുണഭോക്താക്കൾക്ക് ബയോ കമ്പോസ്റ്റർ ബിൻ സ്ഥാപിച്ചു നൽകുന്നതിന്, 2021-22 വർഷം ഏക വർഷ പ്രൊജക്ടായി ആരംഭിക്കുകയും (പ്രോജക്ട് നമ്പർ- 337/22) , 2022-23 സാമ്പത്തികവർഷം സ്പിൽ ഓവർ പ്രൊജക്ട് ആയി അംഗീകാരം ലഭിച്ച് (പ്രൊജക്ട് നമ്പർ -162/23) 18,00,000/- രൂപ അടങ്കൽ വകയിരുത്തി (10% ഗുണഭോക്തൃ വിഹിതം ഉൾപ്പെടെ) ഹെൽത്ത് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി തയ്യാറാക്കിയ പദ്ധതിയാണ് 'നഗരസഭയിലെ വീടുകൾക്ക് ബയോ ബിൻ നൽകൽ'. അയതിനുവേണ്ടി ഇ- ടെണ്ടർ ക്ഷണിക്കുകയും ആറ് ടെണ്ടർ ലഭിച്ചതിൽ , ഏറ്റവും കുറഞ്ഞ തുകയായ 1442/- രൂപ ക്വാട്ട് ചെയ്ത M/s Santa Polymers, Vaikom എന്ന സ്ഥാപനവുമായി കരാറിലേർപ്പെടുകയും ചെയ്തു. ( നമ്പർ 03/2022-23 Dt. 14.06.2022) 1000 ബയോബിൻ സപ്ലൈ ചെയ്ത വകയിൽ , M/s Santa Polymers, Vaikom, Kottayam എന്ന സ്ഥാപനത്തിന് ടെണ്ടർ തുകയായ 14,42,000/- രൂപയിൽ ഗുണഭോക്തൃ വിഹിതം (1,44,200/-) , GST (12978+12978), IT
(25956/-) എന്നിവ കിഴിച്ച് 12,45888/- രൂപ 31.10.2022 ന് E- Payment മുഖേന കൈമാറിയിട്ടുണ്ട്.

എന്നാൽ ലഭ്യമായ 1000 ബയോബിന്നുകൾ വിതരണം ചെയ്തതിന്റെ വിവരമോ , എത്ര വീടുകൾക്ക് ബയോബിൻ സ്ഥാപിച്ചു നല്കിയിട്ടുണ്ടെന്നോ, ബയോബിൻ സ്ഥാപിച്ചു നൽകിയ ഗുണഭോക്താക്കളുടെ വാർഡ് അടിസ്ഥാനത്തിലുള്ള വിവരമോ ഉൾപ്പെട്ട രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. സപ്ലൈ ചെയ്തതും സ്ഥാപിച്ചിട്ടുള്ളതുമായ ബയോ ബിന്നുകൾ, കരാറിൽ ചേർത്ത പ്രകാരമുള്ള " 20.09.2012 ലെ ജി.ഓ (എം എസ്) നം. 239/2012/ എൽ എസ് ജി ഡി സർക്കാർ ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള ഡിസൈൻ, സ്റ്റാന്റേർഡ്, സ്പെസിഫിക്കേഷൻ" പ്രകാരമുള്ളതാണെന്ന് പരിശോധിച്ച് ഉറപ്പാക്കിയതായി കാണുന്നില്ല. മുഴുവൻ ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃ വിഹിതം ഈടാക്കിയിട്ടുണ്ടോ , അടങ്കൽ തുകയുടെ 10% ആയ 180/- രൂപ വീതമാണോ ഈടാക്കിയിട്ടുള്ളത് , സാന്റാ പോളിമേഴ്സ്, വൈക്കം എന്ന സ്ഥാപനത്തിന് ബാക്കി തുക നൽകിയതിന്റെ വിവരം എന്നിവയും ലഭ്യമല്ല.
ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ -4 , തിയ്യതി-11.10.2023 ) ലഭ്യമാക്കിയ മറുപടി പ്രകാരം , 282 വീടുകളിൽ ബയോബിൻ സ്ഥാപിച്ചു നൽകിയതായും ടെണ്ടർ തുകയുടെ 10% ആയ 150/- രൂപ വീതം ഗുണഭോക്തൃവിഹിതം ഈടാക്കിയതായും അറിയിച്ചിട്ടുണ്ട്.

1000 വീടുകൾക്ക് ബയോബിൻ നൽകുവാനുള്ള പ്രസ്തുത പദ്ധതിപ്രകാരം നാളിതുവരെ 282 വീടുകൾക്കാണ് ബയോബിൻ സ്ഥാപിച്ചു നൽകിയത്. ബാക്കിയുള്ള 718 ബയോബിന്നുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. 14,42,000/- രൂപ ചെലവഴിച്ച് വിതരണക്കാരിൽനിന്നും വാങ്ങിയ 1000 ബിന്നുകളിൽ ബാക്കിയുള്ളവ നഗരസഭയിൽ ഉപയോഗശൂന്യമായി സൂക്ഷിച്ചിരിക്കുകയാണ്. ആയതിനാൽ പദ്ധതി ലക്ഷ്യപ്രാപ്തി കൈവരിച്ചില്ലെന്ന് ഓഡിറ്റിൽ നിരീക്ഷിക്കുന്നു.

ഉറവിട മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കുന്ന ഇത്തരം പദ്ധതികൾ , അതിന്റെ ലക്ഷ്യപ്രാപ്തി കൈവരിക്കുന്നുണ്ടോ എന്നും സുതാര്യമായും നടപടിക്രമങ്ങൾ പാലിച്ച് നടപ്പിലാക്കുന്നുണ്ടോ എന്നും പരിശോധിക്കുന്നതിനായി ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

**1-31 നഗരസഭയിലെ വീടുകളിൽ ജൈവമാലിന്യ സംസ്കരണ യൂണിറ്റുകൾ നൽകൽ-പദ്ധതി ആസൂത്രണത്തിൽ അപാകത**

| | |
|---|---|
| പ്രൊജക്ട് നമ്പർ | 160/23 (SO-223/22) |
| അടങ്കൽ തുക (1,44,92500) | ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 60,43,372 |
| | കേന്ദ്രാവിഷ്കൃത ഫണ്ട്- 50,72375 |
| | സംസ്ഥാനാവിഷ്കൃത ഫണ്ട്- 3376753 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ, കാസറഗോഡ് നഗരസഭ |

നഗരസഭയിലെ ജൈവമാലിന്യ പ്രശ്നം ലഘൂകരിക്കുന്നതിന് ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങളായ റിംഗ് കംപോസ്റ്റ് യൂണിറ്റ്, ബയോഗ്യാസ് പ്ലാന്റ് യൂണിറ്റ് എന്നിവ കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിന് 2021-22 വർഷം , ഏക വർഷ പ്രൊജക്ട് ആയി ആരംഭിച്ച് (പ്രൊജക്ട് നമ്പർ : 223/22) 35,95000/- രൂപ വകയിരുത്തുകയും , 2022-23 സാമ്പത്തികവർഷം സ്പിൽ ഓവർ പ്രൊജക്ട് ആയി അംഗീകാരം ലഭിച്ച് റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം 1,44,92500/- രൂപ അടങ്കൽ വകയിരുത്തി, ഹെൽത്ത് ഓഫീസർ നിർവ്വഹണ

ഉദ്യോഗസ്ഥനായി നഗരസഭ തയ്യാറാക്കിയ 'നഗരസഭയിലെ വീടുകൾക്ക് ജൈവമാലിന്യ സംസ്കരണ യൂണിറ്റുകൾ നൽകൽ ' എന്ന പദ്ധതിപ്രകാരം , 5749 ഗുണഭോക്താക്കൾക്ക് റിംഗ് കംപോസ്റ്റുകളും 10 ബയോഗ്യാസ് പ്ലാന്റുകളുമാണ് വിതരണം ചെയ്യേണ്ടിയിരുന്നത്. പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി ഇ-ടെണ്ടർ ക്ഷണിക്കുകയും, മൂന്ന് ടെണ്ടറുകൾ ലഭിച്ചതിൽ, റിംഗ് കമ്പോസ്റ്റിന് 2245/- രൂപയും ബയോഗ്യാസ് പ്ലാന്റിന് 11500/- രൂപയും (ആകെ ടെണ്ടർ തുക- 1,30,21,505/-) ക്വാട്ട് ചെയ്ത ശ്രീ അബ്ദുഞ്ഞി ഹസൈനാറുടെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തു. സെലക്ഷൻ നോട്ടീസ് നല്കിയിട്ടും ടിയാൾ കരാറിൽ ഏർപ്പെടാത്തതിനാൽ വീണ്ടും അറിയിപ്പ് നൽകുകയും, തുടർന്ന്, ആരോഗ്യപരമായ കാരണങ്ങളാൽ പ്രവൃത്തി മുന്നോട്ട് കൊണ്ടുപോകാൻ സാധ്യമല്ലെന്ന് അറിയിക്കുകയും കാസർഗോഡ് സബ് രജിസ്ട്രാർ മുമ്പാകെ രജിസ്റ്റർ ചെയ്ത പവർ ഓഫ് അറ്റോർണി ഹാജരാക്കിയതു പ്രകാരം, നഗരസഭയിലെ കോൺട്രാക്ടറായ ശ്രീ കെ എ ഷിഹാബുദ്ദീൻ എന്നവർക്ക് പ്രവർത്തിയുടെ ചുമതലയും ഉത്തരവാദിത്വവും ഏൽപ്പിച്ചുകൊടുക്കുകയും ചെയ്തു.

നഗരസഭയുടെ 08.08.2022 ലെ PH2-12891/21 നമ്പർ വർക്ക് ഓർഡർ പ്രകാരം പദ്ധതിയുടെ പൂർത്തീകരണ കാലാവധി 4 മാസമാണ്.

08.08.2022 ലെ കരാർ നിബന്ധന -2 പ്രകാരം, " ഒന്നാം കക്ഷി നൽകുന്ന സപ്ലൈ ഓർഡറിനും ഗുണഭോക്തൃ ലിസ്റ്റിനും അനുസൃതമായി രണ്ടാം കക്ഷിയുടെ ഉത്തരവാദിത്വത്തിൽ ഇവ സ്ഥാപിച്ചു നൽകേണ്ടതാണ് ". ഇപ്രകാരം ഒന്നാംകക്ഷിയായ നഗരസഭ രണ്ടാം കക്ഷിയായ കരാറുകാരന് , റിംഗ് കമ്പോസ്റ്റ് സ്ഥാപിക്കുവാനുള്ള 5749 പേരുടെയും ഗുണഭോക്തൃ ലിസ്റ്റ് കൈമാറിയതായി കാണുന്നില്ല.

കരാർ നിബന്ധന- 7 പ്രകാരം " രണ്ടാംകക്ഷി ഗുണഭോക്താക്കൾക്ക് സപ്ലൈ ഓർഡർ പ്രകാരം സ്ഥാപിച്ചു നൽകുന്ന ഖരമാലിന്യ സംസ്കരണ സംവിധാനങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധിക്കുന്നതും തൃപ്തികരമാണെങ്കിൽ സ്ഥാപിച്ച യൂണിറ്റുകൾക്ക് അനുവദനീയമായ തുക സർക്കാർ വ്യവസ്ഥകൾക്ക് വിധേയമായി രണ്ടാം കക്ഷിക്ക് നൽകുന്നതുമാണ് " . പദ്ധതി പ്രകാരം വിതരണം നടത്തി സ്ഥാപിച്ച2300 റിംഗ് കമ്പോസ്റ്റുകളുടെ തുക കരാറുകാരന് അനുവദിക്കുന്നതിനു മുമ്പായി ഇപ്രകാരം പ്രാദേശിക പരിശോധന നടത്തിയതായും ശുചിത്വ മിഷന്റെ സ്പെസിഫിക്കേഷൻ പ്രകാരമുള്ള റിംഗ് കമ്പോസ്റ്റുകളാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് പരിശോധിച്ച് ഉറപ്പാക്കിയതായും ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

റിംഗ് കമ്പോസ്റ്റുകൾ ലഭ്യമായിട്ടുള്ള ഗുണഭോക്താക്കളുടെ വാർഡ് അടിസ്ഥാനത്തിലുള്ള ലിസ്റ്റോ രജിസ്റ്ററോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

5749റിംഗ് കമ്പോസ്റ്റുകളും 10 ബയോഗ്യാസ് പ്ലാന്റുകളും വിതരണം ചെയ്യേണ്ടിയിരുന്ന പദ്ധതി പ്രകാരം നാളിതുവരെ 2300 റിംഗ് കംപോസ്റ്റുകൾ മാത്രമാണ് വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുള്ളത്.

ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നമ്പർ- 5/22-23 തിയ്യതി - 11.10.2023) ലഭ്യമാക്കിയ മറുപടി പ്രകാരം , ശുചിത്വമിഷന്റെ 24.09.2021 ലെ 04/2021-22/DSM/KSD ഉത്തരവുപ്രകാരമുള്ള ടെക്നിക്കൽ സാങ്ഷൻ പ്രകാരമാണ് റിംഗ് കമ്പോസ്റ്റ് സ്ഥാപിച്ചിട്ടുള്ളതെന്നും, 2300 പേരുടെ ഗുണഭോക്തൃലിസ്റ്റാണ് കൈമാറിയതെന്നും നഗരസഭാ കൗൺസിൽ ബാക്കിയുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കി നൽകിയിട്ടില്ലാത്തതിനാൽ പ്ലാന്റുകൾ നൽകാൻ സാധിച്ചിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ ഏകദേശ എണ്ണം തീരുമാനിക്കുന്നതിലും പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിലും നഗരസഭയ്ക്ക് വീഴ്ച സംഭവിച്ചതായി ഓഡിറ്റിൽ വിലയിരുത്തുന്നു. 1,44,92,500/- രൂപ അടങ്കൽ തുക വകയിരുത്തിയതിൽ 49,27,775/- രൂപയാണ് (34%) ചെലവഴിച്ചത്. ചെലവു വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | തുക | സാങ്ഷൻ ഓർഡർ നമ്പർ/ചെക്ക് നമ്പർ | തിയ്യതി |
|---|---|---|---|
| 1 | 6,53,856 | 363 | 23.03.2023 |
| 2 | 10,86,018 | 361 | 23.03.2023 |
| 3 | 9,82,187 | 362 | 23.03.2023 |

| | | | |
|---|---|---|---|
| 4 | 56126 (CGST/SGST) | 000080 | 24.03.2023 |
| 5 | 28,063 (IT) | 000081 | 24.03.2023 |
| 6 | 5,49239 | 467 | 31.03.2023 |
| 7 | 8,25,038 | 466 | 31.03.2023 |
| 8 | 4,47,878 | 465 | 31.03.2023 |
| 9 | 2,35,725 (Retention Amount) | | 31.03.2023 |
| 10 | 42,430 (CGST/SGST) | 000164 | 31.03.2023 |
| 11 | 21,215 (IT) | 000165 | 31.03.2023 |
| **TOTAL** | **49,27,775/-** | | |

മാലിന്യ സംസ്കരണം വളരെ പ്രാധാന്യമർഹിക്കുന്ന ഒരു വിഷയമായതിനാൽ ഇത്തരം പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും പദ്ധതി നടത്തിപ്പിലെ അപാകതകൾ തിരിച്ചറിഞ്ഞ് അവ പരിഹരിക്കുന്നതിനും ഭരണസമിതിയുടെ അടിയന്തിരശ്രദ്ധ പതിയേണ്ടതാണ്.

**1-32 വിശപ്പ് രഹിത കേരളം - പുതിയ ജനകീയ ഹോട്ടൽ ആരംഭിക്കലും നിലവിലുള്ളതിന്റെ നടത്തിപ്പ് ചെലവുകളും - പദ്ധതി ലക്ഷ്യപ്രാപ്തി നേടിയില്ല**

സമൂഹത്തിൽ തുച്ഛമായ വരുമാനത്തിൽ ജീവിക്കുന്ന സാധാരണക്കാരായ ജനങ്ങൾക്ക് ന്യായമായ നിരക്കിൽ ഭക്ഷണത്തിന് ആശ്രയിക്കാവുന്ന ഒരു സ്ഥിരം സംവിധാനം, പലവിധ ജീവിത സാഹചര്യങ്ങളാൽ ഒറ്റപ്പെട്ടവർക്ക് ഭക്ഷണം സൗജന്യമായി ലഭ്യമാക്കുന്നതിന് പൊതു ജനങ്ങൾക്കും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും ബന്ധപ്പെടുത്താവുന്ന ഒരു സൗകര്യം, കൂടാതെ കുടുംബശ്രീ വനിതകൾക്ക് ജീവനോപാധിയും അതുവഴി അവരുടെ സാമ്പത്തിക ഉയർച്ചയും ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളോടെ കേരള സർക്കാരിന്റെ 2020-21 ബജറ്റ് പ്രഖ്യാപനത്തിൽ ഉൾപ്പെടുന്ന വിശപ്പ് രഹിത കേരളം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന കുടുംബശ്രീ സംരംഭ പദ്ധതിയാണ് കുടുംബശ്രീ ജനകീയ ഹോട്ടലുകൾ. ഇത് സംബന്ധിച്ച മാർഗ്ഗരേഖ പ്രകാരം വലിയ നഗരസഭകളിൽ 10 വാർഡിന് ഒന്ന് എന്ന ക്രമത്തിലാണ് ജനകീയ ഹോട്ടലുകൾ ആരംഭിക്കാൻ ഉദ്ദേശിച്ചിരുന്നത്. കാസർഗോഡ് നഗരസഭയിൽ നിലവിൽ ഒരു ജനകീയ ഹോട്ടലാണ് പ്രവർത്തിക്കുന്നത്. ഓഡിറ്റ് കാലയളവിൽ പുതിയ ജനകീയ ഹോട്ടൽ ആരംഭിക്കുന്നതിനും നിലവിലുള്ളതിന്റെ നടത്തിപ്പുചെലവിനുമായി പ്രൊജക്ട് ഓഫീസർ നഗരദാരിദ്ര നിർമ്മാർജനസെൽ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രൊജക്ട് തയ്യാറാക്കുകയും (No: 217/23 New) 3,60,000/- രൂപ അടങ്കൽ തുക വികസനഫണ്ട് പൊതുവിഭാഗത്തിൽ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ നിലവിലുള്ളതിന്റെ നടത്തിപ്പ് ചെലവിനായി ആകെ 13,669/- രൂപയാണ് ഓഡിറ്റ് കാലയളവിൽ ചെലഴിച്ചത്. പ്രൊജക്ട് ലക്ഷ്യമിട്ട പ്രകാരമുള്ള പുതിയ ജനകീയ ഹോട്ടൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന വിവരവും നിലവിലുള്ള ജനകീയ ഹോട്ടലിന്റെ പ്രവർത്തന പുരോഗതി സംബന്ധിച്ച വിവരങ്ങളും

അറിയിക്കുന്നതിനുവേണ്ടി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ- 20/22-23 തിയ്യതി- 02.11.2023) മറുപടി ലഭ്യമായിട്ടില്ല. അടങ്കൽ തുകയുടെ 3.8 % തുക മാത്രം ചെലവഴിക്കുകയും, വിഭാവനം ചെയ്ത പ്രകാരം പുതിയ ജനകീയ ഹോട്ടൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാതിരിക്കുകയും മൂലം പദ്ധതി ലക്ഷ്യപ്രാപ്തി കൈവരിച്ചില്ലെന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ടി വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

**1-33 ശുചീകരണ ആവശ്യത്തിന് എസ്കവേറ്റർ വാങ്ങൽ - നിഷ്ക്രിയ ആസ്തിയായി മാറാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്**

കാസറഗോഡ് നഗരസഭയിൽ 2022-23 കാലയളവിൽ, നഗരസഭാ പരിധിയിലെ ഓടകളും തോടുകളും എസ്കവേറ്റർ ഉപയോഗിച്ച് മാലിന്യങ്ങൾ നീക്കം ചെയ്ത് നീരൊഴുക്ക് സുഗമമാക്കുന്നതിന് ഹെൽത്ത് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയാണ് 'ശുചീകരണ ആവശ്യത്തിന് എസ്കവേറ്റർ വാങ്ങലും രജിസ്ട്രേഷനും' (പ്രൊജക്ട് നമ്പർ- 374/23) . പ്രസ്തുത പദ്ധതി പ്രകാരം 37,29,755/- രൂപ ചെലവഴിച്ച് സർക്കാർ പോർട്ടലായ ജെം വഴി എസ്കവേറ്റർ വാങ്ങിയിട്ടുണ്ട്. (ചെക്ക് നം. 1032395225265 തീയ്യതി 31.03.2023). ടി വാഹനം മാലിന്യ സംസ്കരണ ആവശ്യത്തിലേക്ക് ഉപയോഗിക്കുന്നതി നായതിനാൽ റോഡ് ടാക്സ് ഇനത്തിൽ ഒടുക്കിയ 3,03,566/- രൂപ മുനിസിപ്പൽ ഫണ്ടിലേക്ക് തിരിച്ചടച്ചിട്ടുണ്ട്. (രശീതി നം. 01/123030500008, തീയ്യതി 20.04.2023). എസ്കവേറ്ററിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ നാളിതുവരെ ആകെ 26 മണിക്കൂർ 5 മിനുട്ടാണ് പ്രസ്തുത എസ്കവേറ്റർ ഉപയോഗിച്ചത്. വലിയ തുക ചെലവഴിച്ച് എസ്കവേറ്റർ വാങ്ങുന്നതിനുമുമ്പ് നഗരസഭയിലെ ഇതിന്റെ ആവശ്യകത സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കിയതായി കാണുന്നില്ല. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ-25, തിയ്യതി - 15.11.2023) ലഭ്യമാക്കിയ മറുപടി പ്രകാരം , മാന്വൽ സ്കാവഞ്ചിംഗ് ആക്ട്- 2013 പ്രകാരം ഡ്രെയിനേജ് ക്ലീനിംഗ്, സ്വീവേജ് ക്ലീനിംഗ് പ്രവൃത്തികൾ മാന്വൽ ആയി ചെയ്യുന്നതിനു പ്രകാരം മെക്കനൈസ്ഡ് ആക്കേണ്ടതുണ്ട് എന്ന നിർദേശപ്രകാരം ഡ്രെയിനേജ് ക്ലീനിംഗ് പ്രവർത്തനങ്ങൾക്കും, പൊതുറോഡിന്റെ വശങ്ങൾ, പൊതു ഇടങ്ങളിലെ ശുചീകരണ അനുബന്ധ പ്രവർത്തനങ്ങൾ, ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഘട്ടത്തിൽ ഉപയോഗിക്കുന്നതിന് എന്നീ ആവശ്യങ്ങൾക്കുമായാണ് വാഹനം വാങ്ങിയത് എന്നറിയിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണ ഫോറത്തിൽ ഇത്തരം വിവിധങ്ങളായ ആവശ്യങ്ങൾ പദ്ധതിയുടെ ലക്ഷ്യങ്ങളായി രേഖപ്പെടുത്തിയിരുന്നില്ല.

എസ്കവേറ്റർ ഉപയോഗം ഫലപ്രദമാക്കുന്നതിന് നഗരസഭ കൂടുതൽ നടപടികൾ ആസൂത്രണം ചെയ്യേണ്ടതും ഭാവിയിൽ എസ്കവേറ്റർ നഗരസഭയിൽ ഒരു നിഷ്ക്രിയ ആസ്തിയായി മാറാതിരിക്കാനുള്ള ഉചിത നടപടികൾ സ്വീകരിക്കുന്നതിലേക്ക് ബന്ധപ്പെട്ടവരുടെയും നഗരസഭാ ഭരണസമിതിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

**1-34 ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ നടത്തിപ്പ് ചെലവുകൾ -സംബന്ധിച്ച്**

പ്രൊജക്ട് ഓഫീസർ നഗരദാരിദ്ര നിർമ്മാർജ്ജനസെൽ നിർവ്വണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ നടത്തിപ്പ് ചെലവുകൾ എന്ന പദ്ധതിക്ക് എക്സ്പെൻഡിച്ചർ റിപ്പോർട്ട് പ്രകാരം 8 ലക്ഷം രൂപ അടങ്കൽ തുക വികസന ഫണ്ട് പൊതുവിഭാഗത്തിൽ വകയിരുത്തുകയും 4,48,743/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്, ഫയൽനമ്പർ – PH4-2837/18. എന്നാൽ ഫയൽ പരിശോധിച്ചതിൽ ബഡ്സ് സ്കൂൾ ടീച്ചർ, ഹെൽപ്പർ എന്നിവർക്ക് യഥാക്രമം പ്രതിമാസം 24,000/-, 15,000/- രൂപ എന്നിങ്ങനെയും വാഹനം വാടകയ്ക്ക് എടുത്ത വകയിൽ പ്രതിമാസം 64,400/- രൂപയും ചെലവ് വരുന്നുണ്ട്. പതിനാലാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖ സ.ഉ(കൈ) നം.115/2022/LSGD തീയ്യതി 28.05.2022 ഖണ്ഡിക 7.1.9(3) പ്രകാരം ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിന്റെ വാഹന വാടക തനത് ഫണ്ടിൽ നിന്ന് നൽകാവുന്നതാണ്. എന്നാൽ വാഹന വാടകയ്ക്ക് പുറമേയുള്ള തുകകളും തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട് (ഉദാ: വൗച്ചർ നം. 862, തുക 29750, തീയ്യതി 25.02.2023 ഇനം ഓണറേറിയം). എന്നാൽ എക്സ്പെൻഡിച്ചർ റിപ്പോർട്ടിൽ തനത് ഫണ്ടിൽ നിന്നും പദ്ധതിക്ക് തുക വകയിരുത്തിയിട്ടില്ല. പദ്ധതി രൂപീകരണം ഫോറം നം.3, ബിൽ കോപ്പി എന്നിവ ഫയലിൽ ലഭ്യമാക്കിയിട്ടില്ല. മേൽ പ്രൊജക്ടിന്റെ ചെലവ് സംബന്ധമായ വിശദ വിവരം ലഭ്യമാക്കുന്നതിനുവേണ്ടി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ- 21 തിയ്യതി - 03.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിന്റെ നടത്തിപ്പുചെലവുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

**1-35 മഴക്കാല പൂർവ്വ ശുചീകരണം - ചെലവുരേഖകൾ ലഭ്യമാക്കിയിട്ടില്ല- അനുവദിച്ച തുക തടസ്സപ്പെടുത്തുന്നു**

നഗരസഭയിൽ 2022-23 വർഷം മഴക്കാല പൂർവ്വ ശുചീകരണ പ്രവൃത്തികൾ നടത്തുന്നതിലേയ്ക്കായി 38 വാർഡുകളിലേയും ഹെൽത്ത് ആന്റ് സാനിറ്റേഷൻ കമ്മറ്റിക്ക് താഴെ ചേർത്ത പ്രകാരം മുൻകൂർ തുക അനുവദിച്ചിട്ടുണ്ട്.

| തുക | വൗച്ചർ നമ്പർ | തിയ്യതി | ചെക്ക് നമ്പർ |
|---|---|---|---|
| 38 X 10,000 = 3,80,000/- | 122/2022-23 | 21.05.2022 | 195055 |
| 38 X 3000 = 1,14,000/- | 175/2022-23 | 13.06.2022 | 464197 |
| 38 X 10,000 = 3,80,000/- | 351/2022-23 | 23.08.2022 | 432975 |
| **ആകെ - 8,74,000/-** | | | |

പ്രസ്തുത തുക ചെലവഴിച്ചതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കുന്നതിന് വേണ്ടി നൽകിയ (ഫയൽ നമ്പർ PH2.8388/17). ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നമ്പർ-35/22-23 തിയ്യതി- 27.11.2023) പ്രകാരം താഴെ ചേർത്ത 17 വാർഡുകളുടെ ചെലവു വിവരം (വൗച്ചർ, മസ്റ്റർ റോൾ) ലഭ്യമാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | വാർഡ് നമ്പർ | ക്രമ നമ്പർ | വാർഡ് നമ്പർ |
|---|---|---|---|
| 1 | 10 | 10 | 22 |
| 2 | 11 | 11 | 23 |
| 3 | 13 | 12 | 24 |
| 4 | 14 | 13 | 25 |
| 5 | 15 | 14 | 27 |
| 6 | 16 | 15 | 28 |
| 7 | 19 | 16 | 29 |
| 8 | 20 | 17 | 30 |
| 9 | 21 | | |

ചെലവ് രേഖകൾ ലഭ്യമാക്കാത്ത 1,2,3,4,5,6,7,8,9,12,17,18,26,31,32,33,34,35,36,37,38 എന്നീ വാർഡുകളിലേക്ക് അനുവദിച്ച തുക 21x23000=4,83,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-36 കാസറഗോഡ് നഗരസഭ സാന്ത്വന പരിചരണ പദ്ധതി വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിക്കുന്നില്ല**

| | |
|---|---|
| പ്രൊജക്ട് നം/പേര് | 4/2022-23 കാസറഗോഡ് നഗരസഭ സാന്ത്വന പരിചരണ പദ്ധതി |
| അടങ്കൽ തുക | 1200000/- |
| ചെലവഴിച്ച തുക | 11,29,074/- |

കാസറഗോഡ് നഗരസഭ 2022-23 സമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി നിർവ്വഹണ ഉദ്യോഗസ്ഥനായി പദ്ധതി നം. 4/2022-23 (കാസറഗോഡ് നഗരസഭ സാന്ത്വന പരിചരണ പദ്ധതി) പ്രകാരം 11,29,074/- രൂപ ചെലവഴിച്ചിട്ടുണ്ട്. പാലിയേറ്റീവ് പരിചരണ യൂണിറ്റിന്റെ പ്രവർത്തനത്തിനായി വാഹനത്തിന് ക്വട്ടേഷൻ ക്ഷണിക്കുകയും KL14 R 2565 എന്ന വാഹനം വാടകയ്ക്ക് എടുക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി

പ്രകാരം ചെലവഴിച്ച തുകകളുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ചെലവിനം | തുക |
|---|---|
| വാഹന വാടക | 170000/- |
| ഹോണറേറിയം/റിഫ്രഷ്മെന്റ് ചാർജ്/പാലിയേറ്റീവ് ട്രെയിനിംഗ്/സ്റ്റേഷനറി | 327040/- |
| മരുന്ന് വാങ്ങൽ | 632034/- |
| **ആകെ** | **1129074/-** |

വാഹന വാടകയിനത്തിൽ മാത്രം 170000/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഈ വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ വാഹനം ഉപയോഗിച്ച ഓഫീസർ ലോഗ് ബുക്കിൽ ഒപ്പ് വെച്ച് യാത്രകൾ ആധികാരികമാക്കിയിട്ടില്ല. വാഹനം ഉപയോഗിച്ച ഓഫീസർ ലോഗ് ബുക്കിൽ ഒപ്പ് വെച്ച് യാത്രകൾ ആധികാരികമാക്കേണ്ടതാണ്.

## 1-37 ഞങ്ങളും കൃഷിയിലേക്ക് - തേനീച്ചയും തേനീച്ച കൂട് പദ്ധതി-അപാകതകൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | കൃഷി ഓഫീസർ |
| പ്രോജക്ടിന്റെ നമ്പറും പേരും | 195/2023 ഞങ്ങളും കൃഷിയിലേക്ക് - തേനീച്ചയും തേനീച്ച കൂട് |
| അടങ്കൽ തുക | 640000/- (വികസന ഫണ്ട്+ ഗുണഭോക്തൃ വിഹിതം) |
| ചെലവ് തുക | 640000/- |
| ബിൽ നമ്പർ / തീയതി | 00000017704 Dated: 07.02.2023 |

കാസറഗോഡ് നഗരസഭാ പരിധിയിലെ തേനീച്ച കൃഷി ചെയ്യാൻ താല്പര്യപ്പെടുന്ന നാമമാത്ര ചെറുകിട കർഷകർക്ക് 50% സബ്സിഡി നിരക്കിൽ 320 സെറ്റ് ഉൾപ്പെടെയുള്ള തേനീച്ച കൂട് നൽകുന്നതിനും നിലവിൽ കൃഷി ഉള്ളവർ ഉൾപ്പെടെ ഒരു ഗുണഭോക്താവിന് 25 പുതിയ കൂടുകൾക്ക് വരെ സബ്സിഡി നൽകാവുന്ന രീതിയിലാണ് 2022-23 സാമ്പത്തിക വർഷം കൃഷി ഓഫീസർ പദ്ധതി നം. 195/2023 (ഞങ്ങളും കൃഷിയിലേക്ക് - തേനീച്ചയും തേനീച്ച കൂട്) പ്രകാരം വിഭാവന ചെയ്തിരിക്കുന്നത്. പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഹോർട്ടികോർപ്പിന്റെ അംഗീകൃത ഏജൻസിയിൽ നിന്നും തേനീച്ച കൂട് വാങ്ങി കർഷകർക്ക് നൽകുന്നതിന് കാസറഗോഡ് റൂറൽ ഡെവലപ്പ്മെന്റ് സൊസൈറ്റിയിലേക്ക് ഗുണഭോക്തൃ വിഹിതം 3,20,000/- രൂപയും പദ്ധതി വിഹിതം 3,20,000/- ഉൾപ്പെടെ 6,40,000/- രൂപ നൽകിയിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വിവരങ്ങൾ/രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.

1) പദ്ധതി മാർഗ്ഗരേഖയിൽ നിഷ്കർഷിച്ച പ്രകാരം ഒരു സെറ്റ് തേനീച്ചയും കൂടും അനുബന്ധ സാധനങ്ങൾക്ക് ഉൾപ്പെടെയുള്ളയുടെ യൂണിറ്റ് നിരക്ക് ജില്ലാ തലത്തിൽ നിശ്ചയിച്ചതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

2) തേനീച്ച വളർത്തുന്നതുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കൾക്ക് പലിശീലനം നൽകിയതിന്റെ വിശദാംശങ്ങൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

3) ഗുണഭോക്താക്കൾക്ക് തേനീച്ചയും കൂടും വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

4) കാസറഗോഡ് നഗരസഭ പരിധിയിൽ തേനിന്റെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും ഉപതൊഴിലിലൂടെ ഗുണഭോക്താക്കൾക്ക് വരുമാനം ലഭിക്കുന്നതിനുമായുള്ള ലക്ഷ്യത്തോ ടെയാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഇപ്രകാരം നഗരസഭയിലെ 320 ഗുണഭോക്താക്കൾക്ക് തേനീച്ചയും തേനീച്ച കൂടും വിതരണം നടത്തിയതുമൂലം തേൻ ഉത്പാദനത്തിലുണ്ടായ വളർച്ചയിലൂടെ പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടുണ്ടോയെന്ന്

പരിശോധന നടത്തിയതിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കേണ്ടതാണ്.

5) തേനീച്ചയും തേനീച്ച കൂടും നിലവിൽ മേൽപറഞ്ഞ ആനുകൂല്യം കൈപ്പറ്റിയവരിൽ എത്ര ഗുണഭോക്താക്കൾ തുടർന്ന് ഫലപ്രദമായി പരിപാലിച്ച് വരുന്നുണ്ട് എന്ന വിവരവും അറിയിക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(31/2022-23തീയ്യതി: 21.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശിച്ച വിവരങ്ങൾ/രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.പ്രസ്തുത രേഖകളുടെ അഭാവത്തിൽ പദ്ധതിക്കായി ചെലവഴിച്ച 3,20,000/- രൂപ തടസ്സപ്പെടുത്തുന്നു.

**1-38 ഞങ്ങളും കൃഷിയിലേക്ക് - തെങ്ങ്,കവുങ്ങ് കൃഷിക്ക് ജൈവവളം വിതരണം - അപാകതകൾ**

1)

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | കൃഷി ഓഫീസർ |
| പ്രോജക്ടിന്റെ നമ്പറും പേരും | 188/2023 ഞങ്ങളും കൃഷിയിലേക്ക് - തെങ്ങ് കൃഷി വികസന പദ്ധതി ജൈവവള സബ്സിഡി നൽകൽ |
| അടങ്കൽ തുക | 22,88,475/- (വികസന ഫണ്ട്+ മറ്റുള്ളവ) |
| ചെലവ് തുക | 12,36,773/- |
| തുക/ബിൽ നമ്പർ / തീയതി | 1) 1,45,732/-<br>371 Dated 24.03.2023<br>2) 10,07,776/-<br>262 Dated 16.02.2023<br>3)33,540/-<br>283 Dated 13.03.2023<br>4) 49,725/-<br>277 Dated 04.03.2023 |

2)

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | കൃഷി ഓഫീസർ |
| പ്രോജക്ടിന്റെ നമ്പറും പേരും | 189/2023 ഞങ്ങളും കൃഷിയിലേക്ക് - കവുങ്ങ് കൃഷിക്ക് ജൈവവള വിതരണം |
| അടങ്കൽ തുക | 25,46,670/- (വികസന ഫണ്ട്+ മറ്റുള്ളവ) |
| ചെലവ് തുക | 19,10,000/- |
| തുക/ബിൽ നമ്പർ / തീയതി | 1) 303499/-<br>300 Dated 14.03.2023<br>2) 15,97,884/<br>261 Dated 16.02.2023<br>3) 8,617/- |

| | |
|---|---|
| | 372 Dated 24.03.2023 |

കാസറഗോഡ് നഗരസഭാ പരിധിയിലെ 17.966 ഹെക്ടർ സ്ഥലത്ത് കമുക് കൃഷി ചെയ്യുന്ന കർഷകരുടെ 24254 കമുകുകൾക്ക് (ഒരു കവുങ്ങിന് 3 കിലോ വീതം) 72762 കിലോ ജൈവവളം വിതരണം ചെയ്യുന്നതിനായി കൃഷി വകുപ്പ് അംഗീകൃത വളം ഡിപ്പോ വഴി കർഷകർ നേരിട്ട് വളം വാങ്ങുകയും ബില്ല് കർഷകർ കൃഷി ഭവനിൽ സമർപ്പിക്കുന്ന മുറയ്ക്ക് 75% സബ്സിഡി കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകാനുമാണ് കൃഷി ഓഫീസർ 2022-23 സാമ്പത്തിക വർഷം നടപ്പാക്കിയ കവുങ്ങ് കൃഷിക്ക് ജൈവവള വിതരണം പദ്ധതി നം. 189/2023 പ്രകാരം വിഭാവനം ചെയ്തിരിക്കുന്നത്.

മേൽ പറഞ്ഞ രണ്ട് പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ഫയലുകൾ പരിശോധിച്ചതിൽ അപാകതകൾ ഓഡിറ്റ് എൻക്വയറി മുഖേന നിർവ്വഹണ ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപെടുത്തിയിരുന്നു.

A) കർഷകർക്ക് ജൈവവളം വിതരണം ചെയ്യുമ്പോൾ 14-ാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗ രേഖ പ്രകാരം അനിവാര്യ സാഹചര്യങ്ങളിൽ ഒഴികെ കേരള കാർഷിക സർവ്വകലാശാല, റെയ്ഡ്കോ, കയർഫെഡ്, എഫ്.പി.ഒ എന്നിവയിലെ ജൈവവളങ്ങളോ, കാർഷിക കർമ്മസേനകൾ, കർഷക ഗ്രൂപ്പുകൾ, കുടുംബശ്രീ അയൽക്കൂട്ടങ്ങൾ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മാലിന്യ സംസ്കരണ പ്ലാന്റുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവ ഉല്പാദിപ്പിക്കുന്ന ജൈവവളങ്ങളോ വാങ്ങി കർഷകർക്ക് നേരിട്ട് വിതരണം ചെയ്യുകയാണ് വേണ്ടത്. ഇത് നിർവ്വഹണ ഉദ്യോഗസ്ഥൻ കൺവീനറായ പർച്ചെയ്സ് കമ്മിറ്റിയുടെ തീരുമാനപ്രകാരം വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ച് ചെയ്യേണ്ടതാണെന്ന് സബ്സിഡി മാർഗ്ഗരേഖയിൽ വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം ചെയ്യാൻ കഴിയാത്ത അടിയന്തിര അനിവാര്യ സാഹചര്യങ്ങളിൽ മാത്രമാണ് കൃഷിക്കാർ സഹകരണ സംഘങ്ങളിൽ നിന്നോ മറ്റ് അംഗീകൃത ഏജൻസികളിൽ നിന്നോ ജൈവവളങ്ങളും മറ്റും നേരിട്ട് വാങ്ങി അതിന്റെ ബിൽ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുമ്പോൾ സബ്സിഡി അനുവദിക്കാവുന്ന രീതിയിൽ പദ്ധതി തയ്യാറാക്കേണ്ടത്. പ്രസ്തുത അടിയന്തിര സാഹചര്യം എന്താണെന്ന് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

B) പദ്ധതി നിർവ്വഹണവുമായി, ബന്ധപ്പെട്ട് ഗുണഭോക്താക്കളുടെ അപേക്ഷയിലും വളം പർച്ചേസ് ബില്ലിലും കൃഷി ഓഫീസർ പരിശോധിച്ച് ആവശ്യമായ സാക്ഷ്യപ്പെടുത്തലുകൾ നടത്തിയിട്ടില്ല. ആയത് സാക്ഷ്യപ്പെടുത്തേണ്ടതും പദ്ധതി നടത്തിപ്പിലെ അപാകത സംബന്ധിച്ച വിശദീകരണം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

C) ജൈവവളം ഇപ്രകാരം വിതരണം ചെയ്തതിന്റെ അടിസ്ഥാനത്തിൽ തെങ്ങ് കൃഷിയിലും കവുങ്ങ് കൃഷിയിലും നഗരസഭാ പ്രദേശത്ത് ഉണ്ടായ വളർച്ച സംബന്ധിച്ച് മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(33/2022-23തീയ്യതി: 27.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശിച്ച അപാകതകൾ പരിഹരിക്കുന്നതിന് ആവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. പ്രസ്തുത രേഖകളുടെ അഭാവത്തിൽ പദ്ധതിക്കായി ചെലവഴിച്ച 3146773/- രൂപ തടസ്സപ്പെടുത്തുന്നു.

**1-39 കോക്ലിയർ ഇംപ്ലാന്റ് മെയിന്റെനൻസ്- വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രോജക്ടിന്റെ നമ്പറും പേരും | 465/23 കോക്ലിയർ ഇംപ്ലാന്റ് മെയിന്റെനൻസ് |
| അടങ്കൽ തുക | 50000/- (വികസന ഫണ്ട്) |
| ചെലവ് തുക | 50000/- |
| ബിൽ നമ്പർ / തീയതി | 25/2022-23 Dated:16.03.23 |

ഐ സി ഡി എസ് സൂപ്പർവൈസർ നടപ്പിലാക്കിയ കോക്ലിയർ ഇംപ്ലാന്റ് മെയിന്റെനൻസ് പദ്ധതി പ്രകാരം കാസറഗോഡ് നഗരസഭയിലെ മുഹമ്മദ് ഇഷാൻ എന്ന വിദ്യാർത്ഥിയുടെ ഉപകരണം റിപ്പയർ ചെയ്യുന്നതിനായി

50000/- രൂപ സാമൂഹ്യ സുരക്ഷ മിഷന്(അക്കൗണ്ട് നമ്പർ : 70101140000134) കൈമാറിയിട്ടുണ്ട്.പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

സ.ഉ(സാധാ)നം. 426/2019 തസ്വഭവ തീയതി 26.02.2019 ഉത്തരവ് പ്രകാരം കോക്ലിയർ ഇംപ്ലാന്റ് ചെയ്ത കുട്ടികളുടെ ഉപകരണങ്ങൾ റിപ്പയർ ചെയ്യുന്നതിന് ഒരു കുട്ടിക്ക് 50000/- രൂപ നിരക്കിൽ സാമൂഹ്യ സുരക്ഷ മിഷന് വിഹിതം നൽകുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. എന്നാൽ സാമൂഹ്യ സുരക്ഷ മിഷൻ തുക കൈപ്പറ്റിയതിന്റെ രേഖ , വിനിയോഗ സാക്ഷ്യപത്രം, കുട്ടിയുടെ ഉപകരണങ്ങൾ റിപ്പയർ ചെയ്തതിന്റെ രേഖ എന്നിവ ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നമ്പർ :-29/2022-23,15.11.2023).

**1-40 അനുപൂരകപോഷകാഹാര വിതരണം- പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ**

2022-23 സാമ്പത്തിക വർഷത്തിൽ ഐ സി ഡി എസ് സൂപ്പർവൈസർ നടപ്പിലാക്കിയ അനുപൂരകപോഷകാഹാര വിതരണ പരിപാടി പ്രകാരം താഴെ പറയുന്ന തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രോജക്ടിന്റെ നമ്പറും പേരും | 01/2023 അങ്കൺവാടി മുഖേനയുള്ള അനുപൂരകപോഷകാഹാര വിതരണം |
| അടങ്കൽ തുക | 4116420/- (വികസന ഫണ്ട്)<br>1500000/- (കേന്ദ്രാവിഷ്കൃത ഫണ്ട്) |
| ചെലവ് തുക | 4016431/- (വികസന ഫണ്ട്)<br>848733/- (കേന്ദ്രാവിഷ്കൃത ഫണ്ട്) |

പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കിയിട്ടില്ല.

പ്രോജക്ട് പ്രകാരം ന്യൂട്രിമിക്സ് വിതരണം ചെയ്തതിന് കീർത്തി അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റ് എന്ന സ്ഥാപനത്തിന് 886851 രൂപ നൽകിയിട്ടുണ്ട്. 2017ലെ CGST & SGST Act ലെ സെക്ഷൻ 51(1) പ്രകാരം നികുതി ഒഴികെയുള്ള വാങ്ങൽ തുക 250000/- രൂപയിൽ അധികരിക്കുമ്പോൾ ബില്ലിൽ നിന്നും 2% ജി.എസ്.ടി - ടി.ഡി.എസ് പിടിക്കേണ്ടതാണ്. എന്നാൽ തുക നൽകിയപ്പോൾ ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ബിൽ നമ്പർ/തീയതി,തുക | ന്യൂട്രിമിക്സ് ഇൻവോയിസ് നമ്പർ/തീയതി | തുക | ടാക്സ് ഒഴികെയുള്ള തുക | ഈടാക്കേണ്ടിയിരുന്ന ജി.എസ്.ടി - ടി.ഡി.എസ് |
|---|---|---|---|---|---|
| 1. | 01/17.08.2022,305023 | 02/12.04.2022 | 68318.25 | 65065 | |
| | | 06/12.05.2022 | 79600.50 | 75810 | |
| | | 14/13.06.2022 | 75999 | 72380 | |
| | | 28/27.07.2022 | 71074.50 | 67690 | |
| 2. | 10/20.12.2022,1350286 | 33/25.08.2022 | 68943 | 65660 | |
| | | 38/26.09.2022 | 76697.25 | 73045 | |
| | | 43/22.10.2022 | 69861.75 | 66535 | |
| | | 48/19.11.2022 | 73536.75 | 70035 | |
| 3. | 31/21.03.2023,313118 | 53/19.12.2022 | 72618 | 69160 | |

| | | | | |
|---|---|---|---|---|
| | 58/25.01.2023 | 68208 | 64960 | |
| | 63/24.02.2023 | 90478.50 | 86170 | |
| | 68/13.03.2023 | 71515.50 | 68110 | |
| ആകെ | | 886851 | 844620 | 16892 |

2. ഭക്ഷണ സാധനത്തിന്റെ ഗുണനിലവാര പരിശോധന ലാബ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ 18.12.2010 തീയതിയിലെ എെ സി ഡി എസ് ബി 3-312/10 നമ്പർ കത്ത് പ്രകാരം രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ലാബിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ടുകളുടെ സാമ്പിളുകൾ പരിശോധന നടത്താനും നിർദ്ദേശിച്ചിരുന്നു. കൂടാതെ വനിതാ ശിശുവികസന വകുപ്പ് ഡയറക്ടറുടെ 08.02.2022ലെ ICDS -B3-8415/20 നമ്പർ പരിപത്രത്തിൽ ഗവ. അനലിസ്റ്റിക് ലബോറട്ടറിയുടെ പരിശോധനയ്ക്ക് അയയ്ക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ വിശദമാക്കിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾ പാലിച്ചോ എന്ന് പരിശോധിക്കുന്നതിനാവശ്യമായ രേഖകളും മേൽ കത്ത് പ്രകാരം അംഗനവാടികളിലൂടെ പ്രീസ്കൂൾ കുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവർക്ക് വിതരണം ചെയ്യുന്ന ഭക്ഷണസാധനത്തിന്റെ ഗുണനിലവാര പരിശോധന നടത്തിയതിന്റെ രേഖകളും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

മേൽ അപാകതയ്ക്ക് വിശദീകരണം ആരാഞ്ഞു നൽകിയ 28/2022-23, 16.11.2023 നമ്പർ അന്വേഷണക്കുറിപ്പിനു മറുപടി ലഭ്യമാക്കിയിട്ടില്ല. ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കി അടവാക്കിയതിന്റെയും ക്രമ നമ്പർ 2,3 പ്രകാരമുള്ള രേഖകളും ഹാജരാക്കേണ്ടതാണ്.

## 1-41 PMAY പദ്ധതി - 79 പേർ ഭവന നിർമ്മാണം പൂർത്തീകരിക്കാൻ ബാക്കി

പ്രോജക്റ്റ് നം- 182/2023 പി എം എ വൈ ഭവന നിർമ്മാണം

നിർവ്വഹണോദ്യോഗസ്ഥൻ - പ്രോജക്റ്റ് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ

വകയിരുത്തിയ തുക – 1,26,52821/- (പൊതു വിഭാഗം-സാധാ)
70,00,000/- (കേന്ദ്രാവിഷ്കൃത ഫണ്ട്)

ആകെ - 1,96,52,821/-

ചെലവ് - 98,00,000/-

'എല്ലാവർക്കും ഭവനം' എന്ന ലക്ഷ്യത്തോടെ കേന്ദ്ര- സംസ്ഥാന സർക്കാരുകളുടേയും നഗരസഭകളുടേയും സംയുക്താഭിമുഖ്യത്തിൽ നടപ്പിലാക്കി വരുന്ന ഭവന പദ്ധതിയാണ് പ്രധാന മന്ത്രി ആവാസ് യോജന-ലൈഫ് ഭവന പദ്ധതി. ഓഡിറ്റ് വർഷത്തിൽ , DPR-9 പ്രകാരം ആകെ 111 ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും ഇതിൽ 106 ഗുണഭോക്താക്കളുമായി കരാറിലേർപ്പെടുകയും ചെയ്തു. എന്നാൽ രജിസ്റ്ററിൽ 73 ഗുണഭോക്താക്കളുടെ വിവരങ്ങൾ മാത്രമെ രേഖപ്പെടുത്തിയതായി കാണുന്നുള്ളൂ. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | മേൽ വിലാസം | ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ച ഭരണ സമിതി തീരുമാന നമ്പർ | കരാർ ചമച്ച തീയ്യതി | നൽകിയ ധനസഹായം |
|---|---|---|---|---|---|
| 1 | JAYARAJ | Chennikkara, Nullipady, Kasargod | Date.27/07/2022 Resolution No .01 | 03/01/2023 | നാളിതുവരെ 3 ഗഡുക്കളായി 2,80,000/- രൂപ നൽകിയിട്ടുണ്ട്. |
| 2 | UMMALI T A | MUAR House Deenar Nagar, Thalangara | Date.27/07/2022 Resolution No .01 | 03/01/2023 | നാളിതുവരെ 2 ഗഡുക്കളായി 2,00,000/- രൂപ |

| | | | | | |
|---|---|---|---|---|---|
| | | | | | നൽകിയിട്ടുണ്ട്. |
| 3 | SANUVAS | Hassainar, Kollampady | Date.27/07/2022 Resolution No .01 | 03/01/2023 | നാളിതുവരെ 2 ഗഡുക്കളായി 1,20,000/- രൂപ നൽകിയിട്ടുണ്ട് |
| 4 | DINESAN | NEAL LADIES HOSTEL, Anangoor | Date.27/07/2022 Resolution No .01 | 27/01/2023 | നാളിതുവരെ 2 ഗഡുക്കളായി 1,20,000/- രൂപ നൽകിയിട്ടുണ്ട് |
| 5 | ABDUL KHADER | Thayal House, Anangoor | Date.27/07/2022 Resolution No .01 | 03/01/2023 | നാളിതുവരെ രണ്ട് ഗഡുക്കളായി 200000 രൂപ നൽകിയിട്ടുണ്ട്. |
| 6 | UDAYAKUMAR CS | Nagarakatte, Korakod | Date.27/07/2022 Resolution No .01 | 03/01/2023 | നാളിതുവരെ 3 ഗഡുക്കളായി 3,60,000 രൂപ നൽകിയിട്ടുണ്ട്. |
| 7 | MOIDEEN KUNHI P A | Chalakunnu, Vidyanagar | Date.27/07/2022 Resolution No .01 | 03/01/2023 | നാളിതുവരെ 3 ഗഡുക്കളായി 2,80,000/- രൂപ നൽകിയിട്ടുണ്ട്. |
| 8 | K Ramadas | Korkode, Parvathi Compound | Date.27/07/2022 Resolution No .01 | 03/01/2023 | നാളിതുവരെ 1ഗഡുക്കളായി 40,000/- രൂപ നൽകിയിട്ടുണ്ട്. |
| 9 | Ibrahim Khaleel A | Kollampady House, Arafa Road | Date.27/07/2022 Resolution No .01 | 03/01/2023 | നാളിതുവരെ രണ്ട് ഗഡുക്കളായി 200000 രൂപ നൽകിയിട്ടുണ്ട്. |
| 10 | Fathimath Sarfunnisa | Zeenath Nagar, Bangode | Date.27/07/2022 Resolution No .01 | 03/01/2023 | നാളിതുവരെ 3 ഗഡുക്കളായി 3,60,000 രൂപ നൽകിയിട്ടുണ്ട്. |
| 11 | Jameela W/o Asharaf | Palli Quarters, Nainmarmoola, Vidyanagar | Date.27/07/2022 Resolution No .01 | 03/01/2023 | നാളിതുവരെ 3 ഗഡുക്കളായി 2,80,000/- രൂപ നൽകിയിട്ടുണ്ട്. |
| 12 | Fousiya N M | Chalakkunnu, Vidya Nagar | Date.27/07/2022 Resolution No .01 | 03/01/2023 | നാളിതുവരെ 3 ഗഡുക്കളായി |

| | | | | | |
|---|---|---|---|---|---|
| | | | | | 3,60,000 രൂപ നൽകിയിട്ടുണ്ട്. |
| 13 | Baby P | Belkad House, Pulikunnu | Date.27/07/2022 Resolution No .01 | 03/01/2023 | നാളിതുവരെ രണ്ട് ഗഡുക്കളായി 200000 രൂപ നൽകിയിട്ടുണ്ട്. |
| 14 | Anantha Rama Shetty | R D Nagar, Anangoor | Date.27/07/2022 Resolution No .01 | 03/01/2023 | നാളിതുവരെ 3 ഗഡുക്കളായി 2,80,000/- രൂപ നൽകിയിട്ടുണ്ട്. |
| 15 | Saseendran | Chennikkara, Nullippady | Date.27/07/2022 Resolution No .01 | 03/01/2023 | നാളിതുവരെ രണ്ട് ഗഡുക്കളായി 200000 രൂപ നൽകിയിട്ടുണ്ട്. |
| 16 | Fathimath Suhara T A | K K Puram, Thalangara, Kasargod | Date.27/07/2022 Resolution No .01 | 03/01/2023 | നാളിതുവരെ രണ്ട് ഗഡുക്കളായി 200000 രൂപ നൽകിയിട്ടുണ്ട്. |
| 17 | Yogitha Naik | Amey, Kasargod | Date.27/07/2022 Resolution No .01 | 03/01/2023 | നാളിതുവരെ 3 ഗഡുക്കളായി 2,80,000/- രൂപ നൽകിയിട്ടുണ്ട്. |
| 18 | Jyothi | Ganesh Kripa, Anangoor | Date.27/07/2022 Resolution No .01 | 03/01/2023 | നാളിതുവരെ 2 ഗഡുക്കളായി 1,20,000/- രൂപ നൽകിയിട്ടുണ്ട്. |
| 19 | Shashidhara A | Anangoor House, PMS Road, Nullipady | Date.27/07/2022 Resolution No .01 | 03/01/2023 | നാളിതുവരെ 3 ഗഡുക്കളായി 2,80,000/- രൂപ നൽകിയിട്ടുണ്ട്. |
| 20 | Suresh N | Chennikkara House, Nullippady | Date.27/07/2022 Resolution No .01 | 03/01/2023 | നാളിതുവരെ 3 ഗഡുക്കളായി 2,80,000/- രൂപ നൽകിയിട്ടുണ്ട്. |
| 21 | Mohammed Ahamaduddeen | Badsha Quarters, K K Puram, Thalangara | Date.27/07/2022 Resolution No .01 | 03/01/2023 | നാളിതുവരെ 2 ഗഡുക്കളായി 2,00,000/- രൂപ |

| | | | | | |
|---|---|---|---|---|---|
| | | | | | നൽകിയിട്ടുണ്ട് |
| 22 | Suhara | Baithul M A, Thalangara | Date.27/07/2022 Resolution No .01 | 03/01/2023 | നാളിതുവരെ 3 ഗഡുക്കളായി 3,60,000/- രൂപ നൽകിയിട്ടുണ്ട് |
| 23 | Chethana K | Nagarakatte, Korakode | Date.27/07/2022 Resolution No .01 | 03/01/2023 | നാളിതുവരെ 2 ഗഡുക്കളായി 2,00,000/- രൂപ നൽകിയിട്ടുണ്ട് |
| 24 | Rajesh A | Anangoor, R D Nagar | Date.27/07/2022 Resolution No .01 | 03/01/2023 | നാളിതുവരെ 3 ഗഡുക്കളായി 2,80,000/- രൂപ നൽകിയിട്ടുണ്ട് |
| 25 | Khadeeja | Chala Road, Vidya Nagar | Date.27/07/2022 Resolution No .01 | 27/01/2023 | നാളിതുവരെ 3 ഗഡുക്കളായി 3,60,000/- രൂപ നൽകിയിട്ടുണ്ട് |
| 26 | Srimathi K | - | Date.27/07/2022 Resolution No .01 | 27/01/2023 | നാളിതുവരെ 2 ഗഡുക്കളായി 2,00,000/- രൂപ നൽകിയിട്ടുണ്ട് |
| 27 | Zoorabi | Thayal House, Chalakunnu | Date.27/07/2022 Resolution No .01 | 27/01/2023 | നാളിതുവരെ 2 ഗഡുക്കളായി 2,00,000/- രൂപ നൽകിയിട്ടുണ്ട് |
| 28 | K Thulasi W/o Murali | Nagarkatte House, Kasargod | Date.27/07/2022 Resolution No .01 | 27/01/2023 | നാളിതുവരെ 1 ഗഡു 40,000/- രൂപ നൽകിയിട്ടുണ്ട് |
| 29 | Vinodh C H | Chennikkara, Nullippady | Date.27/07/2022 Resolution No .01 | 27/01/2023 | നാളിതുവരെ 3 ഗഡുക്കളായി 2,80,000/- രൂപ നൽകിയിട്ടുണ്ട് |
| 30 | Chandrahasa Shetty | Thalipadappu, Adkathbail | Date.27/07/2022 Resolution No .01 | 27/01/2023 | നാളിതുവരെ 3 ഗഡുക്കളായി 2,80,000/- രൂപ നൽകിയിട്ടുണ്ട് |

| | | | | | |
|---|---|---|---|---|---|
| 31 | Mohammed Sherief K | Vidya Nagar, Kasargod | Date.27/07/2022 Resolution No .01 | 27/01/2023 | നാളിതുവരെ 3 ഗഡുക്കളായി 2,40,000/- രൂപ നൽകിയിട്ടുണ്ട് |
| 32 | Abdul Hakeem Povval | Thottiyil Mamu Haji Quarters, Thalangara | Date.27/07/2022 Resolution No .01 | 27/01/2023 | നാളിതുവരെ 1 ഗഡു 40,000/- രൂപ നൽകിയിട്ടുണ്ട് |
| 33 | Madhava | Anangoor, Kasargod | Date.27/07/2022 Resolution No .01 | 27/01/2023 | നാളിതുവരെ 1 ഗഡു 40,000/- രൂപ നൽകിയിട്ടുണ്ട് |
| 34 | Sahira | Chalakunnu, Vidyanagar | Date.27/07/2022 Resolution No .01 | 27/01/2023 | നാളിതുവരെ 3 ഗഡുക്കളായി 2,80,000/- രൂപ നൽകിയിട്ടുണ്ട് |
| 35 | Santhosh Kumar S/o Gopala Naik | Kodlu, Kasargod | Date.27/07/2022 Resolution No .01 | 27/01/2023 | നാളിതുവരെ 3 ഗഡുക്കളായി 2,80,000/- രൂപ നൽകിയിട്ടുണ്ട് |
| 36 | Fathimath Ramseena C A | Chalakunnu, Kasargod | Date.27/07/2022 Resolution No .01 | 27/01/2023 | നാളിതുവരെ 2 ഗഡുക്കളായി 2,00,000/- രൂപ നൽകിയിട്ടുണ്ട് |
| 37 | Rajesh N | Chennikkara, Nullippady | Date.27/07/2022 Resolution No .01 | 27/01/2023 | നാളിതുവരെ 3 ഗഡുക്കളായി 2,80,000/- രൂപ നൽകിയിട്ടുണ്ട് |
| 38 | Ahamed Thajuddeen P M | K K Puram, Thalangara | Date.27/07/2022 Resolution No .01 | 27/01/2023 | നാളിതുവരെ 1 ഗഡു 40,000/- രൂപ നൽകിയിട്ടുണ്ട് |
| 39 | Ayisha | J M Road, Nellikkunnu | Date.27/07/2022 Resolution No .01 | 27/01/2023 | നാളിതുവരെ 3 ഗഡുക്കളായി 2,80,000/- രൂപ നൽകിയിട്ടുണ്ട് |
| 40 | Salma K A | Nellikunnu, Bengarakunnu | Date.27/07/2022 Resolution No .01 | 27/01/2023 | നാളിതുവരെ 2 ഗഡുക്കളായി 1,20,000/- രൂപ |

| | | | | | |
|---|---|---|---|---|---|
| | | | | | നൽകിയിട്ടുണ്ട് |
| 41 | Habeeb Rahman K M | Fathima Manzil, Kasargod | Date.27/07/2022 Resolution No .01 | 27/01/2023 | നാളിതുവരെ 3 ഗഡുക്കളായി 2,80,000/- രൂപ നൽകിയിട്ടുണ്ട് |
| 42 | Abdulla P M | K K Puram, Thalangara | Date.27/07/2022 Resolution No .01 | 27/01/2023 | നാളിതുവരെ 3 ഗഡുക്കളായി 2,80,000/- രൂപ നൽകിയിട്ടുണ്ട് |
| 43 | Sreedevi K | Ashok Nagar, Kasargod | Date.27/07/2022 Resolution No .01 | 27/01/2023 | നാളിതുവരെ 3 ഗഡുക്കളായി 2,80,000/- രൂപ നൽകിയിട്ടുണ്ട് |
| 44 | Sudeep Kumar | J P Nagar, Anangoor | Date.27/07/2022 Resolution No .01 | 27/01/2023 | നാളിതുവരെ 3 ഗഡുക്കളായി 2,80,000/- രൂപ നൽകിയിട്ടുണ്ട് |
| 45 | Fathimath Zulbeena D/o Abdulla B A | Yazz Manzil, Bedira, Vidyanagar | Date.27/07/2022 Resolution No .01 | 27/01/2023 | നാളിതുവരെ 1 ഗഡു 40,000/- രൂപ നൽകിയിട്ടുണ്ട് |
| 46 | Prasad Kumar K | J P Nagar, Anangoor | Date.27/07/2022 Resolution No .01 | 27/01/2023 | നാളിതുവരെ 2 ഗഡുക്കളായി 2,00,000/- രൂപ നൽകിയിട്ടുണ്ട് |
| 47 | Ibrahim | Bedira, Vidyanagar | Date.27/07/2022 Resolution No .01 | 27/01/2023 | നാളിതുവരെ 2 ഗഡുക്കളായി 2,00,000/- രൂപ നൽകിയിട്ടുണ്ട് |
| 48 | Vasu | Near Ladies Hostel, Anangoor | Date.27/07/2022 Resolution No .01 | 27/01/2023 | നാളിതുവരെ 1 ഗഡു 40,000/- രൂപ നൽകിയിട്ടുണ്ട് |
| 49 | Pushpa K N | Nelkala, Vidyanagar | Date.27/07/2022 Resolution No .01 | 27/01/2023 | നാളിതുവരെ 3 ഗഡുക്കളായി 2,80,000/- രൂപ നൽകിയിട്ടുണ്ട് |
| 50 | Swarnalatha K | Sruthilaya, | Date.27/07/2022 | 16/02/2023 | നാളിതുവരെ 2 |

| | | | | | |
|---|---|---|---|---|---|
| | | SVT Cross Road, Kasargod | Resolution No .01 | | ഗഡുക്കളായി 2,00,000/- രൂപ നൽകിയിട്ടുണ്ട് |
| 51 | Balakrishna | Amey Colony, Kasargod | Date.27/07/2022 Resolution No .01 | 16/02/2023 | നാളിതുവരെ 1 ഗഡു 40,000/- രൂപ നൽകിയിട്ടുണ്ട് |
| 52 | Abdul Latheef B M | B M House, Bedira, Vidyanagar | Date.27/07/2022 Resolution No .01 | 16/02/2023 | നാളിതുവരെ 1 ഗഡു 40,000/- രൂപ നൽകിയിട്ടുണ്ട് |
| 53 | Aishath Thahira N M | Zahida Manzil, Nellikunnu | Date.27/07/2022 Resolution No .01 | 16/02/2023 | നാളിതുവരെ 2 ഗഡുക്കളായി 2,00,000/- രൂപ നൽകിയിട്ടുണ്ട് |
| 54 | Mohammed Shaheer T A | K K Puram House, Ayambara, Thuruthi | Date.27/07/2022 Resolution No .01 | 16/02/2023 | നാളിതുവരെ 3 ഗഡുക്കളായി 2,80,000/- രൂപ നൽകിയിട്ടുണ്ട് |
| 55 | Vally | Adkathbial North Beach, Santhi Nagar, Kasargod | Date.27/07/2022 Resolution No .01 | 28/02/2023 | നാളിതുവരെ 3 ഗഡുക്കളായി 2,00,000/- രൂപ നൽകിയിട്ടുണ്ട് |
| 56 | Abdul Basheer | Three Star Quarters, Thalangara, Kasargod | Date.27/07/2022 Resolution No .01 | 28/02/2023 | നാളിതുവരെ 1 ഗഡു 40,000/- രൂപ നൽകിയിട്ടുണ്ട് |
| 57 | Sasikala B | P S Gudde, Nellikunnu, Kasargod | Date.27/07/2022 Resolution No .01 | 28/02/2023 | നാളിതുവരെ 2 ഗഡുക്കളായി 1,20,000/- രൂപ നൽകിയിട്ടുണ്ട് |
| 58 | Purushothaman Naik B | Benkarakunnu, Nellikunnu | Date.27/07/2022 Resolution No .01 | 28/02/2023 | നാളിതുവരെ 2 ഗഡുക്കളായി 2,00,000/- രൂപ നൽകിയിട്ടുണ്ട് |
| 59 | Subaida | M D Nagar, Thalangara | Date.27/07/2022 Resolution No .01 | 28/02/2023 | നാളിതുവരെ 2 ഗഡുക്കളായി 1,20,000/- രൂപ നൽകിയിട്ടുണ്ട് |

| | | | | | |
|---|---|---|---|---|---|
| 60 | Haseena T S | Baithul Kahf, Thalangara | Date.27/07/2022 Resolution No .01 | 17/03/2023 | നാളിതുവരെ 2 ഗഡുക്കളായി 1,20,000/- രൂപ നൽകിയിട്ടുണ്ട് |
| 61 | Dhanesh U | Sharada Nivas, Kottakuni Road, Kasargod | Date.27/07/2022 Resolution No .01 | 17/03/2023 | നാളിതുവരെ 2 ഗഡുക്കളായി 1,20,000/- രൂപ നൽകിയിട്ടുണ്ട് |
| 62 | Beefathima | Thayal House, Chalakunnu, Kasargod | Date.27/07/2022 Resolution No .01 | 17/03/2023 | നാളിതുവരെ 2 ഗഡുക്കളായി 1,20,000/- രൂപ നൽകിയിട്ടുണ്ട് |
| 63 | Vinayakumar | M G Colony, Anangoor, Kasargod | Date.27/07/2022 Resolution No .01 | 17/03/2023 | നാളിതുവരെ 2 ഗഡുക്കളായി 1,20,000/- രൂപ നൽകിയിട്ടുണ്ട് |
| 64 | Prashanth K | Golitadi Ho, Adukath Bail Beach, Kasargod | Date.27/07/2022 Resolution No .01 | 23/03/2023 | നാളിതുവരെ 2 ഗഡുക്കളായി 1,20,000/- രൂപ നൽകിയിട്ടുണ്ട് |
| 65 | Pradeep A Naik | Amey Thimaraje Ho, Kasargod | Date.27/07/2022 Resolution No .01 | 11/05/2023 | നാളിതുവരെ 1 ഗഡു 40,000/- രൂപ നൽകിയിട്ടുണ്ട് |
| 66 | Gowri | Nagarkatte, Fort Road, Kasargod | Date.27/07/2022 Resolution No .01 | 11/05/2023 | നാളിതുവരെ 1 ഗഡു 40,000/- രൂപ നൽകിയിട്ടുണ്ട് |
| 67 | Abdul Sathar B A | B A House, Thalangara, Kasargod | Date.27/07/2022 Resolution No .01 | 11/05/2023 | നാളിതുവരെ 1 ഗഡു 40,000/- രൂപ നൽകിയിട്ടുണ്ട് |
| 68 | Janardhana A | R D Nagar, Anangoor Ho, Kasargod | Date.27/07/2022 Resolution No .01 | 11/05/2023 | നാളിതുവരെ 2ഗഡുക്കളായി 1,20,000/- രൂപ നൽകിയിട്ടുണ്ട് |

| | | | | | |
|---|---|---|---|---|---|
| 69 | Sandhya K R | Tholeen Nivas, SCBBM Road, Kadappuram, Kasargod | Date.27/07/2022 Resolution No .01 | 24/06/2023 | നാളിതുവരെ 2ഗഡുക്കളായി 80,000/- രൂപ നൽകിയിട്ടുണ്ട് |
| 70 | Raveendran K K | Kochuvalappu Ho, Bankarakunnu, Nellikunnu, Kasargod | Date.27/07/2022 Resolution No .01 | 17/06/2023 | നാളിതുവരെ 1 ഗഡു 40,000/- രൂപ നൽകിയിട്ടുണ്ട് |
| 71 | Jaya W/o Lakshmanan J | Thayal Veedu, Kasaba Beach, Kasargod | Date.27/07/2022 Resolution No .01 | 24/06/2023 | നാളിതുവരെ 2ഗഡുക്കളായി 80,000/- രൂപ നൽകിയിട്ടുണ്ട് |
| 72 | Sarojini C/o Babu | Kasaba Beach, Kattamballi, Kasargod | Date.27/07/2022 Resolution No .01 | 24/06/2023 | നാളിതുവരെ 2ഗഡുക്കളായി 80,000/- രൂപ നൽകിയിട്ടുണ്ട് |
| 73 | Savithri R C/o Murukan | Kasaba Beach, Kasargod | Date.27/07/2022 Resolution No .01 | 24/06/2023 | നാളിതുവരെ 1 ഗഡു 40,000/- രൂപ നൽകിയിട്ടുണ്ട് |

കെട്ടിട നിർമ്മാണാനുമതി ലഭിച്ച് ഒരു വർഷത്തിനുള്ളിൽ ഭവന നിർമ്മാണം പൂർത്തീകരിക്കണമെന്ന് 04.10.2016ലെ സ.ഉ.(സാധാ)നം.2803/2016/തസ്വഭവ ഉത്തരവ് പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്.

മുൻവർഷങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ട 289ഗുണഭോക്താക്കളിൽ ആകെ 264 പേർ മാത്രമാണ് കരാർ ചമച്ചത്. ഇതിൽ 185 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. നിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്ന 79ഗുണഭോക്താക്കളുടെ വിവരങ്ങൾ, ഭവന നിർമാണത്തിന്റെ നിലവിലെ അവസ്ഥ മുതലായവ അറിയിക്കുന്നതിനുവേണ്ടി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നമ്പർ- 37 , തിയ്യതി -27.11.2023 ) മറുപടി ലഭ്യമായിട്ടില്ല. കരാർ ചമച്ച മുഴുവൻ ഗുണഭോക്താക്കളുടെയും ഭവന നിർമാണം അടിയന്തിരമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും രജിസ്റ്റർ കാലികമായി രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കേണ്ടതുമാണ്.

**1-42 ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് തനത്ഫണ്ടിലേക്ക് തിരികെ ലഭിച്ചില്ല**

നികുതിയേതര വരുമാനമിനത്തിൽ നഗരസഭക്ക് ലഭിക്കേണ്ട ടെണ്ടർ ഫീ മുനിസിപ്പൽ എഞ്ചിനിയറുടെ അക്കൗണ്ടിൽ നിന്നും തനത് ഫണ്ട് അക്കൗണ്ടിലേക്ക് നാളിതുവരെ മാറ്റിയില്ല. 28-09-2013 ലെ ജി.ഒ.(എം.എസ്) 318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് നഗരസഭകൾക്ക് മുനിസിപ്പൽ എഞ്ചിനിയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും മരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. അയതിന്റെ അടിസ്ഥാനത്തിൽ നഗരസഭയിൽ മുനിസിപ്പൽ എഞ്ചിനിയറുടെ പേരിലുള്ള കാസർഗോഡ് എസ്.ബി.ഐയിലുള്ള ഒരു അക്കൗണ്ടിലേക്ക് 08-01-17 മുതൽ ഇ ടെണ്ടർ ഫീ ക്രഡിറ്റ് ചെയ്ത് തുടങ്ങി(നം. 67211536921). എന്നാൽ പ്രസ്തുത അക്കൗണ്ട് നിലവിൽ അസി.എഞ്ചിനിയറുടെ പേരിൽ ഉണ്ടായിരുന്ന ഒരു കറണ്ട് അക്കൗണ്ട് സീറോ ബാലൻസാക്കി മാറ്റിയെടുത്തതാണ്. സാധാരണയായി സീറോ ബാലൻസ് അക്കൗണ്ട് സേവിംഗ്സ് ബാങ്ക് അക്കൗണ്ടാണ്. ടെണ്ടർ ഫീ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങി ആയതിലേക്ക് ക്രഡിറ്റ് ചെയ്യുന്നതിന് പകരം കറണ്ട് അക്കൗണ്ടിലേക്ക് ക്രഡിറ്റ്

ചെയ്യുന്ന അസി. എഞ്ചിനിയറുടെ നടപടി മേൽപ്പടി ഉത്തരവിന് വിരുദ്ധവുമാണ്. 2016-17വർഷം മുതലാണ് നഗരസഭയിൽ ഇ ടെണ്ടർ മുഖേന മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കിയത്. അസി.എഞ്ചിനിയർ ലഭ്യമാക്കിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ 2017-18 മുതൽ 2022-23 വരെ പ്രസ്തുത അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്ത ഇ-ടെണ്ടർഫീയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | അസി എഞ്ചിനിയറുടെ അക്കൗണ്ടിലേക്ക് ഒടുക്കിയ ടെണ്ടർഫീ | നഗരസഭ തനത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ്ചെയ്ത തുക | മാർച്ച് 31 ലെ ബാലൻസ് |
|---|---|---|---|
| 2016-17 | 224180 | - | 224180 |
| 2017-18 | 418451 | - | 642631 |
| 2018-19 | 135237 | - | 777868 |
| 2019-20 | 394375 | - | 1172243 |
| 2020-21 | 113740 | - | 1285983 |
| 2021-22 | 340436 | - | 1626419 |
| 2022-23 | 242200 | - | 1856839 |
| **ആകെ** | **18,68,619/-** | | |

2016-17 മുതൽ 22-23 വരെ എഞ്ചിനിയറുടെ അക്കൗണ്ടിൽ ഒടുക്ക് വന്നിട്ടുള്ള ഇ-ടെണ്ടർ ഫീയായ 18,68,619/- രൂപയിൽ നാളിതുവരെ യാതൊരു തുകയും നഗരസഭ തനത് ഫണ്ടിലേക്ക് ഒടുക്കിയിട്ടില്ല. നഗരസഭയുടെ തനത് വരുമാനം ഇനത്തിൽ ലഭിക്കേണ്ട ടെണ്ടർ ഫീ യഥാസമയം തനത് ഫണ്ട് അക്കൗണ്ടിലേക്ക് ക്രഡിറ്റ് വരാഞ്ഞതു മൂലം പലിശയിനത്തിൽ വരുമാന നഷ്ടമുണ്ടായിട്ടുണ്ട്. മാത്രവുമല്ല, മുനിസിപ്പൽ എഞ്ചിനിയർ പ്രസ്തുത ആവശ്യത്തിനായി എസ്.ബി.ഐയിൽ പുതിയ സീറോ ബാലൻസ് സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് പകരം നിലവിലുണ്ടായിരുന്ന കറണ്ട് അക്കൗണ്ടിലെ ബാലൻസ് സീറോയാക്കി ടി ആവശ്യത്തിലേക്ക് മാറ്റിയെടുക്കുകയാണ് ചെയ്തത്. തന്മൂലം പ്രസ്തുത അക്കൗണ്ടിലെ ബാലൻസിന് പലിശ ലഭിക്കുന്നുമില്ല. ആറ് വർഷം കൊണ്ട് പലിശയിനത്തിൽ നഗരസഭക്ക് ലക്ഷങ്ങളുടെ നഷ്ടമുണ്ടായിട്ടുണ്ട്. ടെണ്ടർ ഫീയിനത്തിൽ ഓരോ വർഷവും എഞ്ചിനിയറുടെ അക്കൗണ്ടിൽ വരുന്ന ടെണ്ടർഫീ സെക്രട്ടറിയുടെ തനത് ഫണ്ട് അക്കൗണ്ടിൽ വരവ് വരാതെ തെറ്റായി സാംഖ്യാ സോഫ്റ്റ് വെയർ മുഖേനയുള്ള അക്കൗണ്ടിൽ വരവ് വയ്ക്കുകയും വാർഷിക കണക്ക് പ്രകാരമുള്ള രസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ടിൽ RP-40(a) Bank, RP-40(b) Bank സ്റ്റേറ്റ്മെന്റുകളിൽ എഞ്ചിനിയരുടെ അക്കൗണ്ടിലെ മുന്നിരിപ്പും ബാലൻസും കാണിക്കുകയും ചെയ്യുന്നു. ടെണ്ടർ ഫീ യഥാസമയം നഗരസഭാ തനത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യാതിരുന്നത് അസി.എഞ്ചിനിയറുടെ ഭാഗത്ത് നിന്നുള്ള വീഴ്ച്ചയാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (49/2022-23 തീയതി 12.12.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈയിനത്തിൽ ഉണ്ടായ പലിശ നഷ്ടത്തിന് റവന്യൂ വിഭാഗവും സാങ്കേതി വിഭാഗവും ഒരു പോലെ ഉത്തരവാദികളാണ്. ഇ-ടെണ്ടർ ഫീ തനത് ഫണ്ടിലേക്ക് ട്രാസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സവിശേഷ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു. കൂടാതെ മേൽ പറഞ്ഞ ബാങ്ക് അക്കൗണ്ടിൽ 2021-22 വർഷം നീക്കിയിരിപ്പായി ഉള്ളത് 16,26,419/- രൂപയാണ്. ഈ വർഷം ടെണ്ടർ ഫീ ഇനത്തിൽ 2,42,200/- രൂപ വരവ് വന്നിട്ടുണ്ട്. ഇത് പ്രകാരം 18,68,619/- നീക്കിബാക്കി വരേണ്ടതാണ്. എന്നാൽ AFS ലെ RP-40(b) ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പായി ടി അക്കൗണ്ടിൽ കാണിച്ചിട്ടുള്ളത് 18,56,839/- രൂപയാണ്. 11,780/- രൂപയുടെ വ്യത്യാസമുണ്ട് (1868619-1856839). പ്രസ്തുത വ്യത്യാസത്തിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

**1-43 ജില്ലാ ആസൂത്രണ ഓഫീസിന് മുകളിൽ കോൺഫറൻസ് ഹാൾ നിർമ്മാണം-തുക നൽകിയത് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല**

| | |
|---|---|
| പ്രൊജക്ട് നമ്പർ/പേര് | 330/23, ജില്ലാ ആസൂത്രണ സെക്രട്ടറിയേറ്റിന്റെ |

| | |
|---|---|
| | മുകളിൽ കോൺഫ റൻസ് ഹാൾ നിർമ്മാണത്തിന് തുക നൽകൽ |
| ഫണ്ട് | ധനകാര്യ കമ്മീഷൻ അവാർഡ് 5,00,000/- |
| ചെലവ് | 5,00,000/- |
| ബിൽ നം/തീയ്യതി/തുക | 172/25.11.2022, 5,00,000/- |

ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വിഹിതം സമാഹരിച്ച് കാസറഗോഡ് ജില്ലയിലെ ജില്ലാ ആസൂത്രണ സമിതി കെട്ടിടത്തിന്റെ മുകൾ നിലയിൽ കോൺഫറൻസ് ഹാൾ നിർമ്മിക്കുന്നതിന് വേണ്ടിയാണ് പദ്ധതി. ഇതിൽ കാസറഗോഡ് മുനിസിപ്പാലിറ്റിയുടെ വിഹിതമായ 5,00,000/- രൂപ മേൽ പറഞ്ഞ പ്രകാരം ജില്ലാ പ്ലാനിംഗ് ഓഫീസർ, കാസറഗോഡിന് നൽകിയിട്ടുണ്ട്. ജി.ഒ. (എം.എസ്)നം.212/2006തീയ്യതി 13.09.2006ലെ നിർദ്ദേശമനുസരിച്ച് 11.07.2022ന് ജില്ലയിൽ ചേർന്ന എസ്റ്റേറ്റ് കമ്മിറ്റി യോഗതീരുമാന പ്രകാരം 27.07.2022ലെ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ കത്തിൽ അറിയിച്ചതിനെ തുടർന്നാണ് തുക നൽകിയത്. മേൽ തുകയുടെ കൈപ്പറ്റ് രശീതോ വിനിയോഗ സാക്ഷ്യപത്രമോ ഇതുവരെയും ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കുന്നതിന് സെക്രട്ടറിയുടെ 30.11.2022, 09.05.2023 എന്നീ തീയ്യതികളിലെ പി2/12317/22 നമ്പർ കത്ത് പ്രകാരം ജില്ലാ പ്ലാനിംഗ് ഓഫീസറോട് ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമായില്ല. മേൽ പ്രവൃത്തി പൂർത്തീകരിച്ചോ എന്ന വിവരം ലഭ്യമല്ലാത്തതിനാൽ മേൽ തുകയുടെ കൈപ്പറ്റ്/വിനിയോഗ സാക്ഷ്യപത്രങ്ങൾ ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി 10/31.10.2023 നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതും പ്രവൃത്തി പുരോഗതി സംബന്ധിച്ച് വിശദമായ വിവരം ലഭ്യമാക്കേണ്ടതുമാണ്.

### 1-44 നഗരസഭയിലെ സ്കൂളുകളുടെ വൈദ്യുതി ബിൽ അടവാക്കൽ അപാകതകൾ

| | | |
|---|---|---|
| പ്രൊജക്ട് നമ്പർ/പേര് | | നഗരസഭാ പരിധിയിലെ 198/23, സർക്കാർ സ്കൂളുകളുടെ വൈദ്യുതി ബിൽ അടവാക്കൽ |
| ഫണ്ട് - സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | | 3,81,487/- |
| ചെലവ് | | 3,49,911/- |
| BRN/തീയ്യതി/തുക | 1. | 100418129/16.08.2022, 32,175/- |
| | 2. | 100455180/23.08.2022, 14,158/- |
| | 3. | 100485659/31.08.2022, 42,690/- |

| | | |
|---|---|---|
| | | |
| | 4. | 100623176/07.10.2022, 12,369/- |
| | 5. | 100664786/18.10.2022, 28,894/- |
| | 6. | 100713310/31.10.2022, 28,690/- |
| | 7. | 100788897/17.11.2022, 9,312/- |
| | 8. | 100910293/15.12.2022, 38,134/- |
| | 9. | 100964804/27.12.2022, 45,113/- |
| | 10. | 101039986/13.01.2023, 6,498/- |
| | 11. | 101215394/20.02.2023, 38,569/- |
| | 12. | 101365078/15.03.2023, 37,855/- |
| | 13. | 101485775/26.03.2023, 15,454/- |
| | **3,49,911/-** | |

മേൽ പറഞ്ഞ 13 ബില്ലുകളിലായി ആകെ 3,49,911/- രൂപ കാസറഗോഡ് നഗരസഭയ്ക്ക് കീഴിലുള്ള സർക്കാർ സ്കൂളുകളുടെ വൈദ്യുതി ചാർജ്ജ് KSEBയുടെ കാസറഗോഡ്, നെല്ലിക്കുന്ന് എന്നീ സബ്സെക്ഷനുകളിൽ അടവാക്കുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് താഴെ പറയുന്ന അപാകതകൾ കാണുന്നു.

**1. ജി.യു.പി.എസ് അടുക്കത്ത് ബയൽ – ഭീമമായ കറന്റ് ബിൽ വരുന്നു.**

മേൽ പറഞ്ഞ സ്കൂളുകളിൽ നെല്ലിക്കുന്ന് സബ്സെക്ഷന്റെ കീഴിലുള്ള ജി.യു.പി.എസ് അടുക്കത്ത് ബയലിൽ മാത്രം മറ്റ് സ്കൂളുകളെ അപേക്ഷിച്ച് വലിയ തുക കറണ്ട് ബില്ല് വരുന്നതായി കാണുന്നു.

കൺസ്യൂമർ നമ്പർ - 1166860017393

| ക്രമ നമ്പർ | ബിൽ നമ്പർ/തീയ്യതി | ആകെ യൂനിറ്റ് | തുക | ട്രഷറി ബിൽ തുക/തീയ്യതി |
|---|---|---|---|---|
| 1 | 668622081433/16.08.2022 | 2144 | 17,483 | 42690/31.08.2022 |
| 2 | 6686221015703/17.10.2022 | 2006 | 16,575 | 28690/31.10.2022 |
| 3 | 6686221220278/19.12.2022 | 2122 | 17,406 | 45113/27.12.2022 |
| 4 | 6686230217774/17.02.2023 | 1616 | 13,758 | 37855/5.03.2023 |
| **ആകെ** | | | **65,222/-** | |

ഇതേ നെല്ലിക്കുന്ന് സെക്ഷനിൽ ഉള്ള GWLP സ്കൂൾ നെല്ലിക്കുന്നിന്റെ കറണ്ട് ചാർജ്ജ് താഴെ പറയും പ്രകാരമാണ്.

| ക്രമ നമ്പർ | ബിൽ തീയ്യതി | തുക |
|---|---|---|
| 1 | 14.08.2022 | 525 |
| 2 | 17.10.2022 | 533 |

| | | |
|---|---|---|
| 3 | 15.12.2022 | 500 |
| 4 | 18.02.2023 | 553 |
| | | 2,111/- |

മേൽ പറഞ്ഞ അപാകതകൾ പരിശോധിക്കുന്നതിന് സെക്രട്ടറി 19.09.2022ന് KSEB ക്ക് കത്തെഴുതുകയും അവരുടെ നിർദ്ദേശ പ്രകാരം വൈദ്യുതി മീറ്ററും താരീഫും ടെസ്റ്റ് ചെയ്യുന്നതിനായി 30.09.2022ന് 667/- രൂപ ഫീസ് ഒടുക്കുകയും ചെയ്തിട്ടുണ്ട്.

എന്നാൽ ഇതിന് ശേഷം തുടർ നടപടികൾ സ്വീകരിക്കുകയോ ഓർമ്മക്കുറിപ്പ് അയക്കുകയോ ചെയ്തിട്ടില്ല. ഇതിനു ശേഷവും വൻ തുക തന്നെയാണ് കറണ്ട് ചാർജ്ജ് ഇനത്തിൽ ഒടുക്കുന്നത്. വൈദ്യുതി മീറ്റർ/താരീഫ് പരിശോധനയോടൊപ്പം ജി.യു.പി.എസ് അടുക്കത്ത് ബയലിലേയും മറ്റ് സ്കൂളുകളിലേയും കുട്ടികൾ/ക്ലാസ്സ് റൂമുകൾ /ലാബുകൾ എന്നിവയുടെ എണ്ണം പരിശോധിച്ച് ഈ കാര്യത്തിൽ നഗരസഭ കൂടുതൽ വ്യക്തത വരുത്തേണ്ടതാണ്.

2. **കറണ്ട് ബില്ല് ഒടുക്കിയ സ്കൂളിന്റെ പേര് വിവരം ലഭ്യമല്ല.**

| | |
|---|---|
| കൺസ്യൂമർ നമ്പർ | 1166864021297 |
| Door No | KMC25/331A |
| ബിൽ തീയ്യതി | തുക |
| 05.08.2022 | 4,547 |
| 08.10.2022 | 4,808 |
| 08.12.2022 | 5,668 |
| 08.02.2023 | 5,434 |
| **ആകെ** | **20457** |

മേൽ തുക ഒടുക്കിയ ബിൽ നമ്പറിലോ കറണ്ട് ബില്ലിലോ സ്കൂളിന്റെ പേരോ മേൽ വിലാസമോ രേഖപ്പെടുത്തിയിട്ടില്ല. ടി ബില്ലുകൾ ഏത് സ്ഥാപനവുമായി ബന്ധപ്പെട്ടതാണെന്ന വിവരം ലഭ്യമാക്കേണ്ടതാണ്.

മേൽ പറഞ്ഞ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി 11/31.10.2023 നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. ആയതിനാൽ കൺസ്യൂമർ നമ്പർ - 1166864021297 പ്രകാരമുള്ള കസ്റ്റമർ/സ്ഥാപനത്തിന്റെ വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച 20457/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രസ്തുത സ്ഥാപനത്തിന്റെ/കസ്റ്റമറുടെ വിവരം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതും ഖണ്ഡികയിൽ പരാമർശിച്ച മറ്റ് അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

**1-45 ഉപയോഗ ശൂന്യമായ വാഹനങ്ങൾ ലേലം ചെയ്ത് വിൽക്കുന്നതിന് നടപടി വൈകുന്നു**

നഗരസഭയിലെ അൺ എക്കണോമിക് ആയ വാഹനങ്ങൾ ലേലം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ 2020 വർഷത്തിൽ ആരംഭിച്ചിട്ടും നിലവിലും പൂർത്തിയായതായി കാണുന്നില്ല. ഇത് സംബന്ധിച്ച് താഴെ പറയും പ്രകാരം നടപടികൾ കൈക്കൊണ്ടതായി ഫയലിൽ ഉണ്ട്.

1. 30.09.2020ന് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കോൺഫറൻസ് ഹാളിൽ നടന്ന യോഗത്തിൽ തീരുമാനം (6) പ്രകാരം ഉപയോഗ ശൂന്യമായ വാഹനങ്ങൾ, ഇ.വേസ്റ്റ്,
സ്ക്രാപ്പ് സാധനങ്ങൾ എന്നിവ കണ്ടെത്തി ലേലം ചെയ്യുന്നതിന് എഞ്ചിനീയറിംഗ് വിഭാഗം സൂപ്രണ്ടിനെയും ശ്രീമതി. സുനിത, ഓവർസിയറേയും ചുമതലപ്പെടുത്തി.
2. 10.11.2020ന് സെക്രട്ടറിയുടെ ഓർമ്മക്കുറിപ്പ് നമ്പർ PW2-14999/20 പ്രകാരം PH2 സെക്ഷനോട് ഉപയോഗ ശൂന്യമായ ലോറി, റോഡ് റോളർ, ട്രാക്ടർ എന്നിവ ലേലം ചെയ്ത് വിൽക്കാനുള്ള നടപടികൾക്കായി ഹിസ്റ്ററി തയ്യാറാക്കുന്നതിന് വണ്ടിയുടെ ഫയൽ, ആർ.സി. ബുക്ക്, ലോഗ് ബുക്ക് എന്നിവ ലഭ്യമാക്കാൻ അറിയിച്ചു.
3. KL-14C 7225 അംബാസിഡർ കാറും KL-14E 5368 നമ്പർ ബൊലേറോ ജീപ്പും ലേലം ചെയ്യുന്നതിനായി EE, PWD, കോഴിക്കോട് നിന്നും അൺ എക്കണോമിക് സർട്ടി ഫിക്കറ്റും കണ്ടം ചെയ്ത് വിൽക്കാമെന്ന റിപ്പോർട്ടും ലഭിച്ചു. തുടർന്ന് തുടർനടപടികൾ സ്വീകരിച്ച് അംബാസിഡർ കാർ ലേലം ചെയ്ത് വിറ്റു. മേൽ പറഞ്ഞ നടപടികൾക്കു ശേഷം ബൊലേറോ ജീപ്പിന്റെ വില നിർണ്ണയത്തിനായി AEE, PWD മെക്കാനിക്കൽ സബ്ഡിവിഷൻ കണ്ണൂരിന് അപേക്ഷ നൽകിയെങ്കിലും ലേലം ചെയ്ത് വിറ്റതായി കാണുന്നില്ല. അത് പോലെ തന്നെ ഉപയോഗ ശൂന്യമാണെന്ന് കണ്ടെത്തിയ റോഡ് റോളർ, ട്രാക്ടർ, ലോറി എന്നിവയും ലേലം ചെയ്ത് വിറ്റതായി രേഖകൾ ഇല്ല.
ഇതിനെ തുടർന്ന് വിശദാംശങ്ങൾ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 12/30.11.2023 നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. ബൊലേറോ ജീപ്പ്, ലോറി, റോഡ് റോളർ, ട്രാക്ടർ എന്നിവ ലേലം ചെയ്ത് വിൽക്കുന്നതിന് നഗരസഭ എന്തൊക്കെ തുടർ നടപടികൾ സ്വീകരിച്ചു എന്നും ആയവ ഇതുവരെയും ലേലം ചെയ്ത് വിറ്റിട്ടില്ലെങ്കിൽ ആയതിന്റെ കാരണവും അറിയിക്കേണ്ടതാണ് .

   പ്രവർത്തന രഹിതമായ വാഹനങ്ങൾക്ക് തുടർന്നും രജിസ്ട്രേഷൻ ഫീസ് പുതുക്കുന്നത് മൂലവും വില കുറയുന്നത് കൊണ്ടും നഗരസഭയ്ക്ക് ഉണ്ടാവുന്ന നഷ്ടം

ഉത്തരവാദിയായ വ്യക്തികളിൽ നിന്ന് ഈടാക്കേണ്ടതും വാഹനങ്ങൾ ലേലം ചെയ്ത് വിൽക്കുന്നതിനാവശ്യമായ തുടർ നപടികൾ സ്വീകരിക്കേണ്ടതുമാണ്.

**1-46 കുഴൽ കിണർ സ്ഥാപിക്കൽ - തുടർ നടപടികൾ സ്വീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല**

വൗച്ചർ നം/തീയ്യതി/തുക - 823/16.02.2023/ 1,935/- രൂപ

നഗരസഭയിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് വരൾച്ച കൂടുതൽ ഉള്ള സ്ഥലങ്ങളിൽ ജല ലഭ്യത ഉറപ്പു വരുത്താൻ കുഴൽ കിണൽ സ്ഥാപിക്കുന്നതാണ് പ്രവൃത്തി. ഇതിനായി മേൽ വൗച്ചർ പ്രകാരം കാസർഗോഡ് നഗരസഭയിലെ 28-ാം വാർഡിൽ പെടുന്ന ഗുഡ്ഡെമനെ പ്രദേശത്ത് കുഴൽ കിണർ സ്ഥാപിക്കുന്നതിനായി ഭൂജല സർവ്വെ ചെയ്യുന്നതിനുള്ള ഫീസ് ജില്ലാ ഓഫീസർ, ഭൂജല വകുപ്പ്, കാസർഗോഡിന് ഒടുക്കിയിട്ടുണ്ട്.

നഗരസഭയിലെ വരൾച്ച കൂടുതൽ നേരിടുന്ന പ്രദേശങ്ങളിൽ ഒന്നായതിനാലാണ് കുഴൽ കിണർ കുഴിക്കുന്നതിന് ഗുഡ്ഡെമനെ പ്രദേശം തെരെഞ്ഞെടുത്തത് എന്ന് നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഇതിന് ശേഷം തുടർ നടപടികൾ സ്വീകരിച്ചതായി ഫയലിൽ കാണുന്നില്ല. കുഴൽ കിണർ കുഴിക്കുന്ന പ്രവൃത്തി സംബന്ധിച്ച് സ്വീകരിച്ച തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നം. 13/31.10.2023 പ്രകാരം അന്വേഷണ കുറിപ്പ് നൽകിയെങ്കിലും മറുപടി ലഭിച്ചില്ല.

മേൽ സാഹചര്യത്തിൽ ഇത് സംബന്ധിച്ച് തുടർ പ്രവർത്തനം എത്രയും പെട്ടെന്ന് നടത്തേണ്ടതാണ്. പ്രവൃത്തി ലക്ഷ്യം കൈവരിക്കാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച 1,935/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-47 KWA പൈപ്പ് ലൈൻ നീട്ടൽ 44.80 ലക്ഷം രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല**

നഗരസഭയിലെ വിവിധ പ്രദേശങ്ങളിൽ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിന് ഓഡിറ്റ് വർഷത്തിലും

മുൻവർഷങ്ങളിലുമായി നഗരസഭ KWAക്ക് കൈമാറിയ ആകെ 44.80 ലക്ഷം രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിക്കുകയോ നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യ പത്രം KWAയിൽ നിന്ന് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.
വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | സ്ഥലം | ഡിപ്പോസിറ്റ് തുക | നൽകിയ തീയതി |
|---|---|---|---|
| 1 | ഹാഷിം സ്ട്രീറ്റ് | 18,30, 000/- | 30.10.2021 |
| 2 | നഗരസഭാ ഓഫീസ് | | |
| 3 | നഗരസഭാ സെക്രട്ടറിയുടെ ക്വാർട്ടേഴ്സ് | | |
| 4 | നഗരസഭാ സ്റ്റാഫ് ക്വാർട്ടേഴ്സ് | | |
| 5 | ആയുർവ്വേദ ആശുപത്രി റോഡ് | 9,00,000/- | 18.02.2022 |
| 6 | 12-ാം വാർഡ് അടിയാൻ തൊട്ടി | 13,40,000/- | 31.03.2022 |
| 7 | 7-ാം വാർഡ് നള്ളിപ്പാടി തിരുപ്പതി കുന്ന് | | |
| 8 | 38-ാം വാർഡ് സ്ട്രീറ്റ് ടാപ്പ് | | |
| 9 | 17-ാം വാർഡ് ചെന്നിക്കര ഗുരു എന്റർപ്രൈസസ് റോഡ് | 4,10,000/- | 19.05.2022 |
| 10 | 10-ാം വാർഡ് നെൽക്കള | | |
| **ആകെ** | | **44,80,000/-** | |

ആയതിൽ മുൻവർഷങ്ങളിലെ പ്രവൃത്തികൾ പൂർത്തിയാക്കാത്തത് സംബന്ധിച്ച് ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉണ്ടായ പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ സെക്രട്ടറി കേരള വാട്ടർ അതോറിറ്റിക്ക് കത്തയച്ചെങ്കിലും പ്രവൃത്തി പൂർത്തീകരിച്ചത് സംബന്ധിച്ചതോ തുകയുടെ വിനിയോഗം സംബന്ധിച്ചതോ ആയ വിവരങ്ങൾ ലഭ്യമാക്കുകയുണ്ടായില്ല.

മേൽ പ്രവൃത്തികളിൽ ക്രമ നമ്പർ (9),(10) എന്നിവയ്ക്ക് ഓഡിറ്റ് വർഷമാണ് തുക നൽകിയത്. (പ്രൊജക്ട് നം.2/23, നഗരസഭയിലെ വിവിധ പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിന് വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ ധനകാര്യ കമ്മീഷൻ അവാർഡ് - 4,10,000/- (PFMS വഴി (C052224021953/19.05.2022, 4,10,000/-രൂപ) തുക നൽകി).

പ്രസ്തുത പ്രവൃത്തിയുടെ കരാർ നിബന്ധന (6) പ്രകാരം നവംബർ മാസം പണി ആരംഭിച്ച് 6 മാസത്തിനകം പൂർത്തീകരിക്കേണ്ടതുണ്ട്. ഈ നിബന്ധന പാലിക്കപ്പെട്ടില്ല. കരാറിൽ തീയ്യതികൾ രേഖപ്പെടുത്തിയതിലും അപാകതകൾ ഉണ്ട് (നിബന്ധന 6 പ്രകാരം പ്രവൃത്തി ആരംഭിക്കേണ്ട സമയം 2022 നവംബർ എന്നതിനു പകരം 2021 നവംബർ എന്നാണ് രേഖപ്പെടുത്തിയത്)

മേൽ പറഞ്ഞ മുഴുവൻ പ്രവൃത്തികളുടേയും നിലവിലെ സ്ഥിതിയും ഇതുമായി ബന്ധപ്പെട്ട് നഗരസഭ സ്വീകരിച്ച തുടർനടപടികളുടെ വിവരങ്ങളും നൽകിയ തുകയുടെ ഇതുവരെയുള്ള വിനിയോഗ വിവരം ഉൾപ്പെടെ ഓഡിറ്റിൽ അറിയിക്കുന്നതിനായി ഓഡിറ്റ് അന്വേഷണം 14/07.11.2023 നൽകിയെങ്കിലും മറുപടി ലഭിച്ചില്ല.

കുടിവെള്ള പൈപ്പ് ലൈൻ നീട്ടുകയും അതുവഴി ജലലഭ്യമത ഉറപ്പാക്കുകയും ചെയ്യുന്നതിനായി ചെലവഴിച്ച 44,88,000/- രൂപയുടെ തുടർ പ്രവർത്തനങ്ങൾ മോണിറ്ററിംഗ് ചെയ്യുന്നില്ല എന്നത് ഗുരുതരമായ അപാകതയാണ്. ഇത് സംബന്ധിച്ച് പ്രവൃത്തിയുടെ Status Report ലഭ്യമാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

മേൽ പ്രവൃത്തിക്കായി ഓഡിറ്റ് വർഷം ചെലവഴിച്ച 4,10,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-48 വാതിൽപ്പടി സേവനം - പദ്ധതി - പൂർത്തിയായില്ല**

പ്രൊജക്ട് നം. 13/23 വാതിൽപ്പടി-സേവനം

വികസന ഫണ്ട് - 2,00,000/-

പ്രായാധിക്യം, ഗുരുതര രോഗം തുടങ്ങിയ കാരണങ്ങളാൽ ചലനശേഷി പരിമിതപ്പെട്ട അവശതയനുഭവിക്കുന്ന വ്യക്തികൾക്ക് അനിവാര്യ സേവനങ്ങൾ വീട്ടിൽ എത്തിക്കുന്നതിനു വേണ്ടിയുള്ള പദ്ധതിയാണിത്.

സന്നദ്ധ പ്രവർത്തകരെ ഉപയോഗിച്ച് അക്ഷയ കേന്ദ്രത്തിലെ പ്രവർത്തകരെയും ജനമൈത്രി പോലീസിനെയും സംവിധാനത്തിന്റെ ഭാഗമാക്കിക്കൊണ്ട് പ്രൊജക്ട് നടപ്പിൽ വരുത്താനാണ് പ്ലാൻ ചെയ്തത്. ഇതിന്റെ ആദ്യ ഘട്ടമായി പ്രധാനമായും താഴെ പറയുന്ന സേവനങ്ങൾ നൽകാനാണ് ലക്ഷ്യമിട്ടത്.

1) മസ്റ്ററിംഗ് (പെൻഷൻ)

2) ലൈഫ് സർട്ടിഫിക്കറ്റ്

3) സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷ

4) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

5) ജീവൻ രക്ഷാ മരുന്നുകൾ

ഇതിനായി 2,00,000/- രൂപ വകയിരുത്തി പദ്ധതി തയ്യാറാക്കിയെങ്കിലും 2022-23 വർഷത്തിൽ ആകെ സ്റ്റേഷനറി വാങ്ങാൻ ചെലവഴിച്ച 4,525/- രൂപ മാത്രമാണ്
പദ്ധതിയ്ക്കായി ചെലവഴിച്ചത്. ഇത് കൂടാതെ 2023-24 വർഷത്തിൽ മീറ്റിംഗ് നടത്തുന്നതിനായി 11,000/- രൂപ കൂടി ചെലവഴിച്ചിട്ടുണ്ട്.

പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തിയ തുടർനടപടികളുടെ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കുന്നതിനും പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകൾ/രജിസ്റ്ററുകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നം. 40/29.11.2023 നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ വാർഡ് കമ്മിറ്റി വഴി നൽകിയ ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ചിട്ടുണ്ടെന്നും മറ്റ് തുടർ പ്രവർത്തനങ്ങൾ നടന്നിട്ടില്ലെന്നും അറിയിച്ചു. പദ്ധതിക്കായി ല്പ്പടോപ്പ്/ ബയോ മെട്രിക്ക് ഉപകരണങ്ങൾ എന്നിവ വാങ്ങിയിട്ടില്ല. രശീത് ബുക്ക് വഴി സംഭാവന സ്വരൂപിച്ചിട്ടില്ലെന്നും ജീവൻ രക്ഷാ മരുന്നുകളോ മറ്റ് സേവനങ്ങളോ ഇത് വരെ നൽകിയിട്ടില്ലെന്നും അറിയിച്ചു.

സമൂഹത്തിലെ ഏറ്റവും ദുർബല വിഭാഗത്തിൽപ്പെട്ടവർക്കും പാർശ്വവത്ക്കരിക്കപ്പെട്ടവർക്കുമായി തയ്യാറാക്കിയതാണ് "വാതിൽപ്പടി സേവനം പദ്ധതി". ആരംഭിച്ചിട്ട് വർഷത്തിലധികമായിട്ടും യാതൊരു തരത്തിലുള്ള സേവനങ്ങളും പദ്ധതി വഴി നൽകിയിട്ടില്ല. പദ്ധതി പൂർത്തീകരിക്കാനാവശ്യമായ അടിയന്തിര തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-49 കുടിവെള്ള ടാപ്പുകളുടെ വെള്ളക്കരം ഒടുക്കൽ അപാകതകൾ**

പ്രൊജക്ട് നം. 197/23 നഗരസഭാ പരിധിയിലെ കേരളാ ജല അതോറിറ്റിയുടെ പൊതുകുടി വെള്ള ടാപ്പുകളുടെ വെള്ളക്കരം ഒടുക്കൽ.

സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) - 10,70,000/-

ചെലവ് - 10,66,554/-

2022-23 വർഷം ആരംഭത്തിൽ നഗരസഭയിലെ 98 പൊതു ടാപ്പുകൾക്കായി പ്രതിമാസം 70,985/- രൂപയാണ് ഒടുക്കിയിരിക്കുന്നത്. ചാർജ്ജ് വർദ്ധനവിനെ തുടർന്ന് 2022-23 വർഷത്തിൽ അവസാന രണ്ട് മാസം ഇത്

1,78,352/- രൂപയായി വർദ്ധിച്ചു. ആകെ 2022-23 വർഷത്തിൽ 10,66,554/-രൂപ (10x70985+2x178352) ഈയിനത്തിൽ ഒടുക്കുകയുണ്ടായി.

| ക്രമ നമ്പർ | ബിൽ നമ്പർ/തീയതി | തുക |
|---|---|---|
| 1 | 0418115/16.08.2022 | ₹70,985 |
| 2 | 0458535/25.08.2022 | 70,985 |
| 3 | 0581077/27.09.2022 | ₹70,985 |
| 4 | 0702932/28.10.2022 | ₹70,985 |
| 5 | 0863414/05.12.2022 | ₹70,985 |
| 6 | 0954737/24.12.2022 | ₹70,985 |
| 7 | 1086728/23.01.2023 | ₹70,985 |
| 8 | 1193793/15.02.2023 | ₹2,12,955 |
| 9 | 1387799/17.03.2023 | ₹3,56,704 |

ഇത് സംബന്ധിച്ച് താഴെ പറയുന്ന അപാകതകൾ കാണുന്നു.

2022 ഏപ്രിൽ മാസത്തെ പ്രതിമാസ ചാർജ്ജ് ഒഴികെ വെള്ളക്കരം ഇനത്തിൽ കുടിശ്ശികയായി കാണിച്ചത് 2,28,352/- രൂപയും പിഴ തുക 4,444/- രൂപയുമാണ്. ഓഡിറ്റ് വർഷത്തിൽ കുടിശ്ശികയില്ലാതെ 12 മാസത്തെ വെള്ളക്കരം ഒടുക്കിയിട്ടും (10x70985+2x178352=1066554) മാർച്ച് മാസത്തെ വാട്ടർ ബില്ലിൽ കുടിശ്ശികയിലും പിഴതുകയിലും വർദ്ധനവ് കാണുന്നു. (കുടിശ്ശിക- 4,15,948, പിഴ തുക – 8,228) ഇത്രയും തുക വർദ്ധനവ് വന്നതിന്റെ കാരണം വ്യക്തമല്ല.

പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കുന്നതിന് ഫണ്ട് ഉണ്ടായിരിക്കേയാണ് ഇത്തരത്തിൽ വൻ തുക കുടിശ്ശികയിനത്തിൽ വന്നത്.

2/2015നാണ് KWAയുടെ ബില്ല് പ്രകാരം അവസാനമായി പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്തിയത്. പിന്നീട് സംയുക്ത പരിശോധനകൾ നടത്തിയിട്ടില്ല. ഇത് സംബന്ധിച്ച് ഇത്രയേറെ കാലതാമസം ഉണ്ടായതിന്റെ കാരണം വിശദീകരിച്ചിട്ടില്ല.

ഏറ്റവും പ്രധാനമായി നഗരസഭയിൽ വാർഡ് അടിസ്ഥാനത്തിൽ നടത്തിയ GIS മാപ്പിംഗ് സർവ്വേ പ്രകാരം നഗരസഭാ പരിധിയിലെ 60 പൊതുടാപ്പുകൾ മാത്രമാണ് പ്രവർത്തിക്കുന്നത് എന്ന് കണ്ടെത്തിയിട്ടുണ്ട്. ഇത് പ്രകാരം നിലവിൽ ഒരു പൊതുടാപ്പിന് വർഷത്തേക്ക് 21,838.68/- പ്രകാരം പ്രവർത്തന ക്ഷമമല്ലാത്ത 38 പൊതുടാപ്പുകൾക്കായി ഒരു വർഷം 8,29,870/- രൂപയാണ് അനാവശ്യ ചെലവായി നൽകി വരുന്നത്. മേൽ പറഞ്ഞ അപാകതകൾക്ക് മറുപടി നൽകുന്നതിനായി (ഓഡിറ്റ് അന്വേഷണക്കുറിപ്പ് (42/29.11.2023) നൽകിയെങ്കിലും മറുപടി ലഭിച്ചില്ല.

കൃത്യമായ സൂക്ഷ്മ പരിശോധനകളിലൂടെ ഇത്തരം അപാകങ്ങൾ കർശനമായും ഒഴിവാക്കേണ്ടതാണ്. ജലഅതോറിറ്റിയുമായി ചേർന്ന് ഒരു സംയുക്ത പരിശോധന നടത്തി പ്രവർത്തന ക്ഷമമല്ലാത്ത പൊതുടാപ്പുകൾ ഒഴിവാക്കി ടിയിനത്തിലുള്ള ചെലവ് നിയന്ത്രിക്കേണ്ടതാണ്.

### 1-50 നഗരസഭാ ആസ്തികളുടെ ജി.ഐ.എസ് മാപ്പിംഗ് പ്രവൃത്തി എത്രയും വേഗം പൂർത്തീകരിക്കേണ്ടതാണ്

പ്രൊജക്റ്റ് നം. 236/23 നഗരസഭാ ആസ്തികളുടെ GIS മാപ്പിംഗ്

വികസന ഫണ്ട് (ജനറൽ - 15,00,000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ് 15,00,000/

അടങ്കൽ - 30,00,000/-

ചെലവ് - 8,00,000/- (വികസന ഫണ്ട്)

ബിൽ നമ്പർ- 12324/14.12.22, 3,00,000/-

20177/15.03.23, 5,00,000/-

നഗരസഭയിലെ മുഴുവൻ ആസ്തികളും ജോഗ്രഫിക്കൽ ഇൻഫർമേഷൻ സംവിധാന ത്തിന്റെ (GIS) സാങ്കേതിക സഹായത്തോടെ ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റി സൂക്ഷിക്കുന്നതിനും കാസറഗോഡ് നഗരസഭയുടെ GIS മാപ്പിംഗ്

തയ്യാറാക്കുന്നതിനമാണ് പദ്ധതി.

ഇതിന്റെ ഭാഗമായി മേൽ പ്രകാരം തുക ചെലവഴിച്ച് നഗരസഭാ സെക്രട്ടറിയും കരകുളം ഗ്രാമീണ പഠന കേന്ദ്രം എക്സിക്യൂട്ടീവ് കോർഡിനേറ്ററും തമ്മിൽ ധാരണാപത്രം ഒപ്പിട്ടു. എന്നാൽ തുടർ നടപടികൾ സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ഇല്ല. 29,30,853/- രൂപ വകയിരുത്തിയാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. കരാർ ഒപ്പിട്ട് 4 മാസത്തിനുള്ളിൽ പദ്ധതി പ്രവർത്തനം പൂർത്തീകരിച്ച് വെബ്പോർട്ടൽ പ്രവർത്തനം സജ്ജമാക്കേണ്ടതാണെന്ന് കരാർ നിബന്ധനകളിൽ പറയുന്നുണ്ട്. പദ്ധതി എത്ര ശതമാനം പൂർത്തിയായി എന്നും ഇനി എന്തൊക്കെ പ്രവൃത്തികളാണ് പൂർത്തായാവാനുള്ളത് എന്നും വെബ്പോർട്ടൽ നിലവിൽ പൂർണ്ണമായും പ്രവർത്തന സജ്ജമാണോ എന്നും അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 43/29.11.2023) മറുപടി ലഭിച്ചില്ല.

വെബ്ബ് പോർട്ടൽ പ്രവർത്തന ക്ഷമമാക്കിയോ എന്നും ജി.ഐ.എസ് മാപ്പിംഗ് പ്രവൃത്തി എത്ര ശതമാനം പുരോഗതി കൈവരിച്ചു എന്നും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. പ്രസ്തുത പ്രവൃത്തികൾ എത്രയും പെട്ടെന്ന് പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-51 അംഗൻവാടികളുടെ വാട്ടർചാർജ്ജ് ഒടുക്കിയത് അവ്യക്തത പരിഹരിക്കേണ്ടതാണ്

വൗച്ചർ നം. 860/24.02.23, Rs. 43,153/-

മേൽ വൗച്ചർ പ്രകാരം നഗരസഭയുടെ കീഴിലുള്ള പത്ത് അംഗൻവാടികളുടെ വിവിധ മാസങ്ങളിലെ വാട്ടർ ചാർജ്ജ് ഒടുക്കിയിട്ടുണ്ട് ഇതുമായി ബന്ധപ്പെട്ട് വാട്ടർ ചാർജ്ജ് ഒടുക്കിയതിന്റെ ഡിമാന്റ് നോട്ടീസ് (ചിലത് റാൻഡം ആയി സൂക്ഷിച്ചിട്ടുണ്ട്) ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. വാട്ടർ ചാർജ് ഒടുക്കുന്നതിൽ അപാകതകൾ കാണുന്നു.

ആകെയുള്ള 10 അംഗൻവാടികളിൽ 7 എണ്ണത്തിനും 3,000/- രൂപയിൽ താഴെ മാത്രം വാട്ടർ ചാർജ്ജ് വന്നപ്പോൾ 3 അംഗൻവാടികൾക്ക് ക്രമാതീതമായി അധിക തുക വന്നതായി കാണുന്നു.

(എ) 23-ാം നമ്പർ അംഗൻവാടി - 12,757/-

(ബി) സീ വ്യൂ പാർക്ക് അംഗൻവാടി - 6,973/-

(സി) കാസർഗോഡ് അംഗൻവാടി - 5,914/-

ഇത് സംബന്ധിച്ച് അന്വേഷണത്തിന് PA To Secretary ഫയലിൽ എഴുതിയെങ്കിലും ഇത് കുടിശ്ശിക ഉൾപ്പെടെയാണെന്ന മറുപടിയാണ് സെക്ഷൻ നൽകിയത്. ഡിമാന്റ് നോട്ടീസിന്റെ അഭാവത്തിൽ വാട്ടർ ചാർജ്ജിന്റെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല. വിശദീകരണം അറിയിക്കുന്നതിനായി ഓഡിറ്റ് അന്വേഷണം 44/29.11.2023 നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. ഇത് സംബന്ധിച്ച് അവ്യക്തതകൾ പരിഹരിക്കേണ്ടതും അധിക തുക ഒടുക്കിയിട്ടുണ്ടെങ്കിൽ തുടർന്ന് വരുന്ന ബില്ലുകളിൽ ആയത് ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-52 നഗരസഭയിൽ എൽ.ഇ.ഡി തെരുവ് വിളക്ക് വാങ്ങൽ പദ്ധതി - പദ്ധതി നടപ്പാക്കിയതിൽ അപാകത

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ LSGD |
| പ്രോജക്ടിന്റെ നമ്പറും പേരും | SO112/2023 LED തെരുവ് വിളക്ക് വാങ്ങൽ |
| അടങ്കൽ തുക | 490000/- |
| ചെലവ് തുക | 255000/- |
| ചെക്ക് നമ്പർ / തീയതി | 1032389652118 Dated: 30.03.2023<br>148 To 151 (വൗച്ചർ നം) |

നഗരസഭയിൽ നടപ്പാക്കിയ എൽ.ഇ.ഡി തെരുവ് വിളക്ക് വാങ്ങൽ പദ്ധതിക്കുവേണ്ടി 2020-21ൽ പ്രൊജക്ട്(നം.170/21) തയ്യാറാക്കി ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചിരുന്നെങ്കിലും പദ്ധതി നടപ്പായില്ല. 2021-22 വർഷം പ്രൊജക്ട് നം.227/22 പ്രകാരം ഇ-ടെണ്ടർ ക്ഷണിക്കുകയും ലഭ്യമായ 7 ടെണ്ടറുകളിൽ, ഏറ്റവും കുറഞ്ഞ തുക

ക്വാട്ട് ചെയ്ത ട്രാൻസ്ഫോം ഇലക്ട്രിക്കൽ ഇൻഡസ്ട്രീയൽ എന്ന സ്ഥാപനം നിശ്ചിത സമയപരിധിക്കുള്ളിൽ സാംമ്പിളുകളും ക്വാളിറ്റി സർട്ടിഫിക്കറ്റും ഹാജരാക്കാത്തതിനെ തുടർന്ന് രണ്ടാമത്തെ കുറഞ്ഞ തുക (2,55,000/-) ക്വാട്ട് ചെയ്ത അമ്മിണി എനർജി സിസ്റ്റം എന്ന സ്ഥാപനവുമായി കരാറിലേർപ്പെട്ട് അസിസ്റ്റന്റ് എഞ്ചിനീയർ (എൽഎസ്.ജി.ഡി) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയാണ് 'എൽ ഇ ഡി തെരുവ് വിളക്ക് വാങ്ങൽ". 2022-23 സാമ്പത്തിക വർഷമാണ് ടി പദ്ധതി തുക ചെലവഴിച്ചിട്ടുള്ളത് (SO112/23 അടങ്കൽ തുക 490000/-).

നഗരസഭയിലെ വിവിധ വാർഡുകളിൽ എൽഇഡി സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് കാസറഗോഡ് മുനിസിപ്പാലിറ്റി കെ.എസ്.ഇ.ബി.യുമായി കരാറിലേർപ്പെട്ട് ആവശ്യമായ അനുമതി നേടുന്നതിന് മുമ്പ് തന്നെ അമ്മിണി എനർജി സിസ്റ്റംസിന് തെരുവു വിളക്കുകൾ സപ്ലൈ ചെയ്യുന്നതിന് സപ്ലൈ ഓർഡർ നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 2022 മാർച്ച് 17ന് പ്രസ്തുത സ്ഥാപനം 100 എൽഇഡി ലൈറ്റുകൾ സപ്ലൈ ചെയ്യുകയുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഐറ്റം കോഡ് | വിശദാംശം | എണ്ണം | നിരക്ക് | തുക |
|---|---|---|---|---|
| 123 - 029 | 36W LED Light | 25 | 1650 | 41250 |
| 123 - 037 | 100W LED Light | 75 | 2850 | 213750 |
| **ആകെ** | | **100** | | **255000** |

എന്നാൽ ടി സാധനങ്ങൾ ലഭ്യമായതിന്റെ ബിൽ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമായില്ല. കെ.എസ്.ഇ.ബി.യിൽ നിന്നും അനുമതി ലഭിക്കുന്നതിനുള്ള കാലതാമസം, എൽ ഇ ഡി തെരുവുവിളക്കുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ നിർണ്ണയിക്കുന്നതിനുള്ള കാലതാമസം എന്നിവ മൂലം 2023 മാർച്ചിൽ ടി എൽഇഡി തെരുവ് വിളക്കുകൾ സ്ഥാപിച്ചതായാണ് ഫയലിൽ കാണുന്നത്. കെ.എസ്.ഇ.ബി.യുടെ 12.12.2022ലെ DB17/AE /ES/KSD/2022-23/214 നമ്പർ കത്ത് പ്രകാരം 21 എൽ ഇ ഡി ലൈറ്റ് സ്ഥാപിക്കാവുന്ന പോസ്റ്റുകളുടെ ലിസ്റ്റ് നഗരസഭയ്ക്ക് ലഭ്യമാക്കിയിരുന്നു. നഗരസഭാ കൗൺസിലർമാർ നിർദ്ദേശിച്ച 76 സ്ഥലങ്ങളിൽ 40 പോസ്റ്റുകൾക്ക് മാത്രമാണ് KSEBയുടെ അനുമതി ലഭിച്ചിട്ടുള്ളതെന്ന് ഫയലിൽ കാണുന്നു. ടി 40 ലൈറ്റുകൾ എവിടെയൊക്കെ സ്ഥാപിച്ചു എന്നതിന്റെ വിശദാംശങ്ങളും ഫയലിൽ ലഭ്യമല്ല. ബാക്കിയുള്ള 60 ലൈറ്റുകൾ സ്ഥാപിക്കുന്നതിന് നിർദ്ദേശങ്ങൾക്കായി മുനിസിപ്പൽ എഞ്ചിനീയർ 20/12/2022 ൽ കുറിപ്പ് നൽകിയെങ്കിലും ആയതിൽ തുടർനടപടികൾ സ്വീകരിച്ചതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

ചെയർമാന്റെ നിർദ്ദേശപ്രകാരവും KSEB അനുമതി ലഭിച്ച പ്രകാരവും M/Sഅമ്മിണി എനർജി സിസ്റ്റംസ് സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും ആയതിനാൽ ബിൽ തയ്യാറാക്കി നൽകാൻ അസിസ്റ്റന്റ് എഞ്ചിനീയർ നിർദ്ദേശിച്ച പ്രകാരം പെയ്മെന്റ് നൽകിയതായാണ് ഫയലിൽ കാണുന്നത്.

തെരുവ് വിളക്കുകൾ സപ്ലൈ ചെയ്ത് ആയവ KSEB അനുമതിയോടുകൂടി പോസ്റ്റുകളിൽ സ്ഥാപിക്കുന്നതിനുള്ള തുകയാണ് അമ്മിണി എനർജി സിസ്റ്റത്തിന് അനുവദിച്ച്
നൽകിയിട്ടുള്ളത്. എന്നാൽ സപ്ലൈ ചെയ്ത 100 എൽ.ഇ.ഡി ലൈറ്റുകളും നഗരസഭയിലെ വിവിധ വാർഡുകളിൽ സ്ഥാപിച്ചത് സാധൂകരിക്കുന്ന അനുബന്ധ രേഖകൾ പട്ടിക സഹിതം ലഭ്യമാക്കാതെയാണ് മുഴുവൻ തുകയും 30.03.2023ന് സ്ഥാപനത്തിന് നൽകിയത്.

തെരുവ് വിളക്കുകൾ എല്ലാം സ്ഥാപിച്ചിട്ടുണ്ടോ എന്നത് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

കരാർ ഉടമ്പടിയിലെ നം.6 നിബന്ധന പ്രകാരം എൽഇഡി ലൈറ്റ് കാസർഗോഡ് മുനിസിപ്പാലിറ്റിയിൽ വിതരണം ചെയ്ത തീയ്യതി മുതൽ 24 മാസ വാറണ്ടിയാണ് സ്ഥാപനം നൽകുന്നത്. വിതരണം ചെയ്ത് ഒരു വർഷത്തിനുശേഷം സ്ഥാപിച്ചതിനാൽ ഒരു വർഷത്തെ വാറണ്ടി പീരിഡ് നഷ്ടപ്പെട്ടതായി കാണുന്നു. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ - 30തിയ്യതി - 21.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

സപ്ലൈ ചെയ്ത 100 എൽ.ഇ.ഡി ലൈറ്റുകളും നഗരസഭയിലെ വിവിധ വാർഡുകളിൽ സ്ഥാപിച്ചത് സാധൂകരിക്കുന്ന

അനുബന്ധ രേഖകൾ ലഭ്യമാക്കാത്തതിനാൽ ചെലവുതുക **2,55,000/-** രൂപ തടസ്സപ്പെടുത്തുന്നു.

**1-53 നഗരസഭയിലെ വിവിധ പദ്ധതികൾക്കായി നൽകിയ ചെലവുകളുടെ വിനിയോഗ സാക്ഷ്യപത്രം, ഫയൽ ലഭ്യമായില്ല – 63,17,407/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു**

2022-23 വർഷത്തിൽ കാസറഗോഡ് നഗരസഭയിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന പദ്ധതികൾക്കായി നൽകിയ ചെലവ് തുകയുടെ വിനയോഗ സാക്ഷ്യപത്രം, പദ്ധതി പൂർത്തീകരിച്ചതിന്റെ വിവരം, തുക നൽകിയതിന്റെയും കൈപ്പറ്റിയതിന്റെയും രേഖകൾ, പ്രൊജക്ട്, ഫയൽ തുടങ്ങി പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകളൊന്നും ഓഡിറ്റിൽ ഹജാരാക്കിയിട്ടില്ല. (ഓഡിറ്റ് റിക്വസിഷൻ 10/19.10.2023)

| ക്രമ നമ്പർ | പ്രൊജക്ട് വിവരങ്ങൾ | ഫണ്ട്/അടങ്കൽ തുക | ഫണ്ട്/ചെലവാക്കിയ തുക | ബിൽ നമ്പർ/ തീയ്യതി |
|---|---|---|---|---|
| 1 | 199/23 നഗരസഭയുടെ വിവിധ പ്രദേശങ്ങളിൽ കുടിവെള്ളമെത്തിക്കുന്നതിന് വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | ധകാര്യ കമ്മീഷൻ ഗ്രാന്റ് - 4,0,00,000/- തനത് - 25874 ആകെ - 4258574 | ധകാര്യ കമ്മീഷൻ ഗ്രാന്റ് - 4,0,00,000/- തനത് - 0 ആകെ - 4,0,00,000/- | 227/13.01.23 3,00,000 331/17.03.23 626000 332/17.03.2023 865000 333/18.03.23 2209000 ആകെ. 40,00,000/- |
| 2 | 201/23 നഗരസഭയിലെ വിവിധ സ്ഥലങ്ങളിൽ തെരുവു വിളക്ക് സ്ഥാപിക്കുന്നതിന് വൈദ്യുത ലൈൻ നീട്ടൽ | വികസന ഫണ്ട് (ജനറൽ) 997927 ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 1092000 ആകെ. 2089927 | വികസന ഫണ്ട് (ജനറൽ) 415803 ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 794953 ആകെ. 1210756 | 122/13.10.22 794953 290/13.03.23 229540 443/29.03.23 186263 ആകെ. 1210756 |
| 3 | 7/2023ഐ.കെ.എം. ന് തുക നൽകൽ | വികസന ഫണ്ട്. (ജനറൽ ) 256651) | വികസന ഫണ്ട് (ജനറൽ) 256651 | 78/19.08.22 181156 299/14.03.23 75495 ആകെ - 256651 |
| 4 | 367/2023 ആയുർവേദാശുപത്രി റോഡിലെ ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കുന്നതിന് KSEB ക്ക് തുക നൽകൽ | വികസന ഫണ്ട് (ജനറൽ) 9,00,000 | വികസന ഫണ്ട് (ജനറൽ) 8,50,000 | 309/15.03.23 8,50,000/- |

മേൽ പറഞ്ഞ രേഖകൾ/ഫയലുകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് റിക്വസിഷൻ നമ്പർ 10/19.10.23

നൽകിയെങ്കിലും മറുപടിയോ രേഖകളോ ലഭ്യമാക്കുകയുണ്ടായില്ല. പ്രസ്തുത രേഖകളുടെ അഭാവത്തിൽ പദ്ധതിയുടെ പൂർത്തീകരണമോ തുകയുടെ വിനിയോഗമോ ഓഡിറ്റിൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല. ആയതിനാൽ മേൽ പറഞ്ഞ ഇനങ്ങളിലെ ആകെ ചെലവായ 63,17,407/-(40,00,000+1210756+256651+850000)രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-54 നഗരസഭ പ്രദേശത്തെ മരം മുറിയുമായി ബന്ധപ്പെട്ട - അപാകതകൾ**

2022-23 വർഷത്തിൽ നഗരസഭാ പ്രദേശത്ത് വിവിധ സ്ഥലങ്ങളിലെ മരങ്ങൾ മുറിച്ചതും തടി ലേലം ചെയ്തതുമായ് ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

**1-54-1 മുറിച്ച് മാറ്റിയ മരത്തടികൾ ലേലം ചെയ്ത് വിറ്റതിന്റെ വിവരങ്ങൾ ലഭ്യമല്ല.**

വൗച്ചർ നമ്പർ/ തീയതി / തുക 955/22.03.2023 48,000/- രൂപ

കാസറഗോഡ് ജി.എച്ച്.എസ്.എസ്. കോമ്പൗണ്ടിലെ മരങ്ങൾ മുറിച്ചു മാറ്റുന്നതിന് മേൽ വൗച്ചർ പ്രകാരം ശ്രീ. കെ. ഷിഹാബുദ്ദീന് 48,000/- രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത മരങ്ങളുടെ തടിക്ക് (1 തേക്ക്, 1 മെയ് ഫ്ളവർ, 1 ബദാം, 1 പാല, 1 മഴമരം, 1 മഹാഗണി) 53874/- രൂപ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, സാമൂഹ്യ വനവൽക്കര വിഭാഗം, കാസർഗോഡ് വില നിർണ്ണയിച്ചിട്ടുണ്ട്. (നഗരസഭാ ചെയർമാന് അയച്ച 4.07.2022ലെ ഇ.680/22-ാം നമ്പർ കത്ത്)

എന്നാൽ പ്രസ്തുത മരത്തടികൾ ലേലം ചെയ്ത് വിറ്റ് നഗരസഭാ ഫണ്ടിൽ മുതൽ കൂട്ടിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച് കൂടുതൽ അന്വേഷണം നടത്തേണ്ടതും തടികൾ ലേലം ചെയ്തിട്ടില്ലായെങ്കിൽ അടിയന്തിരമായി ലേലനടപടികൾ കൈക്കൊള്ളേണ്ടതുമാണ്. അല്ലാത്ത പക്ഷം ഇതുകൊണ്ട് ഉണ്ടാകുന്ന നഷ്ടം ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതുമാണ്.

**1-54-2 അപകടാവസ്ഥയിലുള്ള മരങ്ങൾ അടിയന്തിരമായി മുറിച്ചു മാറ്റേണ്ടതാണ്.**

നഗരസഭാ പ്രദേശത്ത് വിവിധ ഭാഗങ്ങളിൽ അപകടാവസ്ഥയിലുള്ള മരങ്ങൾ മുറിച്ചു മാറ്റുന്നതിന് 19.01.2022ന് നഗരസഭാ ചെയർമാന്റെ നേതൃത്വത്തിൽ നടന്ന 'ട്രീ' കമ്മിറ്റിയിൽ തീരുമാനമെടുത്തിട്ടുണ്ട്. ആയത് ഇതുവരെയും നടപ്പായില്ല. ഇവ അപകടാവസ്ഥയിലാണെന്ന് റിപ്പോർട്ടിൽ ഉണ്ട്. ഇതിനുശേഷം 21.05.2022 ന് ഹെഡ്മാസ്റ്റർ സർക്കാർ അന്ധവിദ്യാലയം (സ്കൂളിനടുത്തുള്ള അപകടാവസ്ഥയിലുള്ള മരങ്ങൾ), 04.07.2022ന് 25-ാം വാർഡ് കൗൺസിലർ (അംഗൻവാടിയോട് ചേർന്ന് നിൽക്കുന്ന അപകടാവസ്ഥയിലുള്ള മരം), 13.07.2022ന് സ്റ്റേഷൻ ഓഫീസർ അഗ്നിശമനനിലയം എന്നിവരും അപകടാവസ്ഥയിലുള്ള മരങ്ങൾ മുറിച്ചുമാറ്റുന്നതിനായി നഗരസഭാ സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ ഇവ മുറിച്ചുമാറ്റിയതായി ഫയലിൽ ഇല്ല. അംഗൻവാടി, അന്ധവിദ്യാലയം പോലെയുള്ള ഏറ്റവും സുരക്ഷിതത്വം ആവശ്യമുള്ള സ്ഥലങ്ങളിൽ ഉൾപ്പെടെ അപകടാവസ്ഥയിൽ നിൽക്കുന്ന ഇത്തരം മരങ്ങൾ മുറിച്ചു മാറ്റേണ്ടത് നഗരസഭ ഏറ്റവും അടിയന്തിരമായി നിർവ്വഹിക്കേണ്ട ചുമതലയാണ്.

**1-54-3 മരങ്ങൾ അനധികൃതമായി വെട്ടിമാറ്റുന്നു.**

കാസറഗോഡ് നഗരസഭാ ജനറൽ ഹോസ്പിറ്റൽ കോംമ്പൗണ്ടിൽ നിന്നും 4 തേക്ക് മരങ്ങളും 3 വൃക്ഷങ്ങളും അനധികൃതമായി ആരോ വെട്ടിമാറ്റിയതായി ജനറൽ ഹോസ്പിറ്റലിൽ നിന്നും അറിയിച്ചതായി സെക്രട്ടറി 16.02.2022 ന് അസിസ്റ്റന്റ് എഞ്ചിനീയർക്ക് അയച്ച കത്തിൽ പരാമർശിച്ചിട്ടുണ്ട്. ഇതിനെ തുടർന്ന് നടത്തിയ അന്വേഷണത്തിൽ കാസറഗോഡ് നഗരസഭയുടെ ഉടമസ്ഥതയിലുള്ള വിദ്യാനഗർ ഇൻഡസ്ട്രീയൽ എസ്റ്റേറ്റിൽ പല ഭാഗത്തായി 28 കഷണം തേക്ക് തടി ഉൾപ്പെടെ മരത്തടികൾ കൂട്ടിവെച്ചതായി കണ്ടതായി അനീസ് (ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് Ii), രൂപേഷ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് Ii എന്നിവർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 19.02.2022 ന് ടി തടികൾ പോലീസ് കസ്റ്റഡിയിൽ എടുത്തതായും റിപ്പോർട്ടിൽ ഉണ്ട്. ഇത് സംബന്ധിച്ച തുടർ നടപടികളുടെ വിവരങ്ങളോ പോലീസ് FIR ന്റെ പകർപ്പോ ഫയലിൽ ഇല്ല. നഗരസഭയുടെ തൊട്ടടുത്തുള്ള ആശുപത്രി കോമ്പൗണ്ടിൽ നിന്നും മരം മുറിച്ച് വ്യവസായ എസ്റ്റേറ്റിനടുത്തുള്ള തടി മില്ലിൽ എത്തിച്ച് അവിടെ നിന്നും വ്യവസായ എസ്റ്റേറ്റിൽ പല ഭാഗത്ത് കൂട്ടിയിട്ട നിലയിലാണ് മരത്തടികൾ കണ്ടെത്തിയത്. ഇത്രയും ഗൗരവകരമായ സംഭവം നടന്നിട്ടും തുടർനടപടികൾ മോണിറ്റർ ചെയ്യുന്നില്ല എന്നത് ഗുരുതരമായ അപാകതയാണ്. കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കാനുള്ള അടിയന്തിര നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

**1-55 കേളുഗുഡ്ഡെ ഡംപിംഗ് യാർഡ്- ലെഗസി മാലിന്യ നിക്ഷേപ സൈറ്റുകൾ വീണ്ടെടുക്കുന്നതിനുള്ള പദ്ധതി -**

**നഗരസഭ തുടർ നടപടികൾ സ്വീകരിക്കുന്നില്ല**

**(ഫയൽ നം.PH2-2077/21)**

ബയോറെമെഡിയേഷൻ വഴി നഗരസഭകളിലെ മാലിന്യ നിക്ഷേപ സൈറ്റുകൾ വീണ്ടെടുക്കുന്നതിന് പദ്ധതികൾ നടപ്പിലാക്കാൻ മാർഗ്ഗ നിർദ്ദേശങ്ങൾ സ.ഉ. (സാധാ) നം. 2629/2022/LSGD, തിരുവനന്തപുരം തീയതി 29.10.2022 പ്രകാരം സർക്കാർ പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കാസറഗോഡ് നഗരസഭയിലെ കേളുഗുഡ്ഡെ ഡംപിംഗ് യാർഡ് വീണ്ടെടുക്കുന്നതിന് നഗരസഭ നടപടി സ്വീകരിക്കുകയുണ്ടായി.

സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം നിർമ്മാർജ്ജനം ചെയ്യേണ്ട മാലിന്യത്തിന്റെ സ്വഭാവവും അളവും വിലയിരുത്തൽ, ലെഗസി മാലിന്യ നിക്ഷേപങ്ങൾ തുറക്കുന്നതിനുള്ള ഉത്ഖനന പ്രവർത്തനങ്ങൾ, മാലിന്യം തരംതിരിക്കുന്നതിനായി സ്ക്രീനിംഗും സോർട്ടിംഗും, വീണ്ടെടുക്കപ്പെട്ട വസ്തുക്കളുടെ പുനരുപയോഗം, വില്പന/വിപണനം, തിരസ്കൃത വസ്തുക്കളുടെ ശാസ്ത്രീയ നിർമ്മാർജ്ജനം എന്നിങ്ങനെ വിവിധ പ്രവർത്തനങ്ങൾ ഉൾപ്പെടുന്നു.

ടി വിഷയം സംബന്ധിച്ച് 01.12.2022ലെ നഗരസഭാ കൗൺസിലിന്റെ 3/1 നമ്പർ തീരുമാന പ്രകാരം താഴെ പറയുന്ന നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിച്ചിരുന്നു. ബയോറെമെഡിയേഷൻ വഴി നഗരസഭകളിലെ ലെഗസി മാലിന്യ നിക്ഷേപ സൈറ്റുകൾ വീണ്ടെടുക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് സെക്രട്ടറി, എൽ.എസ്.ജി.ഡി (എൽ.ഐ.ഡി& ഇ.ഡബ്ല്യൂ) എഞ്ചിനീയർ , ഹെൽത്ത് വിഭാഗം ഉദ്യോഗസ്ഥൻ, ജില്ലാ ശുചിത്വമിഷനിൽ നിന്നുള്ള സാങ്കേതിക വിദഗ്ധൻ, ജില്ലാ മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രതിനിധി, അക്കാദമിക് സ്ഥാപനങ്ങളിൽ നിന്നുള്ള മറ്റ് വിദഗ്ധർ എന്നിവരെ
ഉൾപ്പെടുത്തി സാങ്കേതിക സമിതി രൂപികരിക്കുക. ലെഗസി മാലിന്യ നിക്ഷേപ സൈറ്റുകൾ വീണ്ടെടുക്കുന്നതിനുള്ള "Two Cover Bid" താല്പര്യപത്രം അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കി പ്രസിദ്ധീകരിക്കുക.

എന്നാൽ കേളുഗുഡ്ഡേ ഡംപിംഗ് യാർഡിലെ ലെഗസി വേസ്റ്റ് അളന്ന് തിട്ടപ്പെടുത്തി റിപ്പോർട്ട് നൽകുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ച് "Spreads Survey Calicut" എന്ന ഏജൻസി വഴി "Total Station Survey" നടത്തി റിപ്പോർട്ട് ലഭ്യമാക്കിയെങ്കിലും തുടർനടപടികളൊന്നും നഗരസരഭ സ്വീകരിച്ചതായി കാണിന്നില്ല.

വാർഷിക പദ്ധതികളുടെ ഭാഗമായി പ്രോജക്ട് തയ്യാറാക്കി KSWMP (Kerala Solid Waste Management Project) പദ്ധതിയിലോ SWM (Solid Waste Management) പദ്ധതിയിലോ ഉൾപ്പെടുത്തി ബയോറെമെഡിയേഷൻ വഴി നഗരസഭയുടെ ഉടമസ്ഥതിയിലുള്ള 1.58 ഏക്കറോളം സ്ഥലം വീണ്ടെടുക്കുന്നതിന് നടപടികൾ സ്വീകരിക്കാൻ നഗരസഭാ അസിസ്റ്റന്റ് എഞ്ചിനീയർ 15/12/2023ൽ ശുപാർശ നൽകിയെങ്കിലും തുടർനപടികളൊന്നും ഉണ്ടായതായി കാണുന്നില്ല.

ടി വിഷയത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

**1-56 വിദ്യാനഗർ ഇൻഡസ്ട്രീയൽ എസ്റ്റേറ്റിലെ മാലിന്യം നീക്കം ചെയ്യൽ- തുടർ നടപടികളില്ല**

**(ഫയൽ നം.PH2-17339/22)**

സംസ്ഥാനത്തെ ലെഗസി മാലിന്യ സൈറ്റുകൾ ബയോറെമഡിയേഷൻ ചെയ്തു സ്ഥലം വീണ്ടെടുക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ 24.10.2022ലെ സ.ഉ (സാധാ)നം. 2629/2022/ തസ്വഭവ പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിലവിൽ ലെഗസി മാലിന്യ നിക്ഷേപങ്ങളുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ബയോറെമെഡിയേഷൻ ചെയ്യുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്ക് എക്സിക്യൂട്ടീവ് ഡയറക്ടർ ശുചിത്വ മിഷൻ 07.11.2022സലെ നം. 2683/C2/2022/ SM കത്ത് പ്രകാരം നിർദ്ദേശം നൽകിയിരുന്നു.

ലെഗസി മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്തു അത്തരം ഭൂമി വീണ്ടെടുക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ നഗരസഭയിലെ ലെഗസി മാലിന്യ നിർമ്മാർജ്ജന പദ്ധതികളുടെ നിർവ്വഹണ ഉദ്യോഗസ്ഥനായി നഗരസഭയുടെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തി നഗരസഭാ സെക്രട്ടറി പി.എച്ച് 2-17339/22 തീയതി 14/12/2022 പ്രകാരം ഉത്തരവായിട്ടുണ്ട്.

നഗരസഭയുടെ വിദ്യാനഗർ ഇൻഡസ്ട്രീയൽ എസ്റ്റേറ്റിൽ കൂടികിടക്കുന്നതും, ഹരിത കർമ്മസേന മുഖാന്തിരം ശേഖരിച്ച് തരംതിരിച്ച ശേഷം സൂക്ഷിച്ചിട്ടുള്ളതുമായ റിജെക്റ്റ് പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനി/ മറ്റ് എജൻസികൾ മുഖാന്തിരം തുക നൽകി കയ്യൊഴിയുന്ന നടപടി സ്വീകരിക്കുന്നുണ്ടെങ്കിലും ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കാത്തതിനാൽ പ്ലാസ്റ്റിക്ക് മാലിന്യങ്ങളുടെ അളവ് കൂടി വരികയും റിജക്റ്റ്

പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ യഥാസമയം കയ്യൊഴിയാത്തതിനാൽ പാരിസ്ഥിതിക പ്രശ്നങ്ങളും സ്ഥല ലഭ്യതക്കുറവും ഉണ്ടാകുന്നതായും റിജക്റ്റ് പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് നിലവിൽ പദ്ധതിയിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ റിവിഷൻ പദ്ധതികളുടെ ഭാഗമായി തുക കണ്ടെത്തി നടപടി സ്വീകരിക്കാൻ ഹെൽത്ത സൂപ്പർവൈസറെ 22.10.2022ലെ 2/1 തീരുമാന പ്രകാരം കൗൺസിൽ ചുമതലപ്പെടുത്തുകയുണ്ടായി.

എന്നാൽ ഇത് പ്രകാരം തുക കണ്ടെത്തി പദ്ധതി രൂപീകരിച്ചതായോ മാലിന്യങ്ങൾ നീക്കം ചെയ്ത് സ്ഥലം വീണ്ടെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായോ വിശദാംശങ്ങൾ ലഭ്യമല്ല. ടി വിഷയത്തിൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

**1-57 കാസറഗോഡ് വികസന പാക്കേജ് - വിദ്യാനഗർ സ്റ്റേഡിയം നവീകരണം പ്രവർത്തനങ്ങൾ മന്ദഗതിയിൽ**

**(ഫയൽ നം.PW1/19014/21)**

കാസറഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി നഗരസഭാ പരിധിയിലെ വിദ്യാനഗർ സ്റ്റേഡിയം നവീകരിക്കുന്നതിനുള്ള ഡി.പി.ആർ തയ്യാറാക്കുന്നതിനും ടോട്ടൽ സർവ്വേ നടത്തുന്നതിനും സ്പോർട്സ് കേരള ഫൗണ്ടേഷന് ചുമതല നൽകാൻ നഗരരസഭാ കൗൺസിൽ 18.04.2022ലെ 3-ാം നമ്പർ തീരുമാന പ്രകാരം നിർദ്ദേശം നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ തിരുവനന്തപുരത്തിന്റെ പ്രതിനിധികൾ സ്റ്റേഡിയം സന്ദർശിക്കുകയും ചെയ്തിരുന്നു.

കാസറഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി മുനിസിപ്പൽ സ്റ്റേഡിയം നവീകരിച്ച് എല്ലാവിധ സൗകര്യങ്ങളോടെ 8 ട്രാക്ക് 400 മീറ്റർ സിന്തറ്റിക്ക് മൾട്ടിപർപ്പസ്സ് സ്റ്റേഡിയമാക്കി മാറ്റുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത് . ടി പദ്ധതി നടപ്പിലാക്കുന്നതിലൂടെ യുവതലമുറയിൽപ്പെട്ട കഴിവുറ്റ കായിക താരങ്ങളെ കണ്ടെത്തി വാർത്തെടുക്കുക എന്നതാണ് അത്യന്തികമായി ലക്ഷ്യമിടുന്നത്.

കാസറഗോഡ് വികസന പാക്കേജിൽ ഉൾപ്പെട്ട വിദ്യാനഗർ സ്റ്റേഡിയം നവീകരിക്കുന്നതിനുള്ള പ്രവൃത്തി സ്പോർട്സ് കേരളാ ഫൗണ്ടേഷൻ മുഖേന നിർവ്വഹിക്കുകയാണെങ്കിൽ നിലവിലുള്ള സർക്കാർ വ്യവസ്ഥ അനുസരിച്ചുള്ള പി.എം.സി. നിരക്കുകൾ പ്രകാരം നിർവ്വഹിക്കാൻ തയ്യാറാണെന്ന് 16.09.2022ലെ നം. Ci-49/22/SKF കത്ത് പ്രകാരം സ്പോർട്സ് കേരള ഫൗണ്ടേഷൻ നഗരസഭയെ അറിയിച്ചിരുന്നു.

28.12.2022ലെ നഗരസഭാ കൗൺസിലിന്റെ 6-ാം നമ്പർ തീരുമാനപ്രകാരം കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി വിദ്യാനഗർ സ്റ്റേഡിയം നവീകരിക്കുന്നതിന് ഡിപിആർ തയ്യാറാക്കുന്നതിന് നഗരസഭാ അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ അംഗീകരിച്ചിട്ടുള്ള നിരക്കിൽ പി.എം.സി യായി സ്പോർട്സ് കേരള ഫൗണ്ടേഷനെ ചുമതലപ്പെടുത്തി തീരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുന്നതിലേയ്ക്ക് കാസർഗോഡ് നഗരസഭ അസിസ്റ്റന്റ് എഞ്ചിനീയർ പി.ഡബ്ല്യൂ.1-19014/21 തീയതില 03.02.2023 പ്രകാരം ചീഫ് എഞ്ചിനീയർ സ്പോർസ് കേരള ഫൗണ്ടേഷന് കത്തു നൽകി. എന്നാൽ ആയതിലേക്ക് ആവശ്യമായ തുടർനടപടികളൊന്നും നടന്നതായി ഫയലിൽ വിവരങ്ങൾ ലഭ്യമല്ല.

അവസാനമായി നഗരസഭയുടെ കീഴിലുള്ള വിദ്യാനഗർ സ്റേറഡിയം നവീകരണ പ്രവൃത്തികൾ നടത്തുന്നതിന് അമൃത് മിഷന്റെ UIDF പ്രൊജക്ടിൽ ഉൾപ്പെടുത്തി 10 കോടി രൂപ അനവദിക്കുന്നതിലേക്കായി സമർപ്പിക്കുന്നതിന് കരട് പദ്ധതി റിപ്പോർട്ട് അടിയന്തിരമായി തയ്യാറാക്കി നൽകാൻ ആവശ്യപ്പെട്ട് 7/12/2023 ൽ PW1-19014/21 ആയി നഗരസഭാ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ചീഫ് എഞ്ചിനീയർ സ്പോർട്സ് കേരള ഫൗണ്ടേഷന് കത്തു നൽകിയിട്ടുണ്ട്.

2021 ൽ പ്രഖ്യാപിച്ച കാസറഗോഡ് വികസന പാക്കേജിൽ ഉൾപ്പെട്ട ടി പദ്ധതി നിലവിലും വലിയ പുരോഗതി കൈവരിച്ചിട്ടില്ല എന്ന് ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. കായിക രംഗത്ത് ജില്ലയുടെ മുഖഛായ തന്നെ മാറ്റാനുതകുന്ന ടി പദ്ധതി തടസ്സങ്ങൾ പരിഹരിച്ച് അടിയന്തിര പ്രാധാന്യത്തോടുകൂടി നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-58 അമൃത് പദ്ധതി - പൂർത്തീകരിച്ചിട്ടില്ല**

പ്രൊജക്റ്റ് നം. 285/23, അമൃത് 2.0 നഗരസഭാ വിഹിതം നൽകൽ

ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 1,33,12,525/-

ചെലവ് - 1,33,12,525/- (വൗച്ചർ നം 174/31.03.2023)

നഗര പരിഷ്ക്കരണങ്ങൾക്കായുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണ് അമൃത്. ശുദ്ധജല വിതരണത്തിന് പ്രാധാന്യം

നൽകി നഗരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസനങ്ങൾ വർദ്ധിപ്പിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം ഇതിന്റെ ഭാഗമായി കാസറഗോഡ് മുനിസിപ്പാലിറ്റിയിലെ 29 കിലോമീറ്റർ ചുറ്റളവിലുള്ള 2500 വീടുകളിൽ കുടിവെള്ള പൈപ്പ് ലൈൻ വഴി വാട്ടർ കണക്ഷൻ ലഭ്യമാക്കുന്നതിന് 11.54 കോടിയുടെ പദ്ധതി (പദ്ധതി ചെലവ് 11.14 കോടിയും തുടർ നടത്തിപ്പിനുള്ള 40 ലക്ഷവും ഉൾപ്പെടെ) യാണ് അമൃതം 2.0 പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ ഉൾപ്പെടുത്തിയത്. പ്രസ്തുത പദ്ധതിക്ക് GO(Rt) No. 677/2023/LSGD, Date 21.03.2023 പ്രകാരം ഭരണാനുമതി ലഭിച്ചു.

അംഗീകരിച്ച DPR തുകയായ 11.54 കോടി രൂപയിൽ നഗരസഭാ വിഹിതം 1,44,25,000/- രൂപയാണ്. ഇത് മേൽ പ്രൊജക്ട് പ്രകാരം വകയിരുത്തിയ 1,33,12,525 /- രൂപയിൽ പരിമിതപ്പെടുത്തി 31.03.2023 ന് ഒടുക്കുകയുണ്ടായി. സ.ഉ. (കൈ)നം. 272/2021/തസ്വഭവ, തീയതി 24.11.2021 ഖണ്ഡിക3.4, സ.ഉ(കൈ)നം. 86/2022/LSGD തീയതി 19.04.2022 ഖണ്ഡിക 6.7.ബി.8 പ്രകാരം കേന്ദ്ര സംസ്ഥാന പദ്ധതികൾക്കുള്ള നഗരസഭാ വിഹിതം CFC ഗ്രാന്റിൽ നിന്നും ചെലവഴിക്കാൻ പാടില്ലെന്ന് നിർദ്ദേശിക്കുന്നുണ്ട്. പ്രസ്തുത നിർദ്ദേശം പാലിക്കാതെയാണ് തുക ചെലവഴിച്ചിട്ടുള്ളത്.

പദ്ധതി നടത്തിപ്പ് പരിശോധിക്കുന്നതിനായി താഴെ പറയുന്ന രേഖകൾ/ വിശദീകരണങ്ങൾ ഓഡിറ്റ് എൻക്വയറി 41/2.11.2023 പ്രകാരം ആവശ്യപ്പെട്ടിരുന്നു.

1) 31.03.2023ന് തന്നെ നഗരസഭാ വിഹിതമായ 1,33,12,525/- രൂപ ഒടുക്കിയെങ്കിലും കരാറിൽ ഏർപ്പെടുന്നത് 18.09.2023 ന് മാത്രമാണ്. കാലതാമസം വിശദീകരിക്കുന്നില്ല.

2) 2021-22 ൽ ആരംഭിച്ച് 2025-26ൽ പൂർത്തിയാക്കേണ്ട പദ്ധതിയുടെ പകുതി സമയം കഴിഞ്ഞെങ്കിലും പ്രവൃത്തി പൂർത്തീകരണം, തുകയുടെ വിനിയോഗ വിവരം എന്നിവ സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

3) പദ്ധതിയുടെ മിഷൻ ഡയറക്ടർമാർക്ക് പ്രവൃത്തിയുടെ തുടർനടപടി സംബന്ധിച്ച പിരിയോഡിക്കൽ റിട്ടേൺസ് അയക്കേണ്ടതാണെന്ന് കരാറിൽ പറയുന്നുണ്ട്. ആയതിന്റെ പകർപ്പുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

പദ്ധതിയുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കുകയുണ്ടായില്ല. മേൽ പറഞ്ഞ രേഖകളുടെ അഭാവത്തിൽ പദ്ധതിയുടെ നിലവിലെ അവസ്ഥ മനസ്സിലാക്കാൻ സാധിച്ചിട്ടില്ല.

മേൽ പറഞ്ഞ തുകയ്ക്ക് പുറമേ അമൃത് 2.0 കുടിവെള്ള പദ്ധതിക്കുള്ള 7.426 കോടി രൂപയുടെ അധിക പ്രൊപ്പോസൽ കൂടി 6.12.2023 ലെ 33/1 നമ്പർ തീരുമാന പ്രകാരം നഗരസഭ അംഗീകരിച്ചിട്ടുണ്ട്. (2023-24 സാമ്പത്തിക വർഷം)

നിലവിൽ 2023-24 തന്നെ 1,33,12,525/- രൂപ നഗരസഭാ വിഹിതമായി പദ്ധതിക്ക് വേണ്ടി ചെലവഴിച്ചു കഴിഞ്ഞിട്ടുണ്ട്. പദ്ധതിയുടെ പ്രവർത്തന പുരോഗതി റിപ്പോർട്ട് കൃത്യമായ ഇടവേളകളിൽ മുനിസിപ്പൽ സെക്രട്ടറിയും മിഷൻ ഡയറക്ടറെയും അറിയിക്കേണ്ടത് വാട്ടർ അതോറിറ്റിയുടെ ചുമതലയാണെന്ന് ഇത് സംബന്ധിച്ച് സെക്രട്ടറിയെയും മിഷൻ ഡയറക്ടറും വാട്ടർ അതോറിറ്റിയും തമ്മിലുള്ള ത്രികക്ഷി കരാറിലെ ഒരു നിബന്ധനയാണ്. പദ്ധതി നിർവ്വഹണം വാട്ടർ അതോറിറ്റിയുടെ ചുമതലയിലാണ്.

പദ്ധതിയുടെ പ്രവർത്തന റിപ്പോർട്ട്, തുകയുടെ വിനിയോഗ വിവരം എന്നിവ കൃത്യമായി മോണിറ്റർ ചെയ്യേണ്ടതും പ്രസ്തുത രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

**1-59 താളിപ്പടപ്പ് മൈതാനത്തിന്റെ 2022-23 വർഷത്തെ പാട്ട തുക ഒടുക്കിയത് - 2,80,750/- രൂപ തടസ്സപ്പെടുത്തുന്നു**

വൗച്ചർ നമ്പർ/തീയ്യതി : 218/28.06.22

ഫയൽ നം. : PW1-9803/05

തുക : 2,80,750/-(ചെക്ക് നമ്പർ:-195098 Dt.28.06.2022)

മേൽ വൗച്ചർ പ്രകാരം കാസർഗോഡ് നഗരസഭയിലെ അടുക്കത്ത് ബയൽ വില്ലേജിൽ റീ സർവ്വേ നം. 63/4-B2ൽ പെട്ട സ്ഥലത്തിന്റെ 2022-23 വർഷത്തെ പാട്ട തുക ഒടുക്കിയിട്ടുണ്ട്.

കാസർഗോഡ് ജില്ലയിലെ അടുക്കത്ത് ബയൽ വില്ലേജിലെ റീ-സർവ്വേ നമ്പർ - 63/4 ബി2 വിൽ പെട്ട 3.50 ഏക്കർ സ്ഥലം (താളിപ്പടപ്പ് മൈതാനം) മിനിസ്റ്റേഡിയം നിർമ്മിക്കുന്നതിനായി കാസർഗോഡ് മുനിസിപ്പാലിറ്റിക്ക് ഒരു ശതമാനം പാട്ട നിരക്കിൽ 99 വർഷത്തേക്ക് പാട്ടത്തിന് നൽകി 25.07.2005 ലെ സ.ഉ(കൈ)230/2005 റവന്യൂ. ഉത്തരവ് പ്രകാരം കൈമാറിയിട്ടുണ്ട് (ഓരോ വർഷവും പാട്ട തുകയായ 2,80,750/- രൂപ നഗരസഭ റവന്യൂ വകുപ്പിൽ ഒടുക്കണം എന്ന നിബന്ധനയോടെ).

എന്നാൽ പാട്ടത്തുകയായ 2,80,750/-രൂപ ഒടുക്കാൻ തുടങ്ങി വർഷങ്ങളായിട്ടും നാളിതുവരെയും മിനിസ്റ്റേഡിയം നിർമ്മിക്കാനാവശ്യമായ നടപടികൾ നഗരസഭ കൈക്കൊണ്ടിട്ടില്ല. ഇതു സംബന്ധിച്ച് റവന്യൂ മന്ത്രിക്കും മുഖ്യമന്ത്രിക്കും ഉൾപ്പെടെ പാട്ട തുക ഒഴിവാക്കി നൽകേണ്ടതിലേക്കായി നഗരസഭ നിവേദനങ്ങൾ നൽകിയെങ്കിലും പരിഹാരമുണ്ടായിട്ടില്ല.

പ്രസ്തുത വിഷയം പരിഹരിക്കുന്നതിനായി നഗരസഭ 01.04.2022ന് ശേഷം എന്തെങ്കിലും തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (51/2022-23 തീയതി:12.12.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. തനത് വരുമാനം കുറഞ്ഞ നഗരസഭക്ക് ഇത്തരം ചെലവുകൾ നിയന്ത്രിക്കേണ്ടത് അത്യാവശ്യമാണ്. ആയതിനാൽ പാട്ട തുക അടവാക്കുന്നത് ഒഴിവാക്കാനുള്ള അടിയന്തര നടപടികൾ സർക്കാരിൽ നിന്ന് ഉണ്ടാവുന്നതിന് ആവശ്യമായ നടപടികൾ നഗരസഭയുടെ ഭാഗത്തു നിന്ന് ഉണ്ടാകേണ്ടതാണ്. പ്രസ്തുത വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തര ശ്രദ്ധ ക്ഷണിക്കുന്നു. ആയതിനാൽ ഈയിനത്തിൽ 2022-23 വർഷം ചെലവഴിച്ച 2,80,750/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-60 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി -പ്രതീക്ഷിത ലക്ഷ്യം കൈവരിച്ചിട്ടില്ല**

കേരള സർക്കാർ നഗര ദാരിദ്ര്യ ലഘൂകരണത്തിനായി പദ്ധതി ചെലവ് പൂർണ്ണമായും വഹിച്ചുകൊണ്ട് നടപ്പിലാക്കുന്ന പദ്ധതിയാണ് അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി. ഇത് കേരളത്തിലെ എല്ലാ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും നഗര ദാരിദ്ര്യ ലഘൂകരണത്തിന് നടപ്പിൽ വരുത്തുന്ന പദ്ധതിയാണ്. നഗരപ്രദേശങ്ങളിൽ വസിക്കുന്ന അവിദഗ്ധ കായികാധ്വാനത്തിന് തയ്യാറുള്ള ഓരോ കുടുംബത്തിലെയും പ്രായപൂർത്തിയായ അംഗങ്ങൾക്ക് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് നൂറ് തൊഴിൽ ദിവസങ്ങൾ പദ്ധതി ഉറപ്പു നൽകുന്നു.

1. ആസൂത്രണം

| വർഷം | ലേബർ ബജറ്റ് പ്രകാരം സൃഷ്ടിക്കപ്പെടേണ്ട തൊഴിൽ ദിനങ്ങൾ | സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | | ലേബർ ബജറ്റ് പ്രകാരം പ്രതീക്ഷിത ചെലവ് | യഥാർത്ഥ ചെലവ് | |
|---|---|---|---|---|---|---|
| | | എണ്ണം | ശതമാനം | | തുക | ശതമാനം |
| 2022-23 | 2,01,096 | 12,595 | 6.26 | 6,07,10,036 | 49,99,703 | 8.24 |

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ വിജയത്തിന് ഏറ്റവും പ്രധാനമാണ് ആസൂത്രണ പ്രക്രിയ എന്നും നഗരസഭ ഓരോ സാമ്പത്തികവർഷവും ഡിസംബർ 31 ന് മുമ്പേ തൊട്ടടുത്ത സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക കർമ്മ പദ്ധതിയും ലേബർ ബജറ്റും തയ്യാറാക്കി സമർപ്പിക്കേണ്ടതുണ്ട് എന്ന് തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പിന്റെ 3.11.2017 ലെ സ.ഉ.(കൈ)216/2017/തസ്വഭവ നമ്പർ ആയി പുറപ്പെടുവിച്ച അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയുടെ പരിഷ്കരിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. കാസറഗോഡ് നഗരസഭ കൗൺസിലിന്റെ 08.03.2022 തീയ്യതിയിലെ 16-ാം നമ്പർ തീരുമാന പ്രകാരം 2022-23 വർഷത്തേക്കുള്ള 6,07,10,036 രൂപയുടെ ലേബർ ബജറ്റും വാർഷിക കർമ്മ പദ്ധതിയും അംഗീകരിച്ചിട്ടുണ്ട്. ഇതിന് ജില്ലാ ആസൂത്രണ സമിതി 07.04.2022 തീയ്യതിയിൽ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. നഗരസഭ കൗൺസിലും ജില്ലാ ആസൂത്രണ സമിതിയും അംഗീകാരം നൽകിയ വാർഷിക കർമ്മപദ്ധതിക്ക് സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ 06.05.2022 തീയ്യതിയിലെ സംസ്ഥാന തൊഴിലുറപ്പ് കമ്മീഷന്റെ 3-ാം നമ്പർ തീരുമാനപ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്.

എന്നാൽ 2022-23 വർഷത്തിൽ ആകെ പ്രതീക്ഷിത തൊഴിൽ ദിനങ്ങളുടെ 6.26 ശതമാനം മാത്രമാണ് സൃഷ്ടിക്കപ്പെട്ടത്. അതു പോലെ പ്രതീക്ഷിത ചെലവിന്റെ 8.24 ശതമാനം മാത്രമാണ് പദ്ധതിയുടെ യഥാർത്ഥ ചെലവ്. ആകെ രജിസ്റ്റർ ചെയ്ത 1432 വ്യക്തികളിൽ 186 പേർക്ക് മാത്രമാണ് തൊഴിൽ ലഭിച്ചത്. ഇതിൽ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയത് 5കുടുംബങ്ങൾ മാത്രമാണ്.

നഗരപ്രദേശങ്ങളിൽ വസിക്കുന്ന അവിദഗ്ധ കായികാധ്വാനത്തിന് തയ്യാറുള്ള ഓരോ കുടുംബത്തിലെയും പ്രായപൂർത്തിയായ അംഗങ്ങൾക്ക് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് നൂറ് ദിവസം തൊഴിൽ ഉറപ്പാക്കുക, അതിലൂടെ കുടുംബങ്ങളുടെ ജീവിത സുരക്ഷ ഉറപ്പാക്കുക, നഗര പ്രദേശങ്ങളിൽ വസിക്കുന്ന ദുർബല കുടുംബങ്ങൾക്ക് മറ്റ് തരത്തിലെ തൊഴിലുകൾ ലഭ്യമല്ലാതിരിക്കുകയും തൊഴിൽ കുറവ് വരുന്നതുമായ അവസരങ്ങളിൽ തൊഴിൽ

ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കിയ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി കാസറഗോഡ് നഗരസഭയിൽ പ്രതീക്ഷിത ലക്ഷ്യം കൈവരിച്ചിട്ടില്ല എന്ന് ഫയൽ പരിശോധിച്ചതിൽ വ്യക്തമാകുന്നു. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ യഥാർത്ഥ ചെലവും പ്രതീക്ഷിത ചെലവും തമ്മിലുള്ളതും സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങളും പ്രതീക്ഷിത തൊഴിൽ ദിനങ്ങളും തമ്മിലുള്ളതുമായ ഭീമമായ അന്തരങ്ങൾക്കുള്ള കാരണം ഗൗരവകരമായി പരിശോധിക്കേണ്ടതും ഭാവിയിൽ പദ്ധതി പ്രതീക്ഷിത ലക്ഷ്യം കൈവരിക്കുന്നതിന് ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**1-61 ടൗൺ ഹാൾ കെട്ടിടത്തിന്റെ ടോയ്‌ലറ്റ് ബ്ലോക്ക് മെയിന്റനൻസ് - കോടതി ചെലവ്- പിഴ പലിശ നൽകിയത് - ഈടാക്കിയിട്ടില്ല**

| | |
|---|---|
| പ്രവൃത്തിയുടെ പേര് | നഗരസഭ ടൗൺഹാൾ കെട്ടിടത്തിലെ ടോയ്‌ലറ്റ് ബ്ലോക്ക് മെയിന്റനൻസ് |
| അടങ്കൽ | 10,00,000/- |
| കരാർ തുക | 9,94,775/- |
| കരാറുകാരൻ | ഇ.ഐ. മുഹമ്മദ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |
| എഗ്രിമെന്റ് നമ്പർ | 67/2015-16 |
| എം.ബുക്ക് നം. | 206/2015-16 |
| പ്രവൃത്തി മൂല്യം | 726737 |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 19.05.2016 |
| കോടതി നിർദ്ദേശ പ്രകാരം നൽകിയ തുക | 12,63,455/- ( കരാറുകാരന് നൽകിയ തുക -12,06,679/- നികുതി വിഹിതം - 56,776/- |
| ചെക്ക് നം/ തീയതി/ തുക | 486805/29.10.2022/ 12,63,455/- |
| കേസ് നമ്പർ/തീയ്യതി | O.S. No. 26/2020, 22.02.2022 |
| ഫയൽ നം. | PW1-23574/15 A2-10949/20 |

കാസറഗോഡ് നഗരസഭ 2015-16 വർഷത്തിൽ ടൗൺഹാൾ ടോയ്‌ലറ്റ് ബ്ലോക്ക് മെയിന്റനൻസ് വർക്ക് പദ്ധതിക്കായി 10,00,000/- രൂപ വകയിരുത്തുകയും പ്രവൃത്തിയുടെ കരാറുകാരൻ സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. വാർഷിക പദ്ധതിയുടെ ഭാഗമാക്കാതെയും ജില്ലാ പ്ലാനിംഗ് കമ്മിറ്റിയുടെ അനുമതി ഇല്ലാതെയും ആണ് മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത് പൂർത്തീകരിച്ചിട്ടുള്ളത് എന്ന സാങ്കേതികമായ കാരണം പറഞ്ഞ് ടിയാന് കരാർ തുക പ്രവൃത്തി പൂർത്തീകരിച്ച സമയം അനുവദിച്ചിട്ടില്ല. ആയതിനെ തുടർന്ന് പ്രവൃത്തി നടത്തിയതിന്റെ കരാർ പ്രകാരമുള്ള തുക അനുവദിച്ചില്ലെന്ന് കരാറുകാരനായ ശ്രീ. ഇ.ഐ മുഹമ്മദ് ബഹു. കാസർഗോഡ് സബോർഡിനേറ്റ് ജഡ്ജ് കോടതി മുമ്പാകെ നഗരസഭയെ എതിർ കക്ഷിയാക്കി O.S. No, 26/2020 കേസ് ഫയൽ ചെയ്തു.

പ്രസ്തുത O.S No. 26/2020 നമ്പർ കേസിന്റെ വിധി ന്യായത്തിൽ കരാർ തുക11,15,021/- രൂപ അനുവദിച്ച് നൽകണമെന്ന് ഉത്തരവായിട്ടുള്ളതും ആയതിൽ നഗരസഭ 24.06.2020 മുതൽ തുക അനുവദിക്കുന്ന കാലയളവുവരെ 11,15,021/-രൂപയ്ക്ക് 6% പലിശയും കോടതി ചെലവും ഉൾപ്പെടെ നൽകണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.
ഇതേ തുടർന്ന് 18.04.2022ന് ചേർന്ന ഭരണസമിതി ഈ കാര്യം പരിശോധിക്കുകയും കോൺട്രാക്ടർക്ക്

യഥാസമയം തുക നൽകാത്തതിനാൽ അധികമായി നൽകേണ്ടി വന്ന പലിശയും കോടതി ചെലവും വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കാൻ തീരുമാനം നമ്പർ 2/1 പ്രകാരം തീരുമാനിക്കുകയും ചെയ്തു.
2015-ൽ പ്രസ്തുത പ്രവൃത്തി 10 ലക്ഷം രൂപ തനതു ഫണ്ട് വിനിയോഗിച്ച് നടപ്പാക്കുന്നതിന് നഗരസഭാ കൗൺസിൽ ഭരണ സാമ്പത്തിക അനുമതി നൽകിയെങ്കിലും പദ്ധതി രൂപീകരണ വേളയിൽ പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായ DPC അംഗീകാരം വാങ്ങാതെ പദ്ധതി നടപ്പാക്കിയതുമൂലമാണ് ഇത്തരമൊരു സാഹചര്യം ഉണ്ടായതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

പ്രസ്തുത പ്രവൃത്തിക്ക് DPC അംഗീകാരം വാങ്ങുന്നതിന് സമയബന്ധിതമായി നടപടികൾ സ്വീകരിക്കാതിരുന്നത് പദ്ധതി രൂപീകരണ വിഭാഗം ജീവനക്കാരുടെയും DPC അംഗീകാരമില്ലാത്ത പ്രവൃത്തി നടപ്പാക്കിയത് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥന്റെയും ഭാഗത്തു നിന്നുള്ള ഗുരുതരമായ വീഴ്ചയാണ്.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ഫയൽ എം. ബുക്ക് എന്നിവ പരിശോധിച്ചതിൽ പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തിയ എം. ബുക്കിന്റെ (എം.ബുക്ക് നം. 206/15-16) അടിസ്ഥാനത്തിലല്ല ബിൽ തയ്യാറാക്കിയിട്ടുള്ളത് എന്ന് കാണുന്നു.

പ്രവൃത്തിയുടെ ഒന്നാം ഇനത്തിലും നാലാം ഇനത്തിലുമാണ് ഇപ്രകാരം വ്യത്യാസം വന്നിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ ഒന്നാം ഇനം. | ബില്ലിൽ രേഖപ്പെടുത്തി തുക അനുവദിച്ച അളവ് | വ്യത്യാസം/അധികം |
|---|---|---|
| 1) Disposal Of Building Rubbish/malba/similar Unserviceable, Dismantled Or Waste Materials By Mechanical Means Including Loading, Transporting, Unloading To Approved Municipal Dumping Ground Or As Approved By Engineer-in-charge, Beyond 50 M Initial Lead, For All Loads Including All Lifts Involved. | $72.87M^3$@ $168.36/ M^3$ = 12268.39 $M^3$ | $72.87M^3$- $42.462M^3$ =30. $41M^3$ $30.41M^3$@$168.36/M^3$ = ₹5119.49 |
| എം. ബുക്കിൽ (206/15-16 പേജ് 2) രേഖപ്പെടുത്തി ചെക്ക് മെഷർ ചെയ്ത അളവ് $42.462M^3$ @ $168.36/M^3$ =7148.90 $M^3$ | $30.22M^3$ @ $5854.29/M^3$ | $30.22M^3$ – $2.266M^3$ =$27.954M^3$ 27.954M3@ $5854.29/M^3$ = ₹1,63,650.82 |

| | |
|---|---|
| **പ്രവൃത്തിയുടെ നാലാം ഇനം**<br>2) 1:4:8 (1 Cement: 4 Coarse Sand : 8 Graded Stone Aggregate 40 Mm Nominal Size).<br>എം. ബുക്കിൽ (206/15-16 പേജ് 4) രേഖപ്പെടുത്തി<br>ചെക്ക് മെഷർ ചെയ്ത അളവ്<br>2.266$M^3$@5854.29/$M^3$ =13265.82 $M^3$ | |
| ആകെ വ്യത്യാസം | ₹ 1,68,770.31 |

ടി പ്രവൃത്തിയുടെ ആകെ മൂല്യം കണക്കാക്കേണ്ടത് ₹7,26,737/- ആയിരിക്കെ മേൽ പറഞ്ഞ വ്യത്യാസം കണക്കിലെടുക്കാതെ ആകെ മൂല്യം നിശ്ചയിച്ചിരിക്കുന്നത് ₹8,95,508/-

(ഫൈനൽ ബിൽ എം. ബുക്ക് 206/15-16 Page 14 മുതൽ 24 വരെ)

യഥാസമയം സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച് കരാറുകാരന് തുക അനുവദിച്ചിരുന്നുവെങ്കിൽ അനുവദിക്കേണ്ടിയിരുന്ന തുക താഴെ പറയും പ്രകാരമാണ്.

പ്രവർത്തിയുടെ ആകെ മൂല്യം - ₹7,26,737

(-) വാറ്റ് 4% - ₹29,069

(-) IT 1% - ₹7,267

(-) KCWWF 1% - ₹7,267

കരാറുകാരന് നൽകേണ്ട തുക ₹6,83,134/-

കരാറുകാരൻ ഫയൽ ചെയ്ത കേസ്സിന്റെ അടിസ്ഥാനത്തിൽ കരാറുകാരന് തുക അനുവദിച്ചിരിക്കുന്നത് പ്രവൃത്തി മൂല്യം ₹9,46,351/- എന്ന് കണക്കാക്കിയാണ് ടി തുക അടിസ്ഥാനമാക്കിയാണ് വിവിധ നികുതികളും പലിശയും കണക്കാക്കിയിട്ടുള്ളത്.

പ്രവൃത്തി മൂല്യം ₹9,46,251/- എന്ന് നിശ്ചയിച്ചതിന്റെ കാരണം ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമല്ല. ടി തുകയും എം. ബുക്ക് പ്രകാരമുള്ള പ്രവൃത്തി മൂല്യവും തമ്മിൽ 2,19,514/-രൂപയുടെ (946251-726737) വ്യത്യാസം കാണുന്നു. കരാറുകാരന് കോടതി നിശ്ചയിച്ച പ്രകാരം പലിശ അനുവദിച്ചാൽ തന്നെ ആയതിന് അടിസ്ഥാനമാക്കേണ്ട തുക എം.ബുക്കിൽ നിശ്ചയിച്ചിട്ടുള്ള പ്രകാരം ₹6,83,134/- ആണ്.

കരാറുകാരന് നൽകേണ്ട തുക = 6,83,134/-

പലിശ 6%/വർഷം

23/06/2021 വരെ 6% % = 40,988/-

23/06/2022 വരെ 6% = 40,988/-

23/07/2022 വരെ = 3,416/-

ആകെ പലിശ = 85,392/-

കരാറുകാരന് അനുവദിച്ച പലിശ – 1,11,183/-

അധികം അനുവദിച്ച തുക – 25,791/- (111183-85392)

കോടതി വിധി പ്രകാരം നൽകേണ്ട സ്യൂട്ട് കോസ്റ്റ് = 2,06,201/-

ഇപ്രകാരം നഗരസഭാ കൗൺസിൽ ഭരണാനുമതിയും സാമ്പത്തികാനുമതിയും നൽകി 2015-16 ൽ നടപ്പാക്കിയ പ്രവൃത്തിക്ക് DPC അംഗീകാരം വാങ്ങി സമയബന്ധിതമായി ബിൽ തുക അനുവദിക്കാതിരുന്നതുമൂലം നഗരസഭാ ഫണ്ടിന് ₹5,36,718/- (1263455-726737) രൂപയുടെ അധിക ചെലവ് ഉണ്ടായതായി കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (23/2022-23 തീയതി 30.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. നഗരസഭയ്ക്ക് ടി അധിക ചെലവ് ഉണ്ടായതിന് ഉത്തരവാദികളായ വ്യക്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും 18/04/2022ലെ 2/1 കൗൺസിൽ തീരുമാനം നടപ്പാക്കിയതിലെ തൽസ്ഥിതി വിവരം അറിയിക്കേണ്ടതുമാണ്. നഗരസഭ അധികമായി ചെലവഴിച്ച തുകയായ 5,36,718/- രൂപ ഉത്തരവാദികളായവരിൽ നിന്ന് ഈടാക്കി നഗരസഭ ഫണ്ടിൽ ഒടുക്കി വിശദ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-62 മിനികോൺഫറൻസ് ഹാൾ നിർമ്മാണം - കോടതി ചെലവ് , പിഴ പലിശ നൽകിയത് - ഈടാക്കിയിട്ടില്ല

| | |
|---|---|
| പ്രവൃത്തിയുടെ പേര് | MGP-മിനികോൺഫറൻസ് ഹാൾ നിർമ്മാണം |
| അടങ്കൽ തുക | 7,65,891/- |
| കരാറുകാരൻ | ശ്രീ.മുഹമ്മദ് ഷാഫി |
| എഗ്രിമെന്റ് നമ്പർ | 1283/2005-06 |
| എം.ബുക്ക് നം. | 129/2005-06 |
| പ്രവൃത്തി മൂല്യം | 6,26,652/- |
| കരാറുകാരന് നൽകിയ തുക | 1) 4,73,040/- ( I$^{st}$ Part Bill) |
| | 2) 486788/15.10.2022 ₹3,34,832 (കോടതി ചെലവും പലിശയും ഉൾപ്പെടെ) |
| ആകെ തുക | 8,07,872/- (626652+ പലിശ 127497 + കോടതി ചെലവ് 53723/-) |
| കേസ് നമ്പർ/തീയ്യതി | OS No. 252/2017, 31.05.2021 |

കാസറഗോഡ് നഗരസഭ 2005-06ലെ MGP പദ്ധതിയിൽ ഉൾപ്പെടുത്തി നഗരസഭ ഓഫീസിൽ മിനി കോൺഫറൻസ് ഹാൾ നിർമ്മിക്കുന്നതിന് 4,73,040/- രൂപ
ബഹു. സർക്കാർ അനുവദിച്ചിരുന്നു. എന്നാൽ നിർമ്മാണ ഘട്ടത്തിൽ ചില മാറ്റങ്ങൾ വരുത്തേണ്ടി വന്നതുമൂലം 7,65,891/- രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുകയും ആയതിന് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിക്കുകയും തുടർന്ന് ആകെ 6,26,652/- രൂപ ചെലവഴിച്ച് പ്രവൃത്തി പൂർത്തിയാക്കുകയും ചെയ്തു.

പ്രവൃത്തി ചെയ്ത വകയിൽ കരാറുകാരനായ ശ്രീ. പി.എ. മുഹമ്മദ് ഷാഫി എന്നവർക്ക് 4,73,040/- രൂപ അനുവദിച്ചെങ്കിലും MGP ഫണ്ടിൽ തുക നീക്കിയിരിപ്പില്ലെന്ന സാങ്കേതികമായ കാരണം പറഞ്ഞത് മൂലം ബാക്കി തുകയായ 1,53,612/- രൂപ ടിയാന് നഗരസഭ അനുവദിച്ചില്ല. തുടർന്ന് ടിയാൻ ബഹു. കാസറഗോഡ് പ്രിൻസിപ്പൽ മുനിസിഫ് കോടതി മുമ്പാകെ OS No. 252/2017 പ്രകാരം കേസ് ഫയൽ ചെയ്യുകയും ബഹു. കാസറഗോഡ് പ്രിൻസിപ്പൽ മുനിസിഫ് കോടതി കരാറുകാരന് അനുകൂലമായി വിധി പുറപ്പെടുവിക്കുകയും ചെയ്തു. പ്രസ്തുത വിധി ന്യായത്തിൽ ശ്രീ. മുഹമ്മദ് ഷാഫിക്ക് ബാക്കി നല്കാനുള്ള 1,53,612/- രൂപയും ആയതിന് 01.09.2008 മുതൽ 6% പലിശയും കോടതി ചെലവും ഉൾപ്പെടെ 2 മാസം കാലാവധിക്കുള്ളിൽ നൽകുവാൻ നിർദ്ദേശിക്കുകയും ചെയ്തു.

കോടതി വിധിയുടെ അടിസ്ഥാനത്തിൽ തസ്വഭവ (ഡിസി) വകുപ്പ് പുറപ്പെടുവിച്ച 24.04.2022ലെ സ.ഉ(സാധാ)നം. 1009/2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം
ശ്രീ. പി.എ മുഹമ്മദ് ഷാഫി എന്നവർക്ക് ബാക്കി നൽകാനുള്ള 1,53,612/- രൂപായും 6% വീതം പലിശയും കോടതി

ചെലവുമടക്കം നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് ഉത്തരവാകുകയും അത് പ്രകാരം കരാറുകാരന് നൽകാനുള്ള തുകയായ 1,53,612/- രൂപയും 01.09.2008 മുതൽ 30.06.2022വരെയുള്ള പിഴപ്പലിശ 1,27,497/- രൂപയും, കോടതി ചെലവായ 53,723/- രൂപയും ഉൾപ്പെടെ ആകെ 3,34,832/- രൂപ നഗരസഭ (ചെക്ക് നമ്പർ 486788 തീയ്യതി 15.10.2022) പ്രകാരം നൽകുകയും ചെയ്തു.

കൂടാതെ മേൽ പറഞ്ഞ ഉത്തരവിൽ ഈ വിഷയത്തിൽ കാലതാമസം വരുത്തി പൊതുഖജനാവിന് നഷ്ടം വരുത്തിയവരെ കണ്ടെത്തുന്നതിനും ഉത്തരവാദപ്പെട്ടവരിൽ നിന്നും നഷ്ടം ഈടാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് കാസറഗോഡ് നഗസഭ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ നഗരസഭാ കൗൺസിലിന്റെ 27.05.2022ലെ 28-ാം നമ്പർ തീരുമാനം പ്രകാരം മിനി കോൺഫറൻസ് ഹാൾ നിർമ്മാണം നടത്തിയ കരാറുകാരന് സമയബന്ധിതമായി കരാർ തുക അനുവദിക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരിൽ നിന്നും പ്രസ്തുത തുക ഈടാക്കി തനത് ഫണ്ടിൽ ഒടുക്കുന്നതിന് നടപടി സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തീരുമാനം നാളിതുവരെയായി നടപ്പിലാക്കിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ടി വിഷയത്തിൽ നഗരസഭ സ്വീകരിച്ച തുടർനടപടികളുടെ വിവരം അറിയിക്കുന്നതിനും അതോടൊപ്പം പ്രസ്തുത കാര്യത്തിൽ വീഴ്ച വരുത്തിയതായി കണ്ടെത്തിയ ഉദ്യോഗസ്ഥരുടെ പേരും മേൽ വിലാസവും കൂടി ലഭ്യമാക്കുന്നതിന് നല്കിയ ഓഡിറ്റ് എൻക്വയറി (നം. 22/2022-23, തീയ്യതി 16.11.2023) ക്ക് മറപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത വിഷയത്തിന്മേൽ ഉത്തരവാദിയായ ഉദ്യോഗസ്ഥരെ കണ്ടെത്തി നഗരസഭയ്ക്ക് പലിശ ഇനത്തിലും കോടതി ചെലവിനത്തിലും ഉണ്ടായ നഷ്ടത്തുക 1,81,220/- (പലിശ 1,27,497+ കോടതി ചെലവ് 53,723 = 1,81,220 /-) തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-63 നഗരസഭയിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല

കാസറഗോഡ് നഗരസഭയിൽ നാളിതുവരെയായി ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല. പേമാരി, വെള്ളപ്പൊക്കം, പ്രകൃതി ക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതം അനുഭവിക്കുന്നവർക്കും നഗരസഭ പ്രദേശത്ത് നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിന് ഓരോ നഗരസഭയും നഗരസഭ കൗൺസിലിന്റെ ഒരു പ്രമേയം മൂലം നഗരസഭാ ഫണ്ടിൽ പ്രത്യേകം വരവ് വെച്ച് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കേണ്ടതാണ്. 2003 ലെ കേരള മുനിസിപ്പാലിറ്റി (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിൽ ഇതിന്റെ രൂപീകരണത്തിന് ധനം സ്വരൂപിക്കേണ്ട മാർഗ്ഗങ്ങളെയും വിനിയോഗത്തെയും കുറിച്ച് വിശദമായി പരാമർശിച്ചിട്ടുണ്ട്. നഗരസഭ ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച | സർട്ടിഫിക്കറ്റ് നമ്പർ/ തിയ്യതി |
|---|---|---|

| | | |
|---|---|---|
| | തിയ്യതി | |
| 2022-23 | 24.11.2023 മുതൽ 27.11.2023 വരെ | നം. കെഎസ്എ. കെഎസ്എം2/292/2023 തിയ്യതി- 22.12.2023 |

**4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം**

ഇല്ല

**4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ**

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | STREET LIGHT EXTENSION | 309, 15/03/2023 | 2089927 | 2060756 | 29,171 |
| KWA | PIPELINE EXTENSION | 33, 10/05/2022 | 4410000 | 4410000 | 0 |
| KWA (AMRUT) | DRINKING WATER FACILITY | 285, 30.03.2023 | 13312525 | 13312525 | 0 |

**4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ**

ഇല്ല

**4-5 വായ്പാ/വായ്പ തിരിച്ചടവ്**

**ഇല്ല**

**4-6 സ്ഥിരം നിക്ഷേപം**

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരം നിക്ഷേപം | 2029000 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 2029000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2029000 |

കുറിപ്പ്: തൻ വർഷത്തെ മുൻബാക്കിയായ 20,29,000/- രൂപ തന്നെയാണ് നീക്കിബാക്കിയായും കാണുന്നത്. പ്രസ്തുത തുകയുടെ പലിശ വരവ് പലിശയിനത്തിൽ അക്കൗണ്ടിൽ ഉൾപ്പെടുത്തിയതായോ ആകെ നിക്ഷേപ തുകയുടെ കൂടെ ഉൾപ്പെട്ടതായോ കാണുന്നില്ല.

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .**

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്) | തുക | റിമാർക്ക്സ് |
|---|---|---|---|
| 1 | ക്ലീൻ കേരള കമ്പനി ലിമിറ്റഡ്. | 19,89,000 | Equity Share ആയിട്ടാണ് നിക്ഷേപിച്ചത് എന്നാണ് സെക്ഷനിൽ നിന്ന് അറിയിച്ചത് . ഷെയർ സർട്ടിഫിക്കറ്റുകളോ ഇത് പരിശോധിക്കുന്നതിനാവശ്യമായ മറ്റ് രേഖകളോ ഹാജരാക്കിയില്ല. |
| 2 | കെ.യു.ആർ.ഡി.എഫ്.സി. (ഇക്വിറ്റി ഷെയർ)-290 എണ്ണം @100 (359241 മുതൽ 359530 വരെ) | 29,000 | |
| 3 | 2021-22 വർഷം അധികമായി വന്ന തുക (ഏത് ഇനത്തിൽപ്പെട്ട വരവാണ് എന്ന വിവരം ലഭ്യമാക്കിയിട്ടില്ല) | 11,000 | |
| ആകെ | | 2029000 | |

**4-7 ഓഡിറ്റ് റിക്കവറി.**

ഇല്ല

**4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ.**

| ക്രമ നം | റിപ്പോർട്ട് വർഷം ഖണ്ഡിക നമ്പർ | നിയമസഭാ സമിതിയുടെ ശുപാർശ/നിർദ്ദേശം | ഖണ്ഡിക |
|---|---|---|---|
| 1 | 2012-13 (3.1.17, 3.1.8) | തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ഖരമാലിന്യ പരിപാലനം 3.1.7 നിഗമനങ്ങൾ<br>3.1.8 ശുപാർശകൾ | നഗരസഭാ പരിധിയിലുള്ള വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഹരിതകർമ്മസേന ശേഖരിക്കുന്ന അജൈവ മാലിന്യത്തിന്റെ ഉറവിടം, അളവ് എന്നിവ സംബന്ധിച്ച വിവരങ്ങൾ ഹരിത കർമ്മസേന പ്രത്യേകം രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിച്ചുവരുന്നു.<br>നഗരസഭയിൽ മാലിന്യം നീക്കം ചെയ്യുന്നതിലേയ്ക്ക് ജി.പി.എസ് സംവിധാനങ്ങളോട്ടുകൂടിയ വാഹനങ്ങളാണ് ഉപയോഗിച്ച് വരുന്നത്.<br>നഗരസഭാ പ്രദേശത്തെ അജൈവ മാലിന്യങ്ങൾ ഹരിതകർമ്മസേന വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ചുവരുന്നു. |

| | | | | | |
|---|---|---|---|---|---|
| | | | | ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനായി വീടുകളിൽ ബയോ ബിൻ റിംഗ് കമ്പോസ്റ്റ് എന്നിവ നൽകി വരുന്നു.<br><br>പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ ഹരിതകർമ്മസേന ശേഖ രിച്ച് എം.ആർ.എഫ്-ൽ എത്തിച്ച് തരംതി രിച്ച് ബെയിലിങ് ഷ്രെഡ്ഡിംങ് ചെയ്തു വരുന്നു. ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കു ന്നതിനായി ബയോബിൻ റിംഗ് കമ്പോസ്റ്റ് എന്നിവ നൽകുന്നു.<br><br>ഖരമാലിന്യ ശേഖരണം, സംസ്കര ണം എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് നൽകുന്നതിനായി പദ്ധതിയിൽ ഉൾപ്പെടുത്തി സുരക്ഷാ, ശുചീകരണ സാധനങ്ങൾ വാങ്ങി നൽകിയിട്ടുള്ളതാണ്.<br><br>ഖരമാലിന്യ പരിപാലനത്തിനായി നഗരസഭയുടെ 38 വാർഡുകളിലും മിനി എം.സി.എഫ് സ്ഥാപിച്ചിട്ടുള്ളതാണ്. കൂടാതെ ജൈവ മാലിന്യ സംസ്കര ണത്തിനായി തുമ്പൂർമുഴി യൂണിറ്റ് സ്ഥാപി ച്ചിട്ടുണ്ട്.<br><br>ദ്രവമാലിന്യ സംസ്കരണത്തിന് എസ്.ഡി.പി സ്ഥാപിക്കുന്നതിലേയ്ക്ക് സ്ഥലം കണ്ടെത്തിയിട്ടുള്ളതും ആയത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീക രിച്ചു വരുന്നു.<br><br>ബയോഗ്യാസ് പ്ലാന്റുകൾ നിലവിൽ പ്രവൃത്തിച്ചു വരുന്നതാണ്. നഗരസഭയിൽ | |

| | | | | |
|---|---|---|---|---|
| | | | ഖരമാലിന്യ സംസ്കരണ പ്ലാന്റ് ഇല്ലാത്തതാണ്. നഗരസഭയ്ക്ക് ഖരമാലിന്യ സംസ്കരണ പ്ലാന്റ് ഇല്ലാത്തതാണ്.<br>മാലിന്യ പരിപാലനത്തിനായി വകയിരുത്തിയിരിക്കുന്ന ഫണ്ടുകളുടെ വിനിയോഗകാര്യക്ഷമത ഉറപ്പുവരുത്തിയി ട്ടുള്ളതാണ്.<br>ശുചിത്വമിഷന്റെ നിർദ്ദേശാനുസര ണമുള്ള പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നു.<br>ഖരമാലിന്യ സംസ്കരണത്തിന്റെ ഭാഗമായി നഗരസഭ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് , ശുചിത്വമിഷൻ എന്നിവ ഏകോപിച്ച് പ്രവർത്തിച്ചു വരുന്നു. മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ലഭ്യമാക്കിക്കൊണ്ടും ശുചിത്വമിഷൻ ഫണ്ട് വിനിയോഗിച്ചുകൊണ്ടും പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നു.<br>പൊതു സ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്നവരെ കണ്ടെത്തി നോട്ടീസ് നൽകിയും പിഴ ഈടാക്കിയും വരുന്നു. കൂടാതെ പൊതുജനങ്ങളിൽ ബോധവൽകരണ പ്രവർത്തനങ്ങളും നടപ്പിലാക്കുന്നുണ്ട്.<br>പ്ലാസ്റ്റിക് നിരോധനത്തിന്റെ ഭാഗമായി സ്ഥാപനങ്ങളിൽ സ്ക്വാഡ് പരിശോധന നടത്തുകയും നിരോധിത പ്ലാസ്റ്റിക്കും പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളും പിടിച്ചെടുകയും പിഴ ചുമത്തുകയും ചെയ്തു വരുന്നു. | |

| | | | | |
|---|---|---|---|---|
